# പൗളീനോസ് പാതിരിയുടെ കൃതികൾ



Fr. Pauline of St. Bartholome, O. C. D.,

എം. ഒ. ജോസഫ് നെടുങ്കുന്നം

# പൗലീനോസ്
# പാതിരിയുടെ കൃതികൾ

M/270.95483
NED

Malayalam

**Paulinus Padiri**

By

**M. O. Joseph, Nedumkunnam**

Printed at
L. F. I. Press, Thevara

First published 31st March 1973

Price Rs. 2

Published by
Janatha Books, Thevara, Cochin-13

Distributors

Janatha Book Stall
Thevara, Cochin-13

# പൗലീനോസ് പാതിരിയുടെ കൃതികൾ

ACHARYA PALACKAL JEEVASS KENDRAM
LIBRARY
15541

എം. ഒ. ജോസഫ്, നെടുങ്കുന്നം

ST. ANTONY'S MONASTERY, ALWAYE-KERALA.

വിതരണം

ജനതാ ബുക്ക് സ്റ്റാൾ
തേവര, കൊച്ചിൻ–13

വില: 2 രൂപ

## ഗ്രന്ഥകാരന്റെ വിമർശനപരമായ കൃതികൾ

അപ്നാദേശീയം

ഇന്നറിയപ്പെടുന്ന ക്രിസ്തു

കന്യാസ്ത്രീ

കേരള സഭാതാരങ്ങൾ

കേരളക്രിസ്ത്യാനികൾ

തച്ചിൽ മാത്തുത്തരകൻ

പ്രബന്ധരത്നാവലി

ഭാഷാപ്രേമികൾ

വീരരാഘവപ്പട്ടയം

സ്മരണാഞ്ജലി



പൗലീനോസ് പാതിരി

(1794–ൽ റോമയിൽ അച്ചടിച്ച 'ഇന്ത്യാ ഓറിയന്താലീസ് ക്രിസ്ത്യാനാ' എന്ന ഗ്രന്ഥത്തിന്റെ 24–ാം പുറത്തു് ചേർത്തിരിക്കുന്ന ചിത്രം.)

# ആമുഖം

1776 നവംബർ മാസത്തിൽ ഒരു മിഷനറിയായി കേരളത്തിലെത്തിയ ഒരു ആസ്ട്രിയൻ പണ്ഡിതനായിരുന്ന പൗലീനോസ് പാതിരി. കേരളത്തിൽ താമസിച്ച പതിമ്മൂന്നു കൊല്ലത്തിനുള്ളിൽ മലയാളം, തമിഴ്, സംസ്കൃതം മുതലായ പൗരസ്ത്യഭാഷകളിൽ പാണ്ഡിത്യം നേടുകയും ആ ഭാഷകളിൽ ശ്രദ്ധേയങ്ങളായ അനവധി ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. ബഹുഭാഷാപണ്ഡിതനായ അദ്ദേഹത്തിൻെറ കൃതികളെപ്പററിയുള്ള ഒരു പഠനമാണ് ഈ കൃതിയുടെ ആദ്യഭാഗം. ഇത്തരം സമഗ്രമായ ഒരു പഠനം ഇതിനുമുൻപ് ആരെങ്കിലും നടത്തിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ പ്രഥമഭാഗം ഏതാനും നാൾ മുമ്പ് മനോരമ ആഴ്ചപ്പതിപ്പിൽ ഖണ്ഡശഃപ്രസിദ്ധപ്പെടുത്തിയിരുന്നതാണ്. മനോരമാ ഭാരവാഹികളോട് എനിക്കുള്ള കൃതജ്ഞത ഇവിടെ സ്മരിച്ചുകൊള്ളട്ടെ.

ഈ പ്രബന്ധം തയാറാക്കുന്നതിൽ ആലുവാ പൊന്തിഫിക്കൽ സെമ്മിനാരി പ്രൊഫസർ ആയിരുന്ന പരേതനായ ഫാദർ ലാംബർട്ട് ഒ.സി.ഡി. ഇംഗ്ലീഷിൽ തയ്യാറാക്കിയിരുന്ന നോട്ടുകൾ എനിക്ക് അത്യധികം സഹായകമായിരുന്നിട്ടുണ്ട്. അതുപോലെതന്നെ ഡോ. പി. ജെ. തോമ്മസിൻെറ 'മലയാള സാഹിത്യവും ക്രിസ്ത്യാനികളും' എന്ന കൃതിയും. ആ പണ്ഡിതന്മാരോടു എനിക്കുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ കൃതിയുടെ ഉത്തരഭാഗം പൗലീനോസ് പാതിരിയുടെ പ്രഖ്യാതങ്ങളായ രണ്ടു ഗാനകൃതികളാണ്.—മാർ ത്രേസ്യാചരിതവും, ദേവസ്യഷഷ്ഠചിഹ്നഗാനവും. ഈ ഖണ്ഡകാവ്യങ്ങൾ ഇതേവരെ അപ്രകാശിതങ്ങളായിരുന്നു. [ഇവയിൽ മാർ ത്രേസ്യാചരിതം ഒരു വ്യാഴവട്ടം മുമ്പ്

കാർമ്മൽ മാസികയിൽ ഖണ്ഡശ: പ്രസിദ്ധീകരിച്ചിരുന്നു.] ദേവസ്യഷഷ്ഠിപൂർത്തിഗാനം ഇപ്പോൾ ആദ്യമായിട്ടാണു പ്രകാശിതമാകുന്നത്. തിരുവനന്തപുരം കാർമ്മൽഹിൽ സന്യാസാശ്രമത്തിൽ സൂക്ഷിച്ചിരിക്കുന്ന കൈയെഴുത്തുപ്രതിയിൽനിന്നുള്ള പകർപ്പാണിവ. ഇവ സദയം പകർത്തിത്തന്ന ആശ്രമാദ്ധ്യക്ഷനോടുള്ള നന്ദിയും ഇവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ഈ കൃതി തയ്യാറാക്കിയിട്ട് ഏതാനും വർഷങ്ങളായെങ്കിലും ഇപ്പോൾ മാത്രമേ പ്രകാശിപ്പിക്കുന്നതിനു സാധിച്ചുള്ളു. ഇതിൻെറ പ്രസിദ്ധീകരണത്തിനു ഉദാരമായ സാമ്പത്തികസഹായം നല്കിയ കേരള സാഹിത്യ അക്കാദമിയോടും ഇതിൻെറ പ്രസിദ്ധീകരണചുമതല ഏറ്റെടുത്ത ജനതാബുക്ക്സ്റ്റാൾ പ്രവർത്തകരോടും എനിക്കുള്ള കൃതജ്ഞത വാചാമഗോചരമാകുന്നു.

നെടുങ്കുന്നം,
31–3–1973

**എം. ഒ. ജോസഫ്,**
**നെടുങ്കുന്നം**

ACHARYA P... KAL ... S KENDRA LIBRARY

# പൗലീനോസ് പാതിരിയുടെ കൃതികൾ

പതിനഞ്ചാം നൂററാണ്ടിനുശേഷം ഭാരതത്തിലെത്തിയ പാശ്ചാത്യരിൽ ഒരു വിഭാഗം നമ്മുടെ സാദരസ്മരണയെ അർഹിക്കുന്നുണ്ട്. ഇവിടെവന്നു് ഇവിടത്തെ ഭാഷകൾ പഠിക്കുകയും ആ ഭാഷകളിൽ ശാസ്ത്രഗ്രന്ഥങ്ങളും സാഹിത്യകൃതികളും രചിക്കുകയും, അവവഴി ഈ നാടിന്റെ സംസ്കാരത്തെയും നേട്ടങ്ങളെയും വിദേശങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്ത മനീഷികളാണവർ. പതിനെട്ടും പത്തൊൻപതും നൂററാണ്ടുകളിൽ ഇത്തരം പണ്ഡിതന്മാരുടെ ഒരു പ്രവാഹംതന്നെ ഭാരതത്തിലേക്കുണ്ടായിട്ടുണ്ട്. അവരിൽ പാണ്ഡിത്യംകൊണ്ടു നോക്കിയാൽ പ്രഥമഗണനീയൻ പൗലീനോസു പാതിരിയാണെന്നു തോന്നുന്നു. വളരെ ചുരുങ്ങിയ ഒരു കാലമേ അദ്ദേഹം കേരളത്തിൽ താമസിച്ചുള്ളുവെങ്കിലും, അതിനിടയിൽ സംഭരിച്ച ജ്ഞാനം യൂറോപ്യന്മാരുടെ അറിവിനായി അവരുടെ ഭാഷകളിൽ എഴുതി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ദേശചരിത്രം, സമുദായചരിത്രം, ഭാഷാശാസ്ത്രം മുതലായ വിഷയങ്ങളിൽ അദ്ദേഹം നേടിയിരുന്ന ജ്ഞാനം അങ്ങനെ വിദേശികൾക്കും ലഭിക്കുന്നതിനിടവന്നു. കേരളത്തെയും കേരളീയരെയും പാശ്ചാത്യരുടെ ശ്രദ്ധയ്ക്കും പഠനത്തിനും വിഷയീഭവിപ്പിച്ച ഒരു മഹാനാണദ്ദേഹം. അതിനുംപുറമേ സംസ്കൃതഭാഷയ്ക്കും മലയാളസാഹിത്യത്തിനും അദ്ദേഹം നല്കിയിട്ടുള്ള സംഭാവനകളും സ്മരിക്കേണ്ടതുണ്ട്.

## ഉള്ളൂരിന്റെ അഭിനന്ദനങ്ങൾ

മഹാകവി ഉള്ളൂർ പരമേശ്വരയ്യർ അദ്ദേഹത്തിന്റെ കേരള സാഹിത്യചരിത്രത്തിൽ ഈ പണ്ഡിതന്റെ സേവനങ്ങളെ ഇങ്ങനെ അഭിനന്ദിച്ചിരിക്കുന്നു: 'സതതോ

ത്ഥായിയായിരുന്ന ഈ പാതിരിക്കു പല ഭാഷകളിലും അവയിലെ സാഹിത്യങ്ങളിലുമുണ്ടായിരുന്ന അന്യാദൃശമായ പാണ്ഡിത്യം ആരെയും വിസ്മയിപ്പിച്ചിരുന്നു. കേരളത്തിൽ വന്നിട്ടുള്ള പാശ്ചാത്യമിഷനറിമാരിൽ അദ്ദേഹത്തെക്കാൾ വൈദുഷ്യം സമ്പാദിച്ചവർ ആരുംതന്നെ ഉണ്ടായിരുന്നില്ലെന്നു ധൈര്യമായി പറയാം....പ്രായേണ ലത്തീൻഭാഷയിലാണു പൗലീനോസ് തന്റെ കൃതികൾ നിർമ്മിച്ചിട്ടുള്ളതെങ്കിലും അവയിൽ സന്ദർഭവശാൽ പല മലയാളം വാക്കുകളും ഇടകലർത്തീട്ടുണ്ട്. ആധുനിക രീതിയിലുള്ള ഭാഷാശാസ്ത്രപഠനരീതിയുടെ ഉപജ്ഞാതാക്കന്മാരിൽ പ്രഥമഗണനീയനായി പൗലീനോസിനെ പരിഗണിക്കേണ്ടതാണ്.... ഭാഷയുടെ പരമോപകർത്താക്കളിൽ പൗലീനോസ് പാതിരി പരിലസിക്കുന്നു. നൂററൻപതു കൊല്ലങ്ങൾക്കു മുൻപു മലയാളം എന്നൊരു ഭാഷയും അതിനു മനോഹരമായ ഒരു സാഹിത്യവുമുണ്ടെന്നു യൂറോപ്യന്മാരെ മനസ്സിലാക്കിയതു് അദ്ദേഹമാണ്....' (കേരള സാഹിത്യചരിത്രം, 3, 670—673).

## ജീവചരിത്രം

മഹാനായ ഈ പണ്ഡിതന്റെ ജന്മദേശം ആസ്ട്രിയ ആണ്. ദക്ഷിണ ആസ്ട്രിയായിൽ ലീത്താ ഗബിർഗ്ഗ് എന്ന പർവ്വതപ്രദേശത്തിനടുത്തുള്ള ഹോഫ് എന്ന നഗരത്തിൽ, കൃഷ്കവർഗ്ഗത്തിൽപ്പെട്ട വെസ്ഡിൻ എന്ന കുടുംബത്തിൽ, 1748 ഏപ്രിൽ 28—ാം തീയതി അദ്ദേഹം ഭൂജാതനായി. ഫിലിപ്പ് വെസ്ഡിൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേരു്. ജസ്വീററു സന്യാസികൾ ഓഡൻബർഗ്ഗ്, റാബ് എന്നീ സ്ഥലങ്ങളിൽ നടത്തിക്കൊണ്ടിരുന്ന കലാലയങ്ങളിൽ അദ്ദേഹം വിദ്യാഭ്യാസം ചെയ്തു. അനന്തരം കർമ്മലീത്താ സന്യാസസഭയിൽ ഒരംഗമായി ചേർന്ന് പൗലീനോസ് ദെ സാൻ ബർത്തലോമിയോ എന്ന പേരു സ്വീകരിച്ചു. പൗലീനോസ് എന്ന പേരിലാണു പണ്ഡിതലോകം അദ്ദേഹത്തെ അറിയുന്നതു്. 1769 ഓഗസ്റ്റ് 21—ാംതീയതി സന്യാസവ്രതം വാ

ദാനംചെയ്തു. അനന്തരം പ്രസ്തുത സന്യാസിമാർ പ്രേഗിൽ നടത്തിയിരുന്ന കോളെജിലും, 1773–ൽ റോമയിൽ വിശുദ്ധ പംക്രേഷ്യസിൻെറ നാമത്തിലുള്ള സെമിനാരിയിലും ചേർന്നു തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച് ഒരു വൈദികനായി.

## കേരളത്തിൽ

1774 മാർച്ച് മാസത്തിൽ ഫാദർ പൗലീനോസ് കേരളത്തിലെ മിഷൻ പ്രവർത്തനരംഗത്തേക്കു നിയോഗിക്കപ്പെട്ടു. പത്തു വർഷം കേരളത്തിൽ സേവനം ചെയ്യുവാനാണു പ്രോപ്പഗന്താ തിരുസംഘം അദ്ദേഹത്തോടാവശ്യപ്പെട്ടതു്. കേരളത്തിലേക്കു യാത്ര തിരിക്കുന്നതിനായി പ്രസ്തുത വർഷം മെയ് മാസത്തിൽ അദ്ദേഹം റോമിൽനിന്നു പോർട്ടുഗലിൻെറ തലസ്ഥാനമായ ലിസ്ബൺ പട്ടണത്തിലെത്തി. പക്ഷേ, പതിമൂന്നു മാസങ്ങൾക്കു ശേഷമേ അവിടെനിന്നു പുറപ്പെടുന്നതിനു സാധിച്ചുള്ളു. 1776 ജൂലൈ 25–ാംതീയതി പോണ്ടിച്ചേരിയിലും, നവംബർ 21–ാംതീയതി വരാപ്പുഴയിലും വന്നുചേർന്നു. അടുത്ത പതിമൂന്നു വർഷക്കാലം അദ്ദേഹത്തിൻെറ പ്രവർത്തനരംഗം കേരളമായിരുന്നു. 'ഇന്ത്യൻ മിഷനുകളുടെ ചരിത്രത്തിലെ ഏററവും കുഴപ്പംപിടിച്ച ഒരു ഘട്ടം' എന്നാണു പ്രസ്തുത കാലഘട്ടത്തെ ഒരു ചരിത്രകാരൻ വിശേഷിപ്പിച്ചിരിക്കുന്നതു്.

ആദ്യം ഒരു സാധാരണ മിഷനറിയായിട്ടാണ് അദ്ദേഹം ജോലി ചെയ്തതു്. പിന്നീടു രണ്ടുകൊല്ലം അഞ്ചുതെങ്ങു പള്ളിയുടെ വികാരിയായിരുന്നു. 'ഒരായിരം വക്കാണങ്ങളുടെ ഇടയിൽ' അദ്ദേഹം ആ ജോലി നിർവ്വഹിച്ചു. 1779 സെപ്ററംബർ 8–ാംതീയതി ഇന്നത്തെ മംഗലപ്പുഴ സെമ്മിനാരിയുടെ പൂർവ്വഗാമിയായ വരാപ്പുഴ സെമ്മിനാരിയുടെ റെക്ടർ ആയി നിയമിതനായി. മൂന്നു വർഷക്കാലത്തിലധികം ആ ജോലിയിൽ വ്യാപൃതനായിരുന്നു. 1782 മുതൽ വരാപ്പുഴ രൂപതയുടെ വികാരി ജനറാളും

അപ്പസ്തോലിക് വിസിററുമായി. അടുത്ത ഏഴു വർഷം അദ്ദേഹം വരാപ്പുഴ തന്നെയായിരുന്നു താമസം. മതപരവും സിവിൽസംബന്ധവുമായ വ്യവഹാരങ്ങൾക്കുവേണ്ടി അദ്ദേഹത്തിനു തൻെറ സമയമധികവും ചെലവഴിക്കേണ്ടിവന്നു. 'ഒരു അക്രൈസ്തവരാജാവായ തിരുവിതാംകൂർ മഹാരാജാവു് എന്നോടു തുടരെ ചോദിച്ചു; ഒരേ ദൈവത്തിൽ വിശ്വസിക്കുകയും ഒരേ നിയമം അനുസരിക്കുകയും, ഒരേ മതാദ്ധ്യക്ഷൻെറ കീഴിൽ വർത്തിക്കുകയും ചെയ്യുന്ന കത്തോലിക്കാ പുരോഹിതന്മാരുടെയും ജനങ്ങളുടെയും ഇടയിൽ എങ്ങനെ ഇത്രയധികം വ്യവഹാരങ്ങളുണ്ടായിത്തീരുന്നു' എന്നു പൗലീനോസുതന്നെ രേഖപ്പെടുത്തീട്ടുണ്ടു്. ഈ വ്യവഹാരങ്ങളിലും വഴക്കുകളിലും ശ്രദ്ധ ചെലുത്തേണ്ടിവന്നിട്ടും സാഹിത്യപരിശ്രമങ്ങളിലേർപ്പെടുവാൻ അദ്ദേഹത്തിനു സമയം ലഭിച്ചു. വളരെയേറെ കൃതികൾ രചിക്കുകയും ചെയ്തു.

കേരളത്തിലെ മിഷൻ പ്രവർത്തനങ്ങളെ സംബന്ധിച്ചു മേലധികാരികൾക്കു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഫാദർ പൗലീനോസ് 1789 മാർച്ച് 12–ാംതീയതി കൊച്ചിയിൽനിന്നു യൂറോപ്പിലേക്കു പുറപ്പെട്ടു. പ്രസ്തുത വർഷം സെപ്ററംബർ 28–ാംതീയതി ഫ്രാൻസിൽ ബ്രസ്റ്റ് എന്ന തുറമുഖത്തു കപ്പലിൽ നിന്നിറങ്ങി. പിറേറക്കൊല്ലം ആദ്യം റോമയിൽ എത്തുകയും ചെയ്തു. അദ്ദേഹം യൂറോപ്പിലെത്തിയ കാലത്താണു ഫ്രഞ്ചുവിപ്ലവം പൊട്ടിപ്പുറപ്പെട്ടതു്. തന്മൂലം റോമയിൽത്തന്നെ താമസിക്കുവാൻ അദ്ദേഹം നിർബ്ബന്ധിതനായി. ഈ അവസരത്തിൽ പല ഉദ്യോഗങ്ങൾ വഹിക്കുകയും, മിഷനറിമാർക്കു് അത്യന്താപേക്ഷിതങ്ങളായ ഗ്രന്ഥങ്ങൾ അച്ചടിപ്പിക്കുന്ന ജോലി ഭരമേല്ക്കുകയും ചെയ്തു. റോമയിൽ വിദേശ മിഷനറിമാർക്കു പരിശീലനം നല്കുന്ന സെമ്മിനാരിയിൽ പൗരസ്ത്യഭാഷാ പ്രൊഫസ്സറായി 1790-ൽ അദ്ദേഹം നിയമിതനായി. അടുത്ത വർഷം വെല്ലത്രി അക്കാദമിയുടെ ഫെല്ലോ ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1798–ൽ നേപ്പിൾസിലെ റോയൽ അക്കാദമിയുടെ ഫെല്ലോയായി.

1798–ൽ ഫ്രഞ്ചുപട്ടാളം റോമാനഗരം കീഴടക്കിയപ്പോഠം പ്രാണരക്ഷാൎത്ഥം പലായനം ചെയ്യുവാൻ പൗലീനോസ് നിർബന്ധിതനായി. ഏപ്രിൽ 4–ാംതീയതി വെനീസ്‌വഴി അദ്ദേഹം വീയെന്നായിലെത്തി. പിറേറക്കൊല്ലം ഫെബ്രുവരി മാസത്തിൽ അദ്ദേഹം അവിടെനിന്നു പാദുവാ നഗരത്തിലെത്തി. പാദുവായിലെ പബ്ലിക് ലൈബ്രറിയുടെ ലൈബ്രേറിയനായി പൗലീനോസ് നിയമിക്കപ്പെട്ടു. അടുത്ത വർഷം പാദുവാ റോയൽ അക്കാദമിയുടെ ഫെല്ലോ ആയി തിരഞ്ഞെടുക്കപ്പെട്ടു. 1800 മെയ് 13–ാംതീയതി 'സേക്രഡ് കോൺഗ്രിഗേഷൻ ഓഫ് ദി ഇൻഡക്സ്' എന്ന തിരുസ്സംഘത്തിൻെറ 'കൺസൾട്ടർ' എന്ന മഹനീയ പദവിയിലേക്കു് ഉയൎത്തപ്പെട്ടു. ഒരു മാസത്തിനകം അദ്ദേഹം റോമയിൽ തിരിച്ചെത്തി.

## സെമ്മിനാരി പുനരുദ്ധാരണം

ഉടൻതന്നെ ഫ്രഞ്ചുപട്ടാളം നശിപ്പിച്ചുകളഞ്ഞ വിശുദ്ധ പംക്രേഷ്യസിൻെറ മിഷൻ സെമ്മിനാരി പുനരുദ്ധരിക്കുന്ന വേലയിൽ വ്യാപൃതനായി. അതിൻെറ പ്രസിഡൻറായി അദ്ദേഹം നിയമിക്കപ്പെട്ടു. 1803 മാർച്ച് 24–ാം തീയതി പ്രോപ്പഗാന്താ തിരുസ്സംഘംവക ഉർബാൻ കോളെജിൽ പ്രീഫെക്ടായിട്ടും, നാലു മാസങ്ങഠംക്കുശേഷം മിഷൻ സെമ്മിനാരിയുടെ റെക്ടർ ആയിട്ടും നിയമിതനായി. ഇതിനിടയിൽ ചില തിരുസംഘങ്ങളുടെ ആലോചനക്കാരനായും പല വിദ്വൽ പരിഷത്തുകളുടെയും അംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. പാരീസിലെയും നേപ്പിഠംസിലെയും 'അക്കാദമി ഓഫ് സയൻസ്' എന്ന ശാസ്ത്രജ്ഞസംഘങ്ങളുടെ അംഗമായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

1805-ൽ ആരോഗ്യപരമായ കാരണങ്ങളാൽ മിഷൻ സെമ്മിനാരിയുടെ പ്രസിഡൻറുസ്ഥാനം അദ്ദേഹം രാജിവച്ചു. പിറേറവർഷം ഫെബ്രുവരി 7–ാംനു 58–ാമത്തെ

വയസ്സിൽ, കരാംസംബന്ധമായ രോഗം നിമിത്തം, റോമയിലെ സാന്താമരിയാ ദെ ലാസ്സലാ എന്ന കർമ്മലീത്താ ആശ്രമത്തിൽവച്ച് അദ്ദേഹം നിര്യാതനായി. സാഹിത്യപരമായും സഭാസംബന്ധമായും ചെയ്തിട്ടുള്ള സേവനങ്ങളെ അഭിനന്ദിച്ച മാർപ്പാപ്പാ അദ്ദേഹത്തിന 'വികാരി അപ്പസ്തോലിക്' എന്ന സ്ഥാനം നല്കി ബഹുമാനിച്ചിരുന്നു. പ്രൊപ്പഗാന്താ തിരുസംഘംവക മന്ദിരത്തിൽ ലോകത്തിലെ അതിപ്രശസ്തരായ മിഷനറിമാരോടൊപ്പം അദ്ദേഹത്തിൻെറയും ചിത്രം അനാച്ഛാദനം ചെയ്തിട്ടുണ്ട്. വീയെന്നായിലെ അദ്ദേഹത്തിൻെറ ജന്മഗൃഹത്തിൻെറ മുകപ്പിൽ ആസ്ട്രിയായിലെ ഇംപീരിയൽ ഇൻസ്ററിററ്യൂട്ട് സ്ഥാപിച്ചിട്ടുള്ള സ്മാരകഫലകത്തിൽ അദ്ദേഹത്തെപ്പററി രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്: 'അഖില ആസ്ട്രിയായുടെ മഹത്വവും ബഹുമാനവും.'

## രാജകീയ ഗുരു

പൗലീനോസ് പാതിരി വളരെ ചുരുങ്ങിയ കാലം മാത്രമേ കേരളത്തിൽ താമസിക്കുകയുണ്ടായുള്ളുവെങ്കിലും പ്രസ്താവാർഹങ്ങളായ പല സംരംഭങ്ങളിലും അദ്ദേഹം ഭാഗഭാക്കാകുകയുണ്ടായി. തിരുവിതാംകൂറിലെ കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവുമായി പൗലീനോസ് സൗഹാർദ്ദത്തിലായിരുന്നുവെന്നു മാത്രമല്ല, ആ മഹാരാജാവ് അദ്ദേഹത്തെ ഒരു ഗുരുവിനെപ്പോലെ ആദരിക്കുകയും ചെയ്തിരുന്നു. പതിനാലാം ക്ലെമൻറ് മാർപ്പാപ്പാ തിരുവിതാംകൂർ മഹാരാജാവിന് ഒരു തിരുവെഴുത്ത് അയച്ചിരുന്നു. പൗലീനോസ് പാതിരിയും അദ്ദേഹത്തിൻെറ സഹവർത്തിയായിരുന്ന ക്ലെമൻറ് പിയാനിസ് പാതിരിയുംകൂടി 1780 ജൂൺ 20-ാംതീയതി തിരുവനന്തപുരത്തു ചെന്ന് ആ തിരുവെഴുത്തു മഹാരാജാവിനെ നേരിട്ട് ഏല്പിക്കുകയുണ്ടായി. വരാപ്പുഴയിലെ കർമ്മലീത്താ സന്യാസാശ്രമത്തിന കരമൊഴിവായി വിട്ടുകിട്ടിയിരുന്ന വസ്തുവിന് അവിടെ അധികാരമുണ്ടായിരുന്ന പാർവത്യക്കാ

രൻ നികുതി ചുമത്തിയതിനെ സംബന്ധിച്ചുള്ള ഒരു പരാതി ഹർജിയും, ഒരു വലിയ മുഖക്കണ്ണാടി, രണ്ടുകുത്തു യൂറോപ്യൻ പട്ട്, പതിനഞ്ചു റാത്തൽ രക്തചന്ദനം, പന്ത്രണ്ടുകുപ്പി പേർഷ്യൻ പനിനീർ മുതലായ ഉപഹാരങ്ങളും മഹാരാജാവിന്ന് അവർ സമർപ്പിച്ചു.

## സ്വീകരണം

മാർപ്പാപ്പാ തിരുമനസ്സിലെ പ്രതിനിധികളായി ചെന്നിരുന്ന അവരെ കോട്ടവാതുക്കൽ വച്ചുതന്നെ സേനാനായകൻ സ്വീകരിച്ചു രാജസന്നിധിയിലേയ്ക്കു് ആനയിച്ചു. ആ തിരുവെഴുത്തു സ്വീകരണവേളയിൽ പതിനഞ്ചു് ആചാരവെടികൾ മുഴങ്ങി. മഹാരാജാവു തിരുമനസ്സുകൊണ്ടു് അവർക്കു് ഒരു രാജകീയ വിരുന്നു നല്കുകയും, അവരുടെ ആവലാതികൾക്കെല്ലാം പരിഹാരമുണ്ടാക്കുകയും ചെയ്തു. പൗലീനോസ് പാതിരിയുടെ നാനാ ഭാഷകളിലും വിഷയങ്ങളിലുമുള്ള പാണ്ഡിത്യം ഈ അഭിമുഖ സന്ദർശനവേളയിൽ മഹാരാജാവിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. പാതിരി ശുദ്ധ മലയാളം സംസാരിക്കുന്നതും അദ്ദേഹം അമരകോശം മുതലായ സംസ്കൃതഗ്രന്ഥങ്ങൾ പഠിച്ചിട്ടുണ്ടെന്നുള്ളതും മഹാരാജാവിനു സന്തോഷമുളവാക്കിയ സംഗതികളായിരുന്നു.

സന്തുഷ്ടചിത്തനായ മഹാരാജാവാകട്ടെ, കുറച്ചുകാലം കോട്ടയ്ക്കകത്തു താമസിച്ചു തന്നെ ഇംഗ്ലീഷും മററു പാശ്ചാത്യഭാഷകളും പഠിപ്പിക്കാമോയെന്നു പാതിരിയോടു ചോദിച്ചു. അതനുസരിച്ചു പൗലീനോസ് കുറച്ചുകാലം തിരുവനന്തപുരത്തു താമസിച്ചു് ഇംഗ്ലീഷ്‌വ്യാകരണം പഠിക്കുന്നതിൽ മഹാരാജാവിനെ സഹായിച്ചു. കാർത്തികതിരുനാൾ അദ്ദേഹത്തെ 'ഗുരു' എന്നാണു വിളിച്ചിരുന്നതു്. പക്ഷേ, ചില രാജസേവകർ തനിക്കെതിരായി ഏഷണി പ്രചരിപ്പിക്കുന്നുവെന്നു മനസ്സിലാക്കിയപ്പോൾ, പാതിരി മഹാരാജാവിനോടു് അനുവാദവും വാങ്ങിക്കൊണ്ടു വരാപ്പുഴയ്ക്കുതന്നെ മടങ്ങിപ്പോന്നു. യാത്രാവസരത്തിൽ

മഹാരാജാവു തൻെറ ഗുരുവിന്ന വീരശൃംഖല മുതലായ സമ്മാനങ്ങരം കല്പിച്ചുകൊടുക്കുകയുമുണ്ടായി.

പിന്നീടു പല പ്രാവശ്യം ഫാദർ പൗലീനോസ് മഹാരാജാവിനെ സന്ദർശിച്ചിട്ടുണ്ടു്. അദ്ദേഹം ഒരു മലയാളം—ഇംഗ്ലീഷ്—പോർത്തുഗീസ് വ്യാകരണം തയ്യാറാക്കിയതു് ഈ മഹാരാജാവിന്നുവേണ്ടിയും മഹാരാജാവിൻെറ ആവശ്യപ്രകാരവുമായിരുന്നു. മാർത്താണ്ഡവർമ്മ, രാമവർമ്മ ഈ മഹാരാജാക്കന്മാരെപ്പററിയും അവരുടെ കാലത്തു രാജ്യത്തിന്നുണ്ടായ ബഹുമുഖമായ അഭിവൃദ്ധികളെപ്പററിയും പൗലീനോസ് 'പൗരസ്ത്യഭാരതത്തിലെ ക്രിസ്തുമതം', 'പൗരസ്ത്യഭാരതത്തിലേക്കുള്ള യാത്ര' മുതലായ ഗ്രന്ഥങ്ങളിൽ സമഗ്രമായി പ്രതിപാദിക്കുന്നുണ്ടു്. പ്രസ്തുത ഗ്രന്ഥങ്ങളിൽനിന്നു കേരളത്തിൻെറ പൂർവ്വചരിത്രം സംബന്ധിച്ചു് അനേകം സംഗതികരം ചരിത്ര വിദ്യാർത്ഥികരംക്കു ഗ്രഹിക്കുവാൻ സാധിക്കും.

## ഹൃദ്യതരമല്ലാത്ത ബന്ധം

എന്നാൽ, കേരളത്തിലെ സുറിയാനിക്കത്തോലിക്കരുമായി പൗലീനോസിന്നുണ്ടായിരുന്ന ബന്ധം അത്ര ഹൃദ്യതരമായിരുന്നില്ല. സുറിയാനിക്കത്തോലിക്കർ അന്നു സ്വന്തം ജാതിയിൽ ഒരു ഭരണാധികാരിയെ (മെത്രാനെ) ലഭിക്കുന്നതിന്നും, അങ്ങനെ വൈദേശികമേധാവിത്വം അവസാനിപ്പിക്കുന്നതിന്നും, യാക്കോബായ സമുദായവുമായി യോജിപ്പിലെത്തുന്നതിന്നും തീവ്രയത്നം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഇവ സാധിച്ചാൽ വരാപ്പുഴയിലെ കർമ്മലീത്താ സന്യാസിമാക്കു സുറിയാനി ക്രിസ്ത്യാനികളുടെ മേലുണ്ടായിരുന്ന പരമാധികാരം അതിനാൽ തന്നെ ഇല്ലാതാകുന്നതാണു്. അതുകൊണ്ടാണു സുറിയാനി കത്തോലിക്കരുടെ സ്വയംഭരണവാദത്തെ സമചിത്തതയോടെ വീക്ഷിക്കുവാൻ അദ്ദേഹത്തിന്ന സാധിക്കാതെപോയതു്. ഈ വിപ്രതിപത്തിമൂലം സുറിയാനിക്കാക്കെതിരായി ഉന്നതസ്ഥാനങ്ങളിൽ ശുപാർശകരം ചെയ്യുന്ന

തിനും തൻെറ ഗ്രന്ഥങ്ങളിൽ ആ സമുദായത്തെ തെററായി ചിത്രീകരിക്കുന്നതിലും അദ്ദേഹം അലംഭാവം കാണിച്ചില്ല. മഹാപണ്ഡിതനായ അദ്ദേഹത്തെയും മനുഷ്യസഹജമായ ഒരു ബലഹീനത ബാധിച്ചുവെന്നേയുള്ളു.

പൗലീനോസ് ഒരു സംസ്കൃത പണ്ഡിതനും വൈയാകരണനുമായിരുന്നുവെന്നു പറഞ്ഞുവല്ലോ. ആദ്യമായി ഒരു സംസ്കൃതവ്യാകരണം—എന്തിന് ഒരു സംസ്കൃത കൃതിതന്നെ—അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതു പൗലീനോസാണ്. അദ്ദേഹത്തിൻെറ കൈയെഴുത്തു പ്രതികളുടെ കൂട്ടത്തിൽ 1778, 1780, 1782 ഈ കൊല്ലങ്ങളിൽ എഴുതപ്പെട്ട മൂന്നു സംസ്കൃതവ്യാകരണങ്ങളുടെ പകപ്പുകാം കാൺമാനുണ്ട്. ഇവയിൽ ആദ്യത്തേതു് അദ്ദേഹം ഇന്ത്യയിലെത്തി രണ്ടു കൊല്ലത്തിനുള്ളിൽ എഴുതിയതാണ്. ഇതിനും പുറമേ അദ്ദേഹത്തിൻെറ കൈയെഴുത്തു പ്രതികളുടെ കൂട്ടത്തിൽ രണ്ടു തമിഴ് വ്യാകരണങ്ങളും ഒരു മലയാളവ്യാകരണവും ഒരു സുറിയാനിവ്യാകരണവും ഒരു ഗ്രീക്കുവ്യാകരണവും ഉൾപ്പെടുന്നുണ്ട്.

അദ്ദേഹം റോമയിലെത്തിയ കൊല്ലത്തിൽ (1790—ൻെറ ആരംഭത്തിൽ) തന്നെ തൻെറ ആദ്യത്തെ വ്യാകരണം—ഒരു സംസ്കൃത വ്യാകരണ സംഗ്രഹം—പൂർത്തിയാക്കി. പ്രൊപ്പഗാന്താതിരുസംഘം അതു സംസ്കൃതഭാഷയെപ്പററിയുള്ള പൗലീനോസിൻെറ ചരിത്രപരവും വിമർശനാത്മകവുമായ ഒരു പ്രബന്ധവുമൊന്നിച്ച്, ഒരു പുസ്തകമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. അച്ചടിയിലും പ്രസാധനത്തിലും അതിമനോഹരമായ ഒരു പ്രസിദ്ധീകരണമാണിതു്. പഴയ മലയാളം, (ഗ്രന്ഥാക്ഷരം) തെലുങ്ക്, രണ്ടുതരം നാഗരലിപികാം, ടിബററൻ ഭാഷാലിപി എന്നിവ ഉൾപ്പെടെ അനേകം ലിപികാം ഈ ഗ്രന്ഥത്തിൻെറ മുദ്രണത്തിനു് ഉപയോഗിച്ചിട്ടുണ്ട്. ഈ വ്യാകരണത്തിൻെറ പേരു് 'സിദ്ധരൂപം' എന്നാണ്. ടൈററിൽ പേജിൽ 1790 എന്നു് അച്ചടിച്ചിട്ടുണ്ടെങ്കിലും, 79—ാം പുറത്തു ചേർത്തിരിക്കുന്ന 'അംഗീകാര'ത്തിൻെറ തീയതി

1791 ജനുവരി 23 ആണ്. ആദ്യമായി അച്ചടിക്കപ്പെട്ട സംസ്കൃതവ്യാകരണം ഇതാകുന്നു.

മാക്സ്മുള്ളർ അദ്ദേഹത്തിൻെറ പ്രഭാഷണങ്ങളുടെ 1861–ലെ പതിപ്പിലും 1891–ലെ പതിപ്പിലും പൗലീനോസിൻെറ വ്യാകരണത്തെപ്പററി പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണ്. 'അദ്ദേഹത്തിൻെറ വ്യാകരണം കക്ശമായ വിമർശനത്തിനു വിഷയമായിട്ടുണ്ടെങ്കിലും, ഇപ്പോഠം ആരും അതു് ആധികാരികമായി സ്വീകരിക്കുന്നില്ലെങ്കിലും, ഏതു ഭാഷയുടെയും ആദ്യവ്യാകരണത്തിനു പില്ക്കാല വ്യാകരണങ്ങളേക്കാഠം അപരിമിതമായ വളരെയേറെ വിഷമങ്ങഠം തരണം ചെയ്യേണ്ടതുണ്ടെന്നു് അനുസ്മരിക്കുന്നതു നന്നായിരിക്കും.' മാക്സ്മുള്ളർ ഇങ്ങനെ പറഞ്ഞിരുന്നാലും പൗലീനോസിനു് അപരിമിതമായ അത്രയേറെ വിഷമങ്ങഠം യഥാർത്ഥത്തിൽ ഉണ്ടായിരുന്നില്ലെന്നു നമുക്കറിയാം. കാരണം ആ വിഷമങ്ങഠം പാണിനിയും അദ്ദേഹത്തിൻെറ അനന്തരഗാമികളും നേരത്തെ തരണം ചെയ്തുകഴിഞ്ഞിരുന്നു. ഈ വ്യാകരണരചനയിൽ അങ്കമാലിക്കാരായ കുഞ്ഞൻ എന്നും കൃഷ്ണൻ എന്നും പേരുള്ള രണ്ടു നമ്പൂതിരിമാരാണു പൗലീനോസിനു സഹായികളായിരുന്നിട്ടുള്ളതു്.

## രണ്ടാമത്തെ ഗ്രന്ഥം

പൗലീനോസുതന്നെ പതിനാലു കൊല്ലങ്ങഠംക്കുശേഷം 1804–ൽ അദ്ദേഹത്തിൻെറ രണ്ടാമത്തെ വ്യാകരണഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. ഈ വ്യാകരണം 90 പുറങ്ങഠം മാത്രമുണ്ടായിരുന്ന സിദ്ധരൂപത്തിൻെറ ഒരു പുതിയ പതിപ്പല്ല, 358 പുറങ്ങഠം വരുന്ന ഒരു പുതിയ വ്യാകരണം തന്നെയാകുന്നു. ഇവിടെ അഞ്ജേറാസു പാതിരിയുടെ കൈയെഴുത്തു പ്രതികഠം താൻ ഉപയോഗപ്പെടുത്തീട്ടുണ്ടെന്നു പൗലീനോസ് സമ്മതിക്കുന്നുണ്ടു്.

തന്റേതല്ലാത്ത ഒരു സംസ്കൃതകൃതി ആദ്യമായി അച്ചടിച്ചതും പൗലീനോസാകുന്നു. 'ഇന്ത്യൻ കലയും പുരാണവസ്തുശാസ്ത്രവും' (The Indian Art and Archeology) എന്ന പ്രബന്ധത്തിൽ കെ. ഡി. ബി. കോഡ്രിംഗ്ടൺ എഴുതുന്നു: '1792–ൽ ജോൺസന്റെ പ്രസാധകത്വത്തിൽ 'ഋതുസംഹാരം' എന്ന സംസ്കൃതകവിത പ്രസിദ്ധീകരിക്കപ്പെട്ടു. ആദ്യമായി അച്ചടിക്കപ്പെട്ട സംസ്കൃതകൃതി ഇതാകുന്നു.' പക്ഷേ, അതിനും രണ്ടുകൊല്ലം മുമ്പുതന്നെ പൗലീനോസ് ആ വീരകൃത്യം നിർവ്വഹിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ സിദ്ധരൂപത്തിലും 'ബ്രാഹ്മണമതത്തിലെ....സമ്പ്രദായങ്ങൾ' എന്ന കൃതിയിലുമുള്ള സംസ്കൃതഭാഗങ്ങൾ നാം അവഗണിക്കുകയാണെങ്കിൽത്തന്നെയും, സിദ്ധരൂപത്തിന്റെ അവസാനത്തിൽ ചേർത്തിട്ടുള്ള ഭാഗവതം വിസ്മരിക്കത്തക്കതല്ല. അതിന്റെ മൂലത്തിനുപുറമേ റോമൻ ലിപിയിലുള്ള ഒരു പകർപ്പും ഒരു ലത്തീൻ പരിഭാഷയും വ്യാഖ്യാനവുംകൂടി അദ്ദേഹം നല്കുന്നുണ്ട്.

## മുദ്രിതഗ്രന്ഥങ്ങൾ

കേരളത്തിലെ തന്റെ താമസത്തിനിടയ്ക്കു പൗലീനോസ് ഇവിടത്തെ ഭാഷകൾ പഠിക്കുകയും സംസ്കൃതത്തിലും മലയാളത്തിലും ലഭ്യമായിരുന്ന മിക്ക ഗ്രന്ഥങ്ങളും വായിക്കുകയും ചെയ്തിരുന്നു. വിവിധ മാർഗ്ഗങ്ങളിലൂടെ തനിക്കു സിദ്ധിച്ച പാണ്ഡിത്യവും ജ്ഞാനവും സഹപൗരന്മാരുടെ ഉപയോഗാർത്ഥം ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിവയ്ക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു. 'പൗലീനോസ് ആകെ ഇരുപത്തിനാലു കൃതികൾ രചിച്ചിട്ടുള്ളതായി പറയുന്നു. അവയിൽ പതിനൊന്നു ഗ്രന്ഥങ്ങൾ റോമയിൽ അച്ചടിപ്പിച്ചു' എന്നാണു മഹാകവി ഉള്ളൂർ ഭാഷാസാഹിത്യ ചരിത്രത്തിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ അദ്ദേഹത്തിന്റേതായി അറിയപ്പെടുന്ന ഒരു നൂറിലേറെ കൃതികളുടെ കൈയെഴുത്തു പ്രതികൾ റോമയിലെ പല ഗ്രന്ഥാലയങ്ങളിലായി സൂക്ഷിച്ചുപോരുന്നുണ്ട്. ഇവയിൽ 30 എണ്ണം അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

അച്ചടിച്ചിട്ടുള്ള അദ്ദേഹത്തിൻെറ കൃതികൾ താഴെപ്പറയുന്നവയാണ്. ആദ്യപതിപ്പിൻെറ കാലക്രമമനുസരിച്ചുള്ള പട്ടികയാണ് ഇവിടെ ചേർത്തിരിക്കുന്നത്. കൈയെഴുത്തു കൃതികൾക്ക നല്കപ്പെട്ടിരിക്കുന്ന നാമങ്ങൾതന്നെ ഇവിടെയും സ്വീകരിച്ചിരിക്കുന്നു.

## സിദ്ധരൂപം

1. "Sidharubam seu Gramatica Samscridamica"

(സിദ്ധരൂപം അഥവാ സംസ്കൃതവ്യാകരണം) ലത്തീൻ ഭാഷയിലാണ് ഇതു രചിച്ചിരിക്കുന്നത്. ഇതോടനുബന്ധിച്ച സംസ്കൃത ഭാഷയെപ്പററിയുള്ള ചരിത്രവും വിമശ്നാത്മകവുമായ ഒരു പ്രബന്ധവുമുണ്ട്. പ്രസ്തുത പ്രബന്ധത്തിൽ സംസ്കൃതഭാഷയുടെ ഉദ്ഭവം, പൗരാണികത്വം, മാഹാത്മ്യം, വ്യാപ്തി മുതലായവയെപ്പററി സമഗ്രമായി പ്രതിപാദിക്കുകയും ആ ഭാഷയിലുള്ള ചില ഗ്രന്ഥങ്ങൾ നിരൂപണം ചെയ്യുകയും ചെയ്തിരിക്കുന്നു. അതിപ്രാചീനങ്ങളായ ചില സ്തോത്രങ്ങളുടെ അർത്ഥവും വ്യാഖ്യാനവും അവസാനത്തിൽ ചേർത്തിട്ടുണ്ട്. 188 പുറങ്ങളുള്ള ഈ ഗ്രന്ഥം 1790—ൽ റോമയിലെ പ്രോപ്പഗാന്ത തിരുസംഘംവക അച്ചുകൂടത്തിൽനിന്നു പ്രസിദ്ധീകൃതമായി.

2. "Mappa Geographica litoris Malabrici et regnorum adjacentium"

(മലബാർ തീരത്തിൻെറയും സമീപരാജ്യങ്ങളുടെയും ഭൂമിശാസ്ത്രപരമായ ഭൂപടം.) പൗലീനോസിൻെറതന്നെ മറെറാരു കൃതിയായ 'ഇന്ത്യാ ഓറിയന്താലിസ് ക്രിസ്ത്യാനാ'യിൽനിന്നു വ്യക്തമാകുന്നതുപോലെ അദ്ദേഹം 1789—ൽ ഫ്രഞ്ചുഭാഷയിൽ ഈ ഭൂപടം തയ്യാറാക്കി. ജമ്മനിയിൽ ഓസ്ബർഗ്ഗ് എന്ന സ്ഥലത്തുവച്ച് അദ്ദേഹംതന്നെ അതു ഫ്രഞ്ചിൽനിന്നു ജർമ്മനിയിലേക്കു തർജ്ജമ ചെയ്യുകയും, ചെമ്പുതകിടിൽ കൊത്തിയെടുക്കുകയുമുണ്ടാ

യി. 1789—നും 1794—നും ഇടയ്ക്കു് ഇതു മുദ്രണം ചെയ്തിരിക്കണം.

3 A. "Systema Brahmanicum liturgicum Mythologicum, civile ex monumentis Indicis Musei Borgiani Velitris"

(ബ്രാഹ്മണമതത്തിലെ ആരാധനാപരവും പുരാണകഥാസംബന്ധവും പൗരപരവുമായ സമ്പ്രദായങ്ങൾ—വല്ലെത്രിയിലെ ബോർജീയൻ കാഴ്ചബംഗ്ലാവിലെ ഭാരതീയ സ്മാരകങ്ങളിൽനിന്നു്) പൗലീനോസ് പാതിരിതന്നെ തയ്യാറാക്കിയ ചരിത്ര—വിമർശപരമായ ഒരു പ്രബന്ധവും 32 ചിത്രങ്ങളും ഈ കൃതിയിലുണ്ടു്. ചിത്രങ്ങളിലൊന്നു് അന്നത്തെ ആഴ്വാഞ്ചേരി തമ്പ്രാക്കളുടേതാണു്. 370 പുറങ്ങളുള്ള ഈ ഗ്രന്ഥം 1791—ൽ റോമയിൽ അന്തോനി ഫുൾഗോണിയസിൻെറ പ്രസ്സിൽ അച്ചടിച്ചു.

## മൂന്നു ഭാഗങ്ങൾ

ഈ കൃതി മൂന്നു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്നാംഭാഗം ആരാധനക്രമത്തെ സംബന്ധിച്ചതാണു്. ഭാരതീയരുടെ വിവിധ ബലികളെയും പ്രായശ്ചിത്തങ്ങളെയും വിശുദ്ധീകരണ മാർഗ്ഗങ്ങളെയും പ്രാർത്ഥനകളെയും തീർത്ഥയാത്രകളെയും നാലു ജീവിതാവസ്ഥകളെയുംപററി പ്രതിപാദിക്കുന്നു. പുരാണകഥകളെസംബന്ധിച്ച രണ്ടാംഭാഗത്തിൽ ഭാരതീയരുടെ വിവിധ ദേവന്മാരെപ്പററി പ്രതിപാദിക്കുന്നു. മൂന്നാംഭാഗത്തിലാകട്ടെ, ബ്രാഹ്മണവർഗ്ഗങ്ങൾ, ഭരണസമ്പ്രദായം, സൈന്യം, കൃഷി, ധനത്തിൻെറ ഉപയോഗം മുതലായവയെപ്പററിയാണു ചർച്ച ചെയ്തിരിക്കുന്നതു്.

B. "Darstellung der Brahmanisch Indischen Gotterlehre"

(ഇതു മുകളിൽ പറഞ്ഞ കൃതിയുടെ ജർമ്മൻ പരിഭാഷയാണു്.) 'ഭാരതീയ ബ്രാഹ്മണരുടെ ദൈവശാസ്ത്രത്തെപ്പ

ററിയുള്ള ഒരു വിശദീകരണം' എന്നാണ് അദ്ദേഹം ഈ പരിഭാഷയ്ക്കു തലക്കെട്ടു കൊടുത്തിരിക്കുന്നതു്. 1787—ൽ ജർമ്മനിയിൽ ഗോഥാ എന്ന സ്ഥലത്തു് ഇതു പ്രസിദ്ധീകൃതമായി.

4. "Alphabeta Indica..granthamicum seu Sanscridamico-malabaricum, Indostanum sive Vanareuse, nagaricum vulgare et talinganicum"

(ഭാരതീയ അക്ഷരമാലകൾ....ഗ്രന്ഥാക്ഷരം അഥവാ സംസ്കൃത—മലയാളം, ഹിന്ദുസ്ഥാനി അഥവാ ബനാറസ്, സാധാരണനാഗരം, തെലുങ്ക് അക്ഷരമാലകൾ) ഇതു് 1791—ൽ റോമയിൽ പ്രോപ്പഗാന്താ അച്ചുകൂടത്തിൽ അച്ചടിച്ചു. 'സിദ്ധരൂപം....' എന്ന കൃതിയിൽ ഇതിനോടു സാദൃശ്യം വഹിക്കുന്ന അക്ഷരമാലകൾ കൊള്ളിച്ചിട്ടുണ്ടെന്നുള്ളതു് ഇവിടെ സ്മർത്തവ്യമാണു്.

5. "Centum Adagia Malabarica cum Textu Originali, Versione Latina"

(മൂലത്തോടും ലത്തീൻ പരിഭാഷയോടും കൂടിയ നൂറു മലയാളം പഴഞ്ചൊല്ലുകൾ) 1791—ൽ റോമയിൽ പ്രസിദ്ധപ്പെടുത്തി. 'പഴഞ്ചൊല്ലിൽ പൊളിയുണ്ടെങ്കിൽ പാലുകയ്ക്കും' എന്നതാണു് ഒന്നാമതായി ചേർത്തിരിക്കുന്ന പഴഞ്ചൊല്ല്.

'മക്കളില്ലാഞ്ഞാൽ മനവുമതിരുളേ
മനവുമിരുളേ പൊരുളില്ലാഞ്ഞാൽ
വിദ്യയില്ലാഞ്ഞാൽ മനവുമതിരുളേ
വിദ്യയുമിരുളേ പൊരുളില്ലാഞ്ഞാൽ
നാരിയില്ലാഞ്ഞാൽ വീടുമതിരുളേ
നാരിയുമിരുളേ വാ കടുതായാൽ'

എന്ന പദ്യമയമായ ഭാഗവും അതിലുള്ളതാണ്. പുസ്തക ത്തിൽ ചേർത്തിരിക്കുന്ന 'വായനക്കാരനുള്ള മുന്നറിയി പ്പിൽ' ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'ഇവിടെ പറയുന്ന പ ഴഞ്ചൊല്ലുകൾ അക്രൈസ്തവരുടെയും മാർത്തോമ്മാ ക്രിസ്ത്യാ നികളുടെയും ഇടയിൽ പ്രചാരമുള്ളവയാകുന്നു. അവ അവ ക്ക് ഏററവും സുപരിചിതങ്ങളാണ്. കൊച്ചുകുട്ടികൾക്കു പോലും അറിയാം' മലയാളത്തിലെ പഴഞ്ചൊല്ലുകൾ സ മാഹരിക്കുവാൻ ഇദംപ്രഥമമായി ഒരു ശ്രമം നടത്തിയതു പൗലീനോസാണെന്നു തോന്നുന്നു.

6. "Examen historico-criticum Codicum Indicorum Blblothecae S. C. de Prop. Fide"

(വിശ്വാസപ്രചരണ തിരുസംഘത്തിൻെറ ഗ്രന്ഥ ശേഖരത്തിലുള്ള ഭാരതീയ കൈയെഴുത്തു കൃതികളുടെ ചരി ത്രപരവും വിമർശനപരവുമായ ഒരു പരിശോധന) 80 പേജുള്ള ഈ ലത്തീൻകൃതി 1792--ൽ പ്രോപ്പഗാന്താ തി രുസംഘം പ്രസ്സിൽ അച്ചടിച്ചു.

7. "Musei Borgiani Velitris Codices Manuscripti"

(വല്ലെത്രിയിലെ ബോർജിയൻ മ്യൂസിയത്തിലുള്ള കൈയെഴുത്തു കൃതികൾ........സയാം, മലബാർ, ഹിന്ദു സ്ഥാൻ മുതലായ സ്ഥലങ്ങളിൽ നിന്നുള്ളതു്—ചിത്രങ്ങ ളോടും ചരിത്ര—വിമർശപരമായ കുറിപ്പുകളോടും കൂടിയ തു്) ഇതോടുകൂടി പരിശോധിച്ചിട്ടില്ലാത്ത ചില സ്മാരക ങ്ങളും ഇൻഡോ—ടിബററൻ പ്രപഞ്ചോത്പത്തി കഥക ളും ചേർത്തിരിക്കുന്നു. 278 പുറങ്ങളും 3 ചിത്രങ്ങളുമുള്ള ഈ ലത്തീൻകൃതി 1793—ൽ റോമയിൽ മുദ്രിതമായി.

8. "Scitismo sviluppato in risposto alla lettera del Signor Conte Gastone della Torre di Rezzonico etc.."

(സിതിയൻ സംസ്കാരത്തിൻെറ വികാസം—വെല്ല ത്രിയിലെ ബോർജിയൻ മ്യൂസിയത്തിലെ ഇന്ത്യൻ സ്മാര കങ്ങളെപ്പററിയുള്ള റെസ്സോണിക്കോയിലെ സിഞ്ഞോർ

കൗണ്ടഗസ്സോനെ ഡെല്ലാടോറെയുടെ കത്തിനു മറുപടി) മുകളിൽ മൂന്നാം നമ്പരായി ചേർത്തിരിക്കുന്ന കൃതിയെപ്പററിയുള്ള ഡേല്ലാടോറായുടെ വിമർശനത്തിനു മറുപടിയാണിതു്. ഫാദർ പൗലീനോസ് ഈ കൃതിയിൽ സമത്ഥി ക്കുന്നു: 'ആകയാൽ തത്വശാസ്ത്രം ആദ്യമായി ഉദ്ഭവിച്ചതു സിതിയായിൽ നിന്നല്ലാ, ഇന്ത്യയിൽ നിന്നാകുന്നു.' 1793—ൽ റോമയിൽനിന്നു് ഇതു പ്രസിദ്ധീകൃതമായി. ഇററാല്യൻ ഭാഷയിലാണു് ഇതു വിരചിതമായിരിക്കുന്നതു്.

9. "P.P. vom H.B. Malabarischen Missionars Briete Uber die neueste Verfassung Malabars, mit kritichen anmerkungen"

(ഫാദർ പൗലീനോസ് ഓഫ് സാൻബത്തലോമ്യോ എന്ന മലബാർ മിഷനറിയുടെ കേരളത്തിലെ ആധുനിക സ്ഥിതികളെപ്പററിയുള്ള കത്തുകൾ—വിമർശനപരമായ വിശദീകരണങ്ങളോടുകൂടി) ജർമ്മൻ ഭാഷയിൽ വിരചിതമായിരിക്കുന്ന ഈ ലഘുകൃതി 1793—ൽ ഓഗ്സ്ബർഗ്ഗിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു. 'ഇതു് 1793—ൽ അല്ലാ അതിനുമുമ്പുതന്നെ പ്രസിദ്ധീകരിച്ചിരിക്കണം. എന്തെന്നാൽ 3—ാം നമ്പർ ഗ്രന്ഥത്തിൽ ഇതേപ്പററി പരാമർശനമുണ്ടു്' എന്നു ചരിത്രകാരനായ ഫാദർ അംബ്രോസ് പ്രസ്താവിക്കുന്നുണ്ടു്. പക്ഷേ, 3—ാം നമ്പർ ഗ്രന്ഥത്തിൽ 'അച്ചടിച്ച' എന്നല്ലാ 'അച്ചടിക്കാനിരിക്കുന്ന' എന്നാണു പറഞ്ഞിട്ടുള്ളതു്. ആകയാൽ 1793 എന്നുള്ള ഡോക്ടർ ഗ്ഗുസേപ്പ ബാറോണിയുടെ സിദ്ധാന്തം ശരിയായിരിക്കണം.

10 A. "India Orientalis Christiana, etc."

(പൗരസ്ത്യ ഭാരതത്തിലെ ക്രിസ്തുമതം—ദൈവാലയങ്ങളുടെ സ്ഥാപനം, മെത്രാന്മാരുടെ പരമ്പര, മിഷനുകൾ, മതഭിന്നതകൾ, മതപീഡനങ്ങൾ, രാജാക്കന്മാർ, പ്രശസ്ത വ്യക്തികൾ മുതലായവ ഉൾക്കൊള്ളുന്നു.) ഭാരതത്തിലെ

ക്രൈസ്തവസഭയുടെ സമഗ്രമായ ഒരു ചിത്രമാണ് ഈ ല ത്തീൻ കൃതി. ഏതദ്ദേശീയ ക്രിസ്ത്യാനികളെപ്പററി പന്തിനാറും പതിനേഴും നൂററാണ്ടുകളിലെ ചില വിദേശമിഷനറിമാർ വച്ചുപുലത്തിയിരുന്ന തെററായ ധാരണകാംക്ക് ഈ ഗ്രന്ഥത്തിൽ ചരിത്രത്തിൻെറ പരിവേഷം നല്കിയിട്ടുണ്ടെങ്കിലും പ്രയോജനപ്രദമായ ഒരു കൃതിയാണിതു്. 304 പുറങ്ങളും രണ്ടുചിത്രങ്ങളും ഒരു ഭൂപടവും അടങ്ങിയ ഈ കൃതി 1794—ൽ റോമയിലെ സലമാരിയൻ അച്ചുകൂടത്തിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു.

B. "Sacre Missiones–Adhortatio nimirum admissiones sacrae obenndas P P."

(വിശുദ്ധ മിഷനുകാം—അതായതു വിശുദ്ധ മിഷനുകളിലെ ജോലി ഏറെറടുക്കുവാൻ ഫാദർ പൗലീനോസിൻെറ ഉദ്ബോധനം). മുകളിൽപ്പറഞ്ഞ ഗ്രന്ഥത്തിലെ 198 മുതൽ 213 വരെ പുറങ്ങളുടെ ഒരു പുനർമുദ്രണമാണിതു്. വി. ത്രേസ്യായുടെ 'ഫൗണ്ടേഷൻസ്' എന്ന ഗ്രന്ഥത്തിൽനിന്നു് ഒരു ഭാഗം അനുബന്ധമായി ചേത്തിട്ടുണ്ടു്.

11. "De Veteribus Indis.."

(പ്രാചീന ഭാരതീയരെപ്പററി—ടിബെററൻ അക്ഷരമാലയുടെ കത്താവിൻെറ പരിഹാസങ്ങാംക്കു മറുപടി നല്കുന്ന ഒരു സമത്ഥനം) ടിബെററൻ അക്ഷരമാല എന്ന ഗ്രന്ഥത്തിൻെറ കർത്താവു് ഫാദർ പൗലീനോസിൻെറ 'ബ്രാഹ്മണമതത്തിലെ....സമ്പ്രദായങ്ങാം' (നമ്പർ 3) എന്ന ഗ്രന്ഥത്തെ വിമർശിച്ചിരുന്നു. അതിപ്രാചീനകാലത്തെ പ്രശസ്ത ഗ്രന്ഥകാരന്മാരുടെ സാക്ഷ്യങ്ങളുദ്ധരിച്ചു് ഫാദർ പൗലീനോസ് അതിനു മറുപടി പറയുന്നു. 54 പുറങ്ങളുള്ള ഈ കൃതി 1795-ൽ റോമയിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി.

12 A. "Viaggio alle Indie Orientali.."

(പൗരസ്ത്യഭാരതത്തിലേക്കുള്ള യാത്ര) ഫാദർ പൗലീനോസിൻെറ ഇന്ത്യയിലേക്കുള്ള യാത്രയെയും, കേരള

ത്തിൽ അദ്ദേഹത്തിൻെറ വാസത്തെയും പരാമർശിക്കുന്ന ഒരു യാത്രാവിവരണഗ്രന്ഥം. 424 പുറങ്ങളും 12 ചിത്രങ്ങളുമുള്ള ഈ ഇററാലിയൻ ഗ്രന്ഥം 1796–ൽ റോമയിൽ അന്തോണി ഫുംഗോണിയസിൻെറ മുദ്രണാലയത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി.

B. "Dos fra Paolino..Reise mach Ostendien.."

(പൗരസ്ത്യഭാരതത്തിലേക്കുള്ള ഫാദർ പൗലീനോസിൻെറ യാത്ര. ജെ.ആർ. ഫോർസ്റ്ററുടെ നോട്ടുകളോടുകൂടി) എ-യുടെ ജർമ്മൻ വിവർത്തനമാണിതു്. 1798–ൽ ബർലിനിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി.

C. "Voyage to the East Indies"

(പൗരസ്ത്യ ഭാരതത്തിലേക്കുള്ള യാത്ര—ജെ. ആർ. ഫോർസ്റ്ററുടെ നോട്ടുകളോടും ചിത്രങ്ങളോടും കൂടിയതു്. ജർമ്മൻ ഭാഷയിൽനിന്നു ഡബ്ലിയു. ജോൺസൺ പരിഭാഷപ്പെടുത്തിയതു്.) 1800–ൽ ലണ്ടനിൽ പ്രസിദ്ധീകൃതമായി.

D. "Voyage aux Indes Orientales"

(എ-യുടെ ഫ്രഞ്ചു പരിഭാഷയാണിതു്. എം. എം. ആൽകാററിൽഡു് പെറോൺ, ജെ. ആർ. ഫോർസ്ററർ, സാൽവസ്റ്റു് ദെസാസി എന്നിവരുടെ നിരീക്ഷണങ്ങളോടും ഇന്ത്യയിലെയും ഈജിപ്തിലെയും ഭൂസ്വത്തിനെയും സ്വകാര്യസ്വത്തിനെയും പററിയുള്ള എം. എം. ആൽകാററിലിൻെറ സമർത്ഥനത്തോടും കൂടിയതു്.) 1808–ൽ പാരീസിൽനിന്നു പ്രസിദ്ധപ്പെടുത്തി.

13. "Amarasinha First Section, on heaven; from ineflited manuscript Indian codices"

(അമരസിംഹൻ—സ്വർഗ്ഗത്തെപ്പററിയുള്ള ആദ്യഭാഗം—അമുദ്രിതങ്ങളായ ഇന്ത്യൻ കൈയെഴുത്തുകൃതികളിൽനിന്നു്.) അമരകോശത്തിലെ പ്രഥമ കാണ്ഡമാണിതു്.

72 പേജുള്ള ഈ കൃതിയിൽ പല ചിത്രങ്ങളുമുണ്ട്. മലയാളം ലത്തീൻ ലിപികളിൽ എഴുതപ്പെട്ടിരിക്കുന്നു. 1798–ൽ റോമയിലുള്ള അന്തോനി ഫുൾഗോണിയസിന്റെ പ്രസ്സിൽ അച്ചടിക്കപ്പെട്ടു.

14. "De Antiquitate et Affnitate Linguae Zendicao, Samscrdamicae et Germanicae Dissertatio"

(സിൻഡ്, സംസ്കൃതം, ജർമ്മൻ ഈ ഭാഷകളുടെ പ്രാചീനതയെയും പരസ്പരബന്ധത്തെയും പററിയുള്ള ഒരു സമർത്ഥനം.) 56 പുറങ്ങളുള്ള ഒരു ലഘുകൃതിയാണിതു്. പാദുവാ സെമ്മിനാരിവക മുദ്രണാലയത്തിൽ 1799–ൽ ഇതു മുദ്രിതമായി.

15. "Musei Caecaris Vindobonensis Numi Zodiacalas Animadversionibus illustrati"

## നാണയങ്ങളും ചിഹ്നങ്ങളും

(ആസ്ട്രിയായിൽ വിയെന്നായിലെ ഇമ്പീരിയൽ മ്യൂസിയത്തിലുള്ള നാണയങ്ങളും അവയിലെ രാശി ചിഹ്നങ്ങളും) 54 പുറങ്ങളും നാണയങ്ങളുടെ ഒരു പട്ടികയും ഇതിലുണ്ട്. 1799–ൽ വിയെന്നായിൽത്തന്നെ പ്രസിദ്ധീകൃതമായി.

16. "De Manuscriptie Codicibus Indicia R. P. Joannis Ernesti Hanxleden"

(അർണ്ണോസ് പാതിരിയുടെ ഇന്ത്യൻ കൈയെഴുത്തുകൃതികളെപ്പററി) കർമ്മലീത്താ സഭാംഗമായ റവ. ഫാദർ അലക്സിയൂസിന് എഴുതിയ ഒരു കത്താണിതു്. 1799–ൽ വിയെന്നായിൽ പ്രസിദ്ധപ്പെടുത്തി. അർണ്ണോസുപാതിരിയുടെ കൃതികളെപ്പററിയുള്ള ഒരു ലഘുപഠനമാണിതു്. പ്രസ്തുത കൃതികളുടെ ഒരു പട്ടിക 'പൗരസ്ത്യ ഭാരതത്തിലെ ക്രിസ്തുമതം' എന്ന പുസ്തകത്തിന്റെ 191–ാം പുറത്തു കാ

ണാം. അർണ്ണോസ്സിനോട്ട് പൗലീനോസിന് അത്യ ധികം ബഹുമാനമുണ്ടായിരുന്നു.

17. 'Mumiographica Musei Obiciani'

(ഒബീസിയൻ മ്യൂസിയത്തിലെ മമ്മികളെപ്പററി യുള്ള വിവരണം) 65 പുറങ്ങളും രണ്ടു ചിത്രങ്ങളുമുണ്ട്. പ ദുവാ സെമ്മിനാരിവക പ്രസ്സിൽ അച്ചടിക്കപ്പെട്ടു.

18. 'Anzcigo dass die zigeuncr Indianer sind, undihro Sprache ein Dialectist welcher aus der Samscri- taprache entstechet'

(ജിപ്സികൾ ഇന്ത്യാക്കാരാണെന്നും, അവരുടെ ഭാഷ സംസ്കൃതഭാഷയിൽനിന്നുദ്ഭവിച്ച ഒരു ഭാഷയാ ണെന്നും തെളിയിക്കുന്ന വിവരങ്ങൾ) 1799–ൽ വിയെ ന്നായിൽ അച്ചടിച്ചു. ഫ്രാങ്ക് കാററ ആഡട്ടർ 'സംസ് കൃതഭാഷയെപ്പററി, ജർമ്മൻ ഭാഷയിൽ രചിച്ചിട്ടുള്ള ഗ്ര ന്ഥത്തിൽ ഇതു് ഉദ്ധരിച്ചിട്ടുണ്ട്.

19. 'Corrcctiones et additamenta P. P...... in opusculo de lingua samcritica'

(സംസ്കൃതഭാഷയെപ്പററിയുള്ള ലഘുകൃതിക്ക് ഫാ ദർ പൗലീനോസിൻെറ തിരുത്തലുകളും കൂട്ടിച്ചേർക്കലുക ളും) ഫ്റാങ്ക് കാററ ആഡട്ടെറുടെ 'സംസ്കൃതഭാഷയെ പ്പററി' എന്ന ഗ്രന്ഥമാണ് ഇവിടെ പരാമർശിക്കപ്പെട്ടി രിക്കുന്നതു്. ഫാദർ പൗലീനോസിൻെറ ഈ പ്രബന്ധം പ്രസ്തുത കൃതിയുടെ 183 മുതൽ 199 വരെ പുറങ്ങളിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ട്.

## ഇൻഡ്യൻ സ്മാരകങ്ങൾ

20. 'Monumenti Indice del Musea Naniano illu- strati dal P. P....

(നാനിയൻ മ്യൂസിയത്തിലുള്ള ഇന്ത്യൻ സ്മാരകങ്ങളം ഫാദർ–പൗലീനോസു തയ്യാറാക്കിയ ചിത്രങ്ങളോടുകൂടി) ഇററാലൃൻ ഭാഷയിൽ വിരചിതമായ ഇതു് 28 പുറങ്ങളം മാത്രമുള്ള ഒരു കൊച്ചുപുസ്തകമാണു്. 1799–ൽ പാദുവാ സെമ്മിനാരി വക പ്രസ്സിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു.

21. Iornandis Vindiciae de Var Hunnorum.'

(ജോർനാഡോയിലെ വാർ ഓഫ് നൺസ്സ് എന്ന പ്രയോഗത്തെ സംബന്ധിച്ച ഒരു സമർത്ഥനം) ഈ ലത്തീൻകൃതി 1800-ാമാണ്ടു് റോമയിൽ അച്ചടിച്ചു. 'ആറാം ശതാബ്ദത്തിലെ ഒരു കൃതിയായ ജോർനാഡോയിലെ ഭൂമിശാസ്ത്രപരമായ വിവരണങ്ങളിൽ കാണുന്ന ഹണി വാർ എന്ന പ്രയോഗത്തിൻെറ അത്ഥം ജോസ് ഹാഗർ (ലണ്ടൻ) പറയുന്നതുപോലെ ഹംഗേറിയന്മാരുടെ നദി എന്നല്ല, ഹൂണജാതിക്കാരുടെ നദി (ഡാന്യൂബ്) എന്നാണു് എന്നു തെളിയിക്കുന്ന ഒരു സമത്ഥനമാണിതു്.

22. 'De Latini Sermonis Origine et cum Orientalibu Linguie Connexione Dissertatio'.

(ലത്തീൻഭാഷയുടെ ഉല്പത്തിയെയും പൗരസ്ത്യഭാഷകളുമായി അതിനുള്ള ബന്ധത്തെയും പററിയുള്ള ഒരു വിശകലനം) 1802–ൽ റോമയിൽ അച്ചടിച്ചു. ഫാദർ പൗലീനോസു് എഡിററു ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളുടെ ഒരു പട്ടിക അനുബന്ധമായി ചേത്തിട്ടുണ്ടു്.

23. 'De Basilica S. Pancrati M. Christi disquisitio'.

(ക്രിസ്തുവിൻെറ രക്തസാക്ഷിയായ വിശുദ്ധ പംക്രേഷ്യസിൻെറ നാമത്തിലുള്ള ബസ്ളീക്കായെപ്പററിയുള്ള ഒരു അന്വേഷണം). 48 പേജുള്ള ഈ ലത്തീൻകൃതി 1803–ൽ റോമയിൽ മുദ്രിതമായി. ഈ ബസ്ളീക്കാ (മഹാദേവാലയം) 1662–ൽ കർമ്മലീത്താ സന്യാസി

മാക്കു നല്കപ്പെട്ടിരുന്നു. അവർ അതിനോടനുബന്ധിച്ച് ഒരു മിഷൻ സെമ്മിനാരിയും സ്ഥാപിച്ചു. ഈ കൃതിയുടെ രണ്ടാംഭാഗത്തിൽ പൗരസ്ത്യനാടുകളിലെ മിഷൻരംഗങ്ങളിൽ ജോലിചെയ്തിട്ടുള്ള കർമ്മലീത്താ സന്യാസിമാരായ 36 മെത്രാന്മാരുടെ ജീവചരിത്രസംഗ്രഹം ചേർത്തിട്ടുണ്ട്.

24. 'Vyakarana seu locupletissima samscridamicae Linguae Institutio in Usum Fidei Praeconum in India Orientali, et Virorum literatoum in Europa adornata·'

(സംസ്കൃതഭാഷയുടെ വ്യാകരണത്തെപ്പററിയുള്ള സമഗ്രമായ ഒരു പഠനം—പൗരസ്ത്യഭാരതത്തിലുള്ള മതപ്രഘോഷകരുടെയും പണ്ഡിതന്മാരുടെയും ഉപയോഗത്തിനു തയ്യാറാക്കിയതു്) 358 പുറങ്ങളും ഒരു ചിത്രവുമുള്ള ഈ ഗ്രന്ഥം 1804—ൽ റോമയിൽ പ്രോപ്പഗാന്താ തിരുസംഘം വകയായുണ്ടായിരുന്ന പ്രസ്സിൽ അച്ചടിച്ചു.

## കർദ്ദിനാളിൻെറ ജീവചരിത്രം

25. 'Vitas Synopsis Stephani Bnorgiae S. R. E. Cardin. S.C. de Prop. Fide Praefecti'

(പ്രോപ്പഗാന്താ തിരുസംഘത്തിൻെറ പ്രീഫെക്ടായ കർദ്ദിനാൾ സ്റ്റീഫൻ ബോർജിയായുടെ ജീവചരിത്രസംഗ്രഹം) 1805—ൽ റോമയിൽ അച്ചടിക്കപ്പെട്ടു. ഗ്രന്ഥത്തിൻെറ അവസാനത്തിൽ കർദ്ദിനാൾ ബോർജിയായുടെ കൃതികളുടെ ഒരു പട്ടികയും ഫാദർ പൗലീനോസു് എഡിററു ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളുടെ ഒരു പട്ടികയും ചേത്തിട്ടുണ്ടു്. തൻെറ കൃതികളെപ്പററി ഫാദർ പൗലീനോസു് ഇവിടെ ഒരു മുന്നറിയിപ്പു നല്കിയിരിക്കുന്നു. 'മൂലകൃതികൾതന്നെ വായിക്കണം. അവയുടെ ഫ്രഞ്ചുതജ്ജമയോ ജർമ്മൻ തജ്ജമയോ അല്ല. തജ്ജമകൾ അനവസാനമായ പ്രമാദങ്ങളോടുകൂടിയവയാണു്....'

26. 'Atlas pour servir au Voyage aux Indes Orientales'.

(പൗരസ്ത്യഭാരതത്തിലേയ്ക്കുള്ള യാത്രയ്ക്ക് ഉപയോഗപ്പെടുന്ന അററ്ലസ്) 1808–ൽ പാരീസിൽ അച്ചടിച്ച ഈ ഫ്രഞ്ചുകൃതിയിൽ 4 പേജ് വിശദീകരണങ്ങളും ഒരു ഭൂപടവും 12 ചിത്രങ്ങളുമാണുള്ളത്.

27. 'Lettere e Memorie'.

(കത്തുകളും സ്മരണകളും). ഫാദർ പൗലീനോസിന്റെ ആറു കത്തുകൾ (ലത്തീനിൽ 2, പോർട്ടുഗീസിൽ 3, ഇററാല്യനിൽ 1) ആണ് ഇതിന്റെ ഉള്ളടക്കം. ആദ്യത്തെ അഞ്ചു കത്തുകൾ 1786 നവംബർ 23–നും 1787 മെയ് 4–നും ഇടയ്ക്ക് എഴുതപ്പെട്ടവയാണ്; ആറാമത്തേത്ത് 1790 ഡിസംബർ 28–ാം തീയതിയും. ഫാദർ ഗ്രാഷ്യാനോദെ സാന്താ ടെറീസാ എന്ന വൈദികന്റെ വിശദീകരണക്കുറിപ്പുകളോടുകൂടി 1933-ൽ റോമയിൽ ഇതു പ്രസിദ്ധപ്പെടുത്തി.

28. ഫാദർ പൗലീനോസിന്റെ ഡയറിയിൽ ഒരു ഭാഗം-1776 ജനുവരി 18 മുതൽ ജൂലൈ 17 വരെയുള്ള കാലഘട്ടത്തിലെ ഈ ഡയറിയുടെ കൈയെഴുത്തുപ്രതി ഇററലിയിൽ മോണ്ടി കംപാട്‌യായിലുള്ള കർമ്മലീത്താ സന്യാസാശ്രമംവക ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചുവരുന്നു. ലെയോപ്പോൾഡ് വെററ്സെൽ എന്ന പണ്ഡിതൻ 1936-ൽ വീൻ എന്ന പട്ടണത്തിൽ ഇതു പ്രസിദ്ധപ്പെടുത്തി.

29. 'Notitia topographica, civilis, politica, ac religiosa Missionis Malabaricae'.

(മലബാർ മിഷനെപ്പററിയുള്ള ഭൂമിശാസ്ത്രപരവും പൗരപരവും രാഷ്ട്രീയവും മതാത്മകവുമായ വിവരങ്ങൾ). 1937-ൽ 'അനലെക്താ ഒ. സി. ഡി.' എന്ന ഗ്രന്ഥ

ത്തിൽ ഉരംപ്പെടുത്തി ഇതു പ്രസിദ്ധീകൃതമായി. വീണ്ടും 1938-ൽ 'കർമ്മലീത്താമിഷനറിമാരുടെ സ്മരണകരം' എന്ന പരമ്പരയിലെ രണ്ടാം സഞ്ചികയായി ഇതു പ്രസിദ്ധംചെയ്തു.

30. 'Vita S. M. Theresiae Jesu versibus Samscridamico—Malabaricis composita a P. P. . . . 1783'

(ഈശോയുടെ വിശുദ്ധ അമ്മ ത്രേസ്യായുടെ ജീവചരിത്രം-1783-ൽ ഫാദർ പൗലീനോസ് മണിപ്രവാളശൈലിയിൽ കവിതയായി എഴുതിയതു്) മാർ ത്രേസ്യാ പുണ്യസ്ത്രീയുടെ ചരിത്രം എന്നാണു മലയാളത്തിൽ ഇതിനു പേർ നല്കിയിരിക്കുന്നതു്. 1959-60 വർഷങ്ങളിലെ കാർമ്മെൽ (തിരുവനന്തപുരം) മാസികയിൽ ഈ കവിത ഖണ്ഡശ: പ്രസിദ്ധീകരിച്ചിരുന്നു.

## സംസ്കൃതമലയാളകൃതികരം

ലത്തീൻ, ഗ്രീക്കു്, ഇററാല്യൻ, ജർമ്മൻ, ഫ്രഞ്ചു്, ഇംഗ്ലീഷ് മുതലായ പാശ്ചാത്യഭാഷകളിലും സംസ്കൃതം, മലയാളം, തമിഴ്, തെലുങ്കു്, സുറിയാനി മുതലായ പൗരസ്ത്യഭാഷകളിലും അന്യാദൃശമായ വൈദുഷ്യം നേടിയിരുന്ന ഫാദർ പൗലീനോസ് സംസ്കൃതത്തിലും മലയാളത്തിലും, ഈ ഭാഷകളെ സംബന്ധിച്ചും ഏതാനും ഗ്രന്ഥങ്ങരം രചിച്ചിട്ടുണ്ടു്. അവയിൽ മിക്കതും ഇന്നും കൈയെഴുത്തുപ്രതികളായി അവശേഷിക്കുകയാണു്. പ്രധാനപ്പെട്ട കൃതികളുടെ പേരുകരം താഴെകൊടുക്കുന്നു.

1. 'Grammatica Grandhonica Conscripta a P.P. 2778'.

(സംസ്കൃതവ്യാകരണം). രചനാകാലം 1776. 12 പുറങ്ങരം മാത്രമുള്ള ഇതു് ലത്തീനിലും സംസ്കൃതത്തിലും എഴുതപ്പെട്ടിരിക്കുന്നു. കൈയെഴുത്തുപ്രതി റോമയിൽ വിക്ടർ എമ്മാനുവൽ നാഷനൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു.

2. "Grammatica Samscrita.."

(സംസ്കൃത വ്യാകരണം) ഇതും 1776–ൽ എഴുതപ്പെട്ട താണ്. 48 പുറങ്ങൾ. ലത്തീൻ, സംസ്കൃത ലിപികൾ ഉപയോഗിച്ചിരിക്കുന്നു. കൈയെഴുത്തുപ്രതി നാഷനൽ ലൈബ്രറിയിൽത്തന്നെ.

3. "Grammaticae Grandhonicae.."

(സംസ്കൃതവ്യാകരണം) ഒരു നിഷ്പാദുക കർമ്മലീത്താ സഭാംഗം എന്നാണ് ഗ്രന്ഥകർത്താവിൻെറ പേർ കാണിച്ചിരിക്കുന്നതു്. പക്ഷേ, കൈയക്ഷരം പൗലീനോസിൻേറതാണ്. ലത്തീൻ, മലയാള ലിപികളിലാണ് എഴുത്തു്. രചനാകാലം 1782. 76 പുറങ്ങളുണ്ടു്. മുൻപറഞ്ഞ നാഷണൽ ലൈബ്രറിയിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു.

4. "Grammatica Grandhonica ad usum P.P."

(സംസ്കൃത വ്യാകരണം—ഫാദർ പൗലീനോസിൻെറ ഉപയോഗത്തിനു്) എന്നാൽ കൈയെഴുത്തു കൃതിയുടെ 7–ാം പുറത്തു കൊടുത്തിരിക്കുന്ന തലക്കെട്ടു് മറെറാന്നാണ്. 'ഫാദർ പൗലീനോസ് (എഴുതി) തിരുവിതാംകൂർ മഹാരാജാവിനു സമർപ്പിച്ചിട്ടുള്ള സംസ്കൃത വ്യാകരണം–1782' എട്ടാം പുറത്തു് ഇങ്ങനെ കാണുന്നു: 'തിരുവിതാംകൂർ മഹാരാജാവിനുള്ള സമർപ്പണക്കുറ്റു് 1783 സെപ്ററംബർ 28–ാംനു- സമർപ്പിച്ചു.' 48 പുറങ്ങൾ. ലത്തീനിലും സംസ്കൃതത്തിലും എഴുതപ്പെട്ടിരിക്കുന്നു. അവസാനത്തെ ആറുപേജ് ഭാഗവതത്തിലെ ചില പദ്യങ്ങളുടെ വിശദീകരണങ്ങളാണ്. പദ്യങ്ങളുടെ അർത്ഥം മലയാളത്തിലാണു കൊടുത്തിരിക്കുന്നതു്. നാഷണൽ ലൈബ്രറിയിൽ. ഈ കൃതിയുടെ മറെറാരു കൈയെഴുത്തു പ്രതി റോമയിലെ കർമ്മലീത്താ സഭാജനറലിൻെറ ഗ്രന്ഥശേഖരത്തിലുണ്ടു്. അച്ചടിക്കപ്പെട്ട 1–ാം നമ്പർ കൃതിയിൽ ഇതിലെ ചില ഭാഗങ്ങൾ ഉൾപ്പെടുന്നുണ്ടു്.

5. "Compendium Vaccabulari Grandhonici"

(സംസ്കൃത അകാരാദിയുടെ സംഗ്രഹം—ഫാദർ പൗലീനോസിന്റെ ഉപയോഗത്തിന്—1776). 59 പുറങ്ങൾ. മലയാളത്തിലും ലത്തീനിലും എഴുതപ്പെട്ടിരിക്കുന്നു. കൈയെഴുത്തുപ്രതി നാഷനൽ ലൈബ്രറിയിൽ.

6. "Dictionarium Latino-Malabarico-Samscrdamicum"

(ലത്തീൻ—മലയാള—സംസ്കൃത നിഘണ്ടു.) പുസ്തകത്തിന്റെ അവസാനത്തിൽ കേരളത്തിലെ രാജാക്കന്മാരിൽനിന്നും മെത്രാന്മാരിൽനിന്നുമുള്ള ഏതാനും കത്തുകൾ ഉദ്ധരിച്ചിട്ടുണ്ട്. ഈ നിഘണ്ടു പൂർത്തിയാക്കപ്പെട്ടിട്ടില്ല. 1787 ജനുവരി 8–ാംതീയതിയിലെ ഒരു കത്തിൽ ഫാദർ പൗലീനോസ് ഈ കൃതിയെപ്പററി പറയുന്നുണ്ട്. അതിനാൽ അതിനു മുൻപായിരിക്കണം രചനാകാലം. കൈയെഴുത്തുപ്രതി നാഷനൽ ലൈബ്രറിയിൽ.

7. "Traduction du Voccabularie Sahscrit-Latin.."

(സംസ്കൃത—ലത്തീൻ അകാരാദിയുടെ ഫ്രഞ്ചു പരിഭാഷ). 555 പുറങ്ങൾ. കേസറിയ മെത്രാപ്പോലീത്തായായിരുന്ന അല്പിയാർദിയുടെ കൈവശമായിരുന്ന ഈ കൈയെഴുത്തുപ്രതി ഇപ്പോൾ തന്റെ കൈവശമാണെന്ന് ഡോക്ടർ ഗുസേപ്പ ബറോണി (1888) പൗലീനോസിനെപ്പററിയുള്ള തന്റെ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

8. "Grammatica Malavar-Inglexa e Portugueza-Ingleza para o uso de sua Majestade el Rey de Travancor A, 1784"

(മലയാളം—ഇംഗ്ലീഷ്—പോർത്തുഗീസ്—ഇംഗ്ലീഷ് വ്യാകരണം—തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ഉപയോഗത്തിനുവേണ്ടി രചിച്ചതു്, 1784. രാമവർമ്മ എന്നു വിളിക്കപ്പെടുന്ന രാജാവിനു പത്മനാഭപുരം കൊട്ടാരത്തിൽവച്ചു സമർപ്പിച്ചു.) 51 പുറങ്ങൾ. വ്യാകരണ

നിയമങ്ങരം മലയാളത്തിലും പോത്തുഗീസിലും വിവരിച്ചിരിക്കുന്നു. പാഠങ്ങളും ഉദാഹരണങ്ങളും ഇംഗ്ലീഷിൽ നല്കിയിട്ട മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നു. അവസാനത്തെ 13 പുറങ്ങരം ഒരു മലയാളം—ഇംഗ്ലീഷ്—പോത്തുഗീസ് അകാരാദിയാണ്. 1784 ജനുവരി 15—നും ഏപ്രിൽ 5—നും ഇടയ്ക്ക് ഇതു രചിച്ചു. ഏപ്രിൽ 21—ാംനു- രാജാവിനു സമപ്പിച്ചു. 'ഞാൻ ഈ വ്യാകരണം മഹാരാജാവിൻെറ ഹസ്തങ്ങളിൽ സമർപ്പിച്ചപ്പോരം അദ്ദേഹം പ്രകടിപ്പിച്ച സന്തോഷം വണ്ണിക്കുക സാദ്ധ്യമല്ല' എന്നായിരുന്നു ഫാദർ പൗലീനോസ് രേഖപ്പെടുത്തിയിരിക്കുന്നതു്. കൈയെഴുത്തുപ്രതി നാഷനൽ ലൈബ്ററിയിൽ.

9. "Historia Ventus Indias seu Libor Mahabharatha vel Bharatha"

(അക്രൈസ്തവരായ ഭാരതീയരുടെ ഇടയിൽ ഏററവും പ്രസിദ്ധിയാർജ്ജിച്ച മഹാഭാരതത്തെ—ഭാരതത്തെ—ആധാരമാക്കിയുള്ള പ്രാചീന ഭാരതത്തിൻെറ ചരിത്രം) 200 പുറങ്ങളുള്ള ഈ ഗ്രന്ഥം ഒരു മലയാളകൃതിയാണ്. അവസാനത്തെ പേജിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. 'കേരളത്തിൽ ആലങ്ങാട്ട പട്ടണത്തിൽവച്ച് 1778—ൽ പഴയ കൈയെഴുത്തു കൃതികളെ ആധാരമാക്കി ....മലയാള ഭാഷയിലും മലയാള ലിപികളിലും ഈ ഗ്രന്ഥം എഴുതി. ഇതൊരു അമൂല്യകൃതിയാണ്. അത്യന്തം ശ്രദ്ധയോടുകൂടി ഇതു സൂക്ഷിക്കേണ്ടതാകുന്നു.' കൈയെഴുത്തുപ്രതി കമ്മലീത്താസഭാജനറലിൻെറ ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്നു.

10. "Celeberranum poema Maga Samscradanum"

(ഏററം പ്രസിദ്ധമായ മാഘം എന്നു സംസ്കൃതകാവ്യം) സംസ്കൃതത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഈ പ്രബന്ധത്തിനു 17 പുറങ്ങരം വരും. രാമായണം മുതലായ ഭാരതീയേതിഹാസങ്ങളിൽനിന്നു പല ഉദ്ധരണികളും ഉണ്ട്.

റോമയിലെ വിക്ടർ എമ്മാനുവൽ നാഷനൽ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

11. "Epistola Fictitia Gentilis Cujusdam Monachi"

വിഷ്ണുവിൻെറ പതിനൊന്നാം അവതാരം 1783–ൽ സംഭവിക്കുമെന്നു കാണിച്ച് ഒരു അക്രൈസ്തവസന്യാസി എഴുതുന്ന സങ്കല്പലേഖനം. ഏററവും നല്ല മലയാളത്തിൽ എഴുതപ്പെട്ടതും കേരളത്തിലെ അക്രൈസ്തവരുടെ ഇടയിൽ പ്രചരിപ്പിച്ചിട്ടുള്ളതും. നാഷനൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. ഫാദർ പൗലീനോസ് ഈ സങ്കല്പലേഖനത്തിൻെറ കർത്താവോ പകർപ്പെഴുത്തുകാരനോ എന്നു വ്യക്തമല്ല.

12. "Vitas Jesu Christi.."

(ഈശോയുടെ ജീവചരിത്രം) അർണ്ണോസുപാതിരി എഴുതിയിട്ടുള്ള പല ഗാനങ്ങളോടുകൂടി 1780–ൽ ഫാദർ പൗലീനോസ് മലയാളത്തിൽ എഴുതിയിട്ടുള്ളതു്. നാഷനൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന ഈ കൈയെഴുത്തു പ്രതിക്കു 104 പുറങ്ങളുണ്ടു്. കൈയെഴുത്തു പ്രതിയുടെ രണ്ടു പകർപ്പുകളാണു് അവിടെയുള്ളതു്.

13. "Eximi libri Judhishtira Samscrdamici"

(യുധിഷ്ഠിര എന്ന പ്രഖ്യാത സംസ്കൃതഗ്രന്ഥത്തിൽ നിന്നു ചില അദ്ധ്യായങ്ങൾ) 20 പുറങ്ങളുണ്ടു്. ഒടുവിൽ ഇങ്ങനെ കാണുന്നു: 'തൃശ്ശൂരെ ഒരു ബ്രാഹ്മണൻെറവക കൈയെഴുത്തു കൃതിയിൽനിന്നു 1779–ൽ പകത്തിയതു്.' നാഷണൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു.

14. "Sequuntur Veria Rescripta regia et modus scribendi regibus ac ministris Malabariae"

(പല രാജകീയ തീരുമാനങ്ങളും, കേരളത്തിലെ രാജാക്കന്മാർക്കും മന്ത്രിമാർക്കും എഴുതേണ്ട രീതികളും) ഇവയിൽ ചിലതു ഫാദർ പൗലീനോസ് എഴുതിയിട്ടുള്ളതും

ചിലതു് അദ്ദേഹം ശേഖരിച്ചിട്ടുള്ളതുമാണു്. ഈ മലയാള കൃതിയും നാഷനൽ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

15. പല സംസ്കൃതപാഠഭാഗങ്ങളുടെയും സമാഹാരമാണു് ഈ കൃതി. ഇവ അൻസ്റ്റോസ്പാതിരിയുടെ കൃതികളിൽനിന്നു സമാഹരിച്ചതാണെന്നു തോന്നുന്നു. മലയാള ഭാഷാശാസ്ത്രത്തെപ്പററിയും മലയാളം ലിപിയെപ്പററിയും മലയാള ഭാഷയെപ്പററിയുമുള്ള ചില പ്രതിപാദനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

16. "Regis Coshelen Cantilena"

(കോസല (?) രാജാവിൻെറ പാട്ടുകൾ) ഇതൊരു മലയാളകൃതിയാണു്. ലത്തീൻ പരിഭാഷയും ഉണ്ടു്. കൈയെഴുത്തുപ്രതി നാഷനൽ ലൈബ്രറിയിൽ.

17. "Dissertatiuncula historico-critica in Linguam Samscrdamicam.."

(സംസ്കൃത ഭാഷയെപ്പററിയുള്ള ചരിത്ര—വിമർശപരമായ ഒരു ചെറിയ പ്രതിപാദനം.). സംസ്കൃതഭാഷയുടെ വ്യാകരണത്തിനു് ഒരു ആമുഖം. ഇതിൽ സംസ്കൃത ഭാഷയുടെ അസ്തിത്വം, ശ്രേഷ്ഠത, പ്രാചീനത്വം, മാതൃത്വം മുതലായവ വ്യക്തമാക്കിയിരിക്കുന്നു. സംസ്കൃത ഭാഷയിലുള്ള ചില ഗ്രന്ഥങ്ങളുടെ നിരൂപണങ്ങളും ചേർത്തിട്ടുണ്ടു്. 1795–നു് അടുത്തായിരിക്കണം ഇതിൻെറ രചനാകാലം. റോമയിൽ കർമ്മലീത്ത സഭാജനറലിൻെറ ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്നു.

18. തിരുവിതാംകൂർ രാജാവിനു് എഴുതിയിട്ടുള്ളതും രാജാവു് എഴുതിയിട്ടുള്ളതുമായ പല കത്തുകൾ. 1780 എന്നാണു രചനാകാലം കാണിച്ചിരിക്കുന്നതു്. ഇതിൻെറ കൂടെ ചില മലബാർ കത്തുകളും ഫ്രഞ്ചുഭാഷയിലുള്ള സങ്കല്പകായിതങ്ങളുമുണ്ടു്. നാഷനൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു.

19. 'ഫാദർ പൗലീനോസിൻെറ കത്തുകൾ' 1782 മുതൽ 87 വരെയുള്ള മിഷനറി പ്രവത്തനഘട്ടത്തിലെ പല കത്തുകളുടെ ഒരു സമാഹാരമാണിതു്. 1789 മുതൽ 1806 വരെ റോമിൽവച്ചു് എഴുതിയ ചില കത്തുകളും കൂട്ടത്തിലുണ്ടു്. ലത്തീൻ, പോൎത്തുഗീസ്, ഫ്രഞ്ചു്, ജമ്മൻ, ഇററാലിയൻ, മലയാളം എന്നീ ഭാഷകളിലാണു് എഴുതപ്പെട്ടിരിക്കുന്നതു്; ഇതും നാഷനൽ ലൈബ്രറിയിൽ ത്തന്നെ.

20. "Libellus pro moribundis conscriptus in diversis linguis ad usum.."

(മരണാവസ്ഥയിലിരിക്കുന്നവരുടെ ഉപയോഗത്തിനു വേണ്ടിയുള്ള ഒരു ചെറുപുസ്തകം—ഫാദർ പൗലീനോസിൻെറ ഉപയോഗത്തിനുവേണ്ടി 1775–ൽ എഴുതിയതു്.) പോൎത്തുഗീസ്സു്, ഫ്രഞ്ചു്, ജർമ്മൻ, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ എഴുതപ്പെട്ടിരിക്കുന്നു. പുസ്തകത്തിൻെറ ഒരു രണ്ടാംഭാഗമായി വിശ്വാസം, ശരണം, ഉപവി എന്നിവയുടെ പ്രകരണങ്ങൾ അതതു ഭാഷകളിൽ ചേൎത്തിട്ടുണ്ടു്. നാഷനൽ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

21. "Sermo in festo S. Teresiae"

(വിശുദ്ധ ത്രേസ്യായുടെ തിരുനാളിനുള്ള പ്രസംഗം) 1787–ൽ മലയാളഭാഷയിൽ വിരചിതമായി. നാഷനൽ ലൈബ്രറിയിലാണു സൂക്ഷിച്ചിരിക്കുന്നതു്.

22. "Compendium Theologiae Moralis ad usum et directionem cleri Malabarici.."

(കേരളീയവൈദികരുടെ ഉപയോഗത്തിനും മാർഗ്ഗദർശനത്തിനുംവേണ്ടിയുള്ള സന്മാർഗ്ഗശാസ്ത്ര സംഗ്രഹം.) ഫാദർ പൗലീനോസ് മലയാളത്തിൽ രചിച്ചിട്ടുള്ളതു്. ഈ സന്മാൎഗ്ഗശാസ്ത്ര സംഗ്രഹി ഏതദ്ദേശീയ വൈദികരും മിഷനറിമാരും വികാരി അപ്പസ്തോലിക്കയും വായിച്ചു്

അംഗീകരിച്ചിട്ടുള്ളതാണു്. തിരുസംഘത്തിൻെറ 1790 ജൂലൈ 19–ാംതീയതിയിലെ ഒരു ഡിക്രി അനുസരിച്ച സംസ്കൃത വ്യാകരണത്തോടൊപ്പം ഇതും പ്രസിദ്ധീകരിക്കുവാൻ അനുവദിച്ചിട്ടുള്ളതാണു്. പക്ഷേ, സന്മാർഗ്ഗശാസ്ത്രസംഗ്രഹം കൂടാതെ വ്യാകരണം തന്നെയാണു പ്രസിദ്ധപ്പെടുത്തിയതു്. പോർത്തുഗീസ് ഭാഷയിലുള്ള പകപ്പിൽ ഇങ്ങനെ കൂടി ചേർത്തു കാണുന്നു. 'പട്ടം, ജ്ഞാനസ്നാനം, വൈദികസ്ഥാനവിക്രയം, വൈദികശിക്ഷകൾ, കുർബാനയെന്ന ദിവ്യബലി, കുമ്പസാരം, സ്ഥൈര്യലേപനം മുതലായവയെ സംബന്ധിച്ച ദൈവശാസ്ത്രം. വരാപ്പുഴ മിഷനറിമാരുടെ ഉപയോഗത്തിനുവേണ്ടി 1786.' റോമിലുള്ള കർമ്മലീത്താ സഭാജനറലിൻെറ ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

(ആദ്ധ്യാത്മികധ്യാനത്തിനുള്ള ഒരു ഗ്രന്ഥം) 1785–ൽ ഫാദർ പൗലീനോസ് രചിച്ചതു്. എട്ടു ദിവസത്തേക്കുള്ള ധ്യാനം ഇതിൽ അടങ്ങിയിരിക്കുന്നു. ഇതും കർമ്മലീത്താ സഭാ ജനറലിൻെറ ഗ്രന്ഥശേഖരത്തിലാണു സൂക്ഷിച്ചിരിക്കുന്നതു്.

24. 'കേരളത്തിലെ സസ്യശാസ്ത്രം'. മററൊരാളുടെ കൃതിയാണിതെന്നും താൻ തെററുകൾ തിരുത്തുകയും ചിലതു കൂട്ടിച്ചേർക്കുകയും മാത്രമേ ചെയ്തിട്ടുള്ളുവെന്നും പൗലീനോസ് പറയുന്നു. ലത്തീൻ, ഫ്രഞ്ചു്, പോർത്തുഗീസു്, മലയാളം എന്നീ ഭാഷകളിൽ പകർപ്പുകളുണ്ടു്. നാഷനൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു.

25. "De sex divinis attributis Carmen.."

(ദേവസ്യഷഷ്ഠചിഹ്നഗാനം) ദൈവത്തിൻെറ ആറു ലക്ഷണങ്ങളെപ്പററി മണിപ്രവാളശൈലിയിൽ എഴുതിയിട്ടുള്ള ഒരു ഗാനകാവ്യമാണിതു്. ഇതിൻെറ രണ്ടു കൈയെഴുത്തുപ്രതികൾ കർമ്മലീത്താ സഭാജനറലിൻെറ ഗ്രന്ഥശേഖരത്തിലുണ്ടു്.

26. 'Ave Maris Stella' (സമുദ്രതാരമേ സ്വസ്തി)- ഇതൊരു മലയാളകൃതിയാണ്. 199 പുറങ്ങളുണ്ട്. പൗരസ്ത്യഭാരതത്തിലെ ക്രിസ്തുമതം എന്ന ഗ്രന്ഥത്തിൽ ഫാദർ പൗലീനോസ് സൂചിപ്പിക്കുന്ന അജ്ഞാതസുപാതിരിയുടെ ഗ്രന്ഥത്തിൻെറ പരിഭാഷയായിരിക്കാമിതു്. കൈയെഴുത്തുപ്രതി കർമ്മലീത്താസഭാജനറലിൻെറ ഗ്രന്ഥശേഖരത്തിലുണ്ട്.

27. 'കേരളത്തിലെ അക്രൈസ്തവരുടെ ഇടയിലെ ആചാരങ്ങളും ചട്ടങ്ങളും സംബന്ധിച്ച പലവക കുറിപ്പുകൾ. ഇതു ലത്തീനിലാണ് എഴുതിയിരിക്കുന്നതെങ്കിലും സാങ്കേതികശബ്ദങ്ങളൊക്കെ മലയാളത്തിൽതന്നെ ചേർത്തിരിക്കുന്നു. കൈയെഴുത്തുപ്രതി നാഷനൽ ലൈബ്രറിയിൽ.

28. 'ഫാദർ പൗലീനോസു ശേഖരിച്ചിട്ടുള്ള ഗ്രന്ഥങ്ങളിലും കൈയെഴുത്തുകൃതികളിലുംനിന്നുള്ള റിമാർക്കുകളും സ്മാരകങ്ങളും പാഠങ്ങളും പലതരത്തിലുള്ള നോട്ടുകളും 1791'. പൗരസ്ത്യസഭകൾ, പൗരസ്ത്യലിപികൾ, മുതലായവയെപ്പററിയുള്ള പല റിപ്പോർട്ടുകളും രേഖകളും ഈ സമാഹാരത്തിലുണ്ട്. റോമയിലെ കർമ്മലീത്താസഭാ ജനറലിൻെറ ഗ്രന്ഥശേഖരത്തിൽ കൈയെഴുത്തുപ്രതി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

29. Grammatica Tamoulica in Compendium redacta'

(തമിഴ് വ്യാകരണസംഗ്രഹം)

30. 'Grammatica Syro-Chaldaica ex varis libris congesta a P. P. 1784'.

(കൽദായ സുറിയാനി വ്യാകരണം) പല ഗ്രന്ഥങ്ങളെ അവലംബിച്ചാണ് രചിച്ചതെന്നു പൗലീനോസ്

പറയുന്നു. കർമ്മലീത്താസഭാ ജനറാലിൻെറ ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെടുന്നു.

## മററു കൃതികൾ

സന്മാർഗ്ഗം, മതം, ചരിത്രം ഭൂമിശാസ്ത്രം, ഭാഷാശാസ്ത്രം മുതലായ വിഷയങ്ങളെപ്പററി ഫാദർ പൗലീനോസ് അനേകം ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്. ഇവയെല്ലാംതന്നെ കൈയെഴുത്തു പ്രതികളായി അവശേഷിക്കുകയാണ്. ഇവയിൽ പ്രധാനപ്പെട്ടവയുടെ പേരുവിവരം താഴെ ചേർക്കുന്നു.

1. 'Il Giuramento-Risposita del....P.P.'

(റോമൻ റിപ്പബ്ളിക്കിലെ ഗവർമെൻറുദ്യോഗസ്ഥന്മാർ ചെയ്യേണ്ട സത്യപ്രതിജ്ഞാവാചകത്തിനുള്ള ഫാദർ പൗലീനോസിൻെറ മറുപടി) 'രാജാധികാരത്തെയും അരാജകത്വത്തെയും എതിർത്തുകൊള്ളാമെന്നും റിപ്പബ്ളിക്കിനും ഭരണഘടനയ്ക്കും വിശ്വസ്തനായിരുന്നു കൊള്ളാമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.' എന്നു റിപ്പബ്ളിക്കിൻെറ അന്നത്തെ സത്യപ്രതിജ്ഞയിലുണ്ടായിരുന്നു. ഇതിനാണു പൌലീനോസ് മറുപടി പറയുന്നതു്. ഇതിൻെറ അവസാനത്തിൽ ഈ ഇററാല്യൻകൃതി അച്ചടിച്ചു പ്രസിദ്ധപ്പെടുത്താൻ 6.5. 1799-ൽ ഇൻക്വിസിററർ ജനറൽ നൽകിയ അനുവാദവും ചേർത്തിട്ടുണ്ട്.

2. 'Aliquot Conciones in lingua Germanica'.

(ജർമ്മൻ ഭാഷയിൽ വിരചിതമായ ഏതാനും പ്രസംഗങ്ങളാണ് ഉള്ളടക്കം) ഇതു മിക്കവാറും ലിസ്ബണിൽ ആയിരുന്നപ്പോൾ ചെയ്ത പ്രസംഗങ്ങളായിരിക്കണം.

3. 'Sulla Proprieta e Restituzione de Beni ecclesiastici e seculari..'

(വൈദികവും മതേതരവുമായ സ്വത്തുക്കൾ, അവയ്ക്കു നല്കേണ്ട നഷ്ടപരിഹാരം എന്നിവയെപ്പററിയുള്ള ആ

ദ്ധ്യാത്മികവും നൈയാമികവും ആയ ഒരു പ്രതിപാദനം) ഇതും ഇററാല്യൻ ഭാഷയിലാണ്.

4. 'Alla S.C. dell' Indice....'

(ഇൻഡക്സ് സംബന്ധിച്ച തിരുസംഘത്തിനു്) ഈശോ സഭയിൽപ്പെട്ട ഡിബെർത്തലോമ്യോ മോൺടൺ എന്ന വൈദികൻ എഴുതിയിട്ടുള്ള 'വിശ്വാസത്തെയും നടപടിയെയും പിന്താങ്ങുന്ന വിചിന്തനങ്ങൾ' എന്ന ഗ്രന്ഥത്തെപ്പററിയുള്ള പൗലീനോസിന്റെ അഭിപ്രായമാണിതു്. പ്രത്യേകിച്ച് അതിലെ 22–ാം ധ്യാനത്തെപ്പററി. പ്രസ്തുതഗ്രന്ഥം കത്തോലിക്കാവിശ്വാസത്തിനു ചേരാത്തതാണോയെന്നു പരിശോധിക്കാൻ നിയുക്തമായ കമ്മീഷനിലെ ഒരംഗമായിരുന്നു പൗലീനോസ്. ഈ കൃതിയും ഇററാല്യൻ ഭാഷയിലാണ്.

5. 'Sententiae pro vita Christiana'.

(ക്രിസ്തീയജീവിതത്തെ സംബന്ധിച്ച സൂക്തങ്ങൾ. പേപ്പൽസൈന്യത്തിന്റെ നായകനായ മി. മസ്രീനിയുടെ ഉപയോഗത്തിനുവേണ്ടി എഴുതിയതു്) ഇതു് ലത്തീനിലും ഇററാല്യനിലും എഴുതപ്പെട്ടിരിക്കുന്നു.

6. 'Examen Conscientiae in lingua Anglicana.'

(ഇംഗ്ലീഷ്ഭാഷയിൽ ആത്മശോധന)

7. മതം—ഇൻഡ്യക്കാരുടെ മതത്തെപ്പററി ഫ്രഞ്ചു ഭാഷയിൽ എഴുതിയിട്ടുള്ള കുറിപ്പുകൾ.

8. 'Notize laconiche di alcuni usi sacricicii idoli,nel regno de Nevar, o sita di Nepalle..'

(നീവാർ അഥവാ നീപ്പാൾ രാജ്യത്തിലെ ചില ആചാരങ്ങൾ, ബലികൾ, വിഗ്രഹങ്ങൾ എന്നിവയെപ്പററി

യുള്ള ചെറിയ കുറിപ്പുകൾ) ഫാദർ പൗലീനോസ് ഇററാ ല്യൻ ഭാഷയിൽ രചിച്ചിരിക്കുന്ന ഈ കുറിപ്പുകൾ ഇങ്ങ നെ പുസ്തകമായി സമാഹരിച്ചതു് ഒരു ഫാദർ കോൺ സ്റ്റൻറയിൽ ആണു്.

ഈ എട്ടു കൈയെഴുത്തു പ്രതികളും റോമയിലെ വി ക്ടർ എമ്മാനുവൽ നാഷനൽ ലൈബ്രറിയിൽ സൂക്ഷിച്ചി രിക്കുന്നു.

9. 'Variae notitiae geographicae super locis et fluminibus Indis'.

(ഇൻഡ്യയിലെ സ്ഥലങ്ങളെയും നദികളെയും പററി യുള്ള ഭൂമിശാസ്ത്രപരമായ കുറിപ്പുകൾ. 11-ാം നമ്പർ കൃതിയുടെ ഒരു ഭാഗമാണോ ഇതെന്നു സംശയിക്കണം.

10. 'Indiae Orientalis Geographia Sacra..'

(പൗരസ്ത്യഭാരതത്തിൻെറ പവിത്രമായ ഭൂമിശാ സ്ത്രം) ലത്തീനിലുള്ള ഈ രണ്ടു കൈയെഴുത്തുകൃതികളും നാ ഷനൽ ലൈബ്രറിയിലാണു സൂക്ഷിച്ചിരിക്കുന്നതു്.

11. Indiae Orientalis Geographia Sacro'.

(പൗരസ്ത്യഭാരതത്തിൻെറ പവിത്രമായ ഭൂമിശാ സ്ത്രം) ഒരു ഭൂപടവും 41 പുറങ്ങളുമുള്ള ഈ കൃതിയുടെ രച നാകാലം 1972 ആണു്. 'ഇവിടെ വർണ്ണിക്കപ്പെടുന്ന സ്ഥ ലങ്ങളോടു് ഭാരതീയർക്കു് അത്യഗാധമായ ഭക്തിയാണു ള്ളതു്. മഹാമേരു പർവ്വതം, ഗംഗാനദി, സിന്ധുനദി, അ യോദ്ധ്യാ. മധുര, കാശി, യമുന, ബ്രഹ്മപുത്രാ, കാഞ്ചീ പുരം, രാമേശ്വരംക്ഷേത്രം, ലങ്കാദ്വീപു്, കന്യാകുമാരി, തുടങ്ങിയവ. കൈയെഴുത്തുപ്രതി വത്തിക്കാൻ ഗ്രന്ഥ ശാലയിൽ സൂക്ഷിച്ചിരിക്കുന്നു.

12. Informazione sopra i Caldei del Malabar'.

(കേരളത്തിലെ കൽദായക്കാരെപ്പററിയുള്ള വിവരങ്ങൾ) 1796—ൽ എഴുതിയ ഈ ഇററാല്യൻകൃതി പ്രൊപ്പഗാന്താ തിരുസംഘംവക ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്നു.

13. 'Observationes Geographicae, Topographicae, Historicae, Criticae in Missionem Malabariae et Christanos S. Thomae ...'

(മലബാർ മിഷനെയും മാർത്തോമ്മാക്രിസ്ത്യാനികളെയുംപററിയുള്ള ഭൂമിശാസ്ത്രപരവും പ്രദേശപരവും ചരിത്രപരവും വിമർശനാത്മകവുമായ നിരീക്ഷണങ്ങൾ) 1785—ൽ ഫാദർ പൗലീനോസ് എഴുതിയതു്. 96 പേജുള്ള ഈ ലത്തീൻകൃതി കർമ്മലീത്താസഭാജനറാലിൻെറ ഗ്രന്ഥശേഖരത്തിലുണ്ടു്.

14. 'Relation topographique, Politique et religieuse de la Cota Malabare....'

(മലബാർതീരത്തെപ്പററിയുള്ള പ്രാദേശികവും രാഷ്ട്രീയവും മതപരവുമായ റിപ്പോർട്ടു്) രചനാകാലം 1789. 82 പുറങ്ങൾ. കൈയെഴുത്തുപ്രതി നാഷനൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. III 29—ൽ പറഞ്ഞിരിക്കുന്ന കൃതി ഇതിൻെറ ഒരു സംഗ്രഹമാണെന്നു തോന്നുന്നു.

15. 'Brevis notitia de Malabaria..'

(കേരളത്തെപ്പററിയുള്ള ചെറിയ കുറിപ്പുകൾ) അവസാനത്തെ പുറത്തു് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. 'കേരളത്തിൻെറ പ്രാദേശികഭൂമിശാസ്ത്രത്തെപ്പററിയുള്ള ഈ കൃതി കേരളീയനായ ഫാദർ ക്രൂസ് ഫെർണാണ്ടസ് പോർട്ടുഗീസുഭാഷയിൽ എഴുതി. ഫാദർ പൗലീനോസ് അതിനെ വിപുലപ്പെടുത്തുകയും, തെററുതിരുത്തുകയും ചെയ്തു. 1782 ആണു രചനാകാലം. കൈയെഴുത്തുപ്രതി നാ

ഷനൽ ലൈബ്രറിയിൽ. ലത്തീനിലാണ് എഴുതപ്പെട്ടിരിക്കുന്നത്.

16. 'Abrege des choses rapportees dans le Voyage de Niebuhr.'

(നീബൂരിലേയ്ക്കുള്ള യാത്ര എന്ന കൃതിയിൽ വിവരിച്ചിരിക്കുന്ന സംഗതികളുടെ ചുരുക്കം) ഫ്രഞ്ച്, ജർമ്മൻ, ലത്തീൻ എന്നീ ഭാഷകളിൽ രചിക്കപ്പെട്ടിരിക്കുന്നു. രചനാകാലം 1778. കൈയെഴുത്തുപ്രതി നാഷനൽ ലൈബ്രറിയിൽ.

17. 'Mythologia Malabarica seu Indica ex libris Indicis, statuis, Idolis, relationibus auctorum et monumentis emi Card Borgia collectis.'

(ഇന്ത്യയിലെ പുസ്തകങ്ങൾ, പ്രതിമകൾ, വിഗ്രഹങ്ങൾ, ഗ്രന്ഥകാരന്മാരുടെ റിപ്പോർട്ടുകൾ, കർദ്ദിനാൾ ബോർജിയായുടെ ശേഖരത്തിലുള്ള സ്മാരകങ്ങൾ മുതലായവയിൽനിന്നു സംഭരിച്ചിട്ടുള്ള കേരളത്തിലെ, അഥവാ ഭാരതത്തിലെ പുരാണകഥകൾ) നാഷനൽ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

18. 'P. P. Critisch-historische Beschreibung Von der Kuste Malabars.'

(കേരളതീരത്തെപ്പററിയുള്ള വിമർശനപരവും ചരിത്രപരവുമായ വിവരണം) 1790–ൽ ജർമ്മൻ ഭാഷയിൽ വിരചിതമായി. നാഷനൽ ലൈബ്രറിയിൽ.

19. 'Varie Notizie dell' Indostani.

(ഹിന്ദുസ്ഥാനത്തെപ്പററിയുള്ള വിവിധ കുറിപ്പുകൾ. 1774–ൽ ടിബററിലെ മിഷൻരംഗത്തുനിന്ന് ഇററലിയിലേക്കു തിരിച്ചുവന്ന കപ്പൂച്ചിൻ വൈദികനായ ഫാദർ

മക്കോ ഡെല്ലാ ടോംബോ നൽകിയതു്. ഈ ഇററാല്യൻ കൈയെഴുത്തുപ്രതിയും നാഷനൽലൈബ്രറിയിൽത്തന്നെ.

20. 'Variae Notitiae Historicae Super antiqua India..'

(പ്രാചീനഭാരതത്തെപ്പററിയുള്ള ചരിത്രപരമായ പല കുറിപ്പുകൾ) ഒരുപക്ഷേ, ഇതു 10–ാം നമ്പർ കൃതിയുടെ ഒരു ഭാഗമായിരിക്കണം. ഇതും നാഷനൽ ലൈബ്രറിയിലാണു് സൂക്ഷിക്കപ്പെട്ടിരിക്കുന്നതു്.

21. 'Hellonopedia, P. P. Grammatica linguae Graecae'.

(ഹെല്ലനോപീഡിയാ ഗ്രീക്കുഭാഷയുടെ ഒരു വ്യാകരണം) വിശദീകരണങ്ങളൊക്കെ ലത്തീൻ ഭാഷയിലാണു്. ഇതിൻെറ കൈയെഴുത്തുപ്രതിയും നാഷനൽ ലൈബ്രറിയിലാണു്.

22. '313 ഭാരതീയകൈയെഴുത്തു കൃതികളടങ്ങിയ ഭാരതീയഗ്രന്ഥാലയം, അഥവാ കർദ്ദിനാൾ സ്റ്റീഫൻ ബോർജിയായുടെ ചെലവിൽ അച്ചടിക്കുന്നതിനു ഫാദർ പൗലീനോസു് തയ്യാറാക്കിയ, അപ്രകാശിതങ്ങളായ ഭാരതീയകൈയെഴുത്തുകൃതികളുടെ വിപുലവും കൂടുതൽ സത്യസന്ധവുമായ പട്ടിക.' 50 പുറങ്ങളും 8 പുറങ്ങളടങ്ങിയ ഒരു അനുബന്ധവുമുണ്ടു്. 1803 ആണു രചനാകാലം. കർദ്ദിനാൾ ബോർജിയായുടെ അപ്രതീക്ഷിതമായ മരണംമൂലം അച്ചടിക്കുകയുണ്ടായില്ല. ഇന്ത്യയുടെ ചരിത്രത്തെയും അവിടത്തെ പ്രാചീനഭാഷകളെയുംപററി വിജ്ഞേയങ്ങളായ അനേകം വിവരങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. കൈയെഴുത്തുപ്രതി കർമ്മലീത്താസഭാജനറലിൻെറ ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്നു.

23. 'പ്രോപ്പഗാന്താ തിരുസംഘംവക ഗ്രന്ഥാലയ

ത്തിലുള്ള ഭാരതീയകൈയെഴുത്തുകൃതികളുടെ വിമർശനാത്മകവും ചരിത്രപരവുമായ പഠനം....'

24. 'പ്രോപ്പഗാന്താ തിരുസംഘംവക ഗ്രന്ഥാലയത്തിലുള്ള ഭാരതീയഗ്രന്ഥങ്ങൾ.' ഒരുപക്ഷേ, ഇതു മുകളിലത്തേതിൻെറ ഒരു ഭാഗമായിരിക്കാം. രണ്ടും നാഷനൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു.

25. 'ഭാഷാപരവും ഭൂമിശാസ്ത്രപരവും ചരിത്രസംബന്ധവുമായ അനേകം കുറിപ്പുകളുടെ സമാഹാരം 'De Latini Sermonia Origine' എന്ന കൃതിയുടെ ഒരു ഭാഗവും ഇതിലുണ്ട്.

26. 'നാഷനൽ ഇൻസ്റ്റിററ്യൂട്ടിൻെറ സംഘടന' മലബാർ മിഷൻെറ സാമാന്യസ്വഭാവം—1790' എന്ന രണ്ടു പ്രബന്ധങ്ങൾ.

27. '1799--1802 കാലഘട്ടത്തിലെ ഇററലിയുടെ പ്രത്യേകിച്ച റോമായുടെ ചരിത്രത്തിനുവേണ്ടിയുള്ള കുറിപ്പുകളും സ്മരണകളും' ലത്തീനിലാണ് ഇതു് എഴുതിയിരിക്കുന്നതു്.

28. 'ഏഷ്യയെ സംബന്ധിച്ച ഗവേഷണങ്ങൾ ഹിന്ദുക്കളുടെ സാഹിത്യത്തെപ്പററിയുള്ള ഒരു വ്യാഖ്യാനം' ഇതു ലത്തീനിലും ഇംഗ്ലീഷിലും ഉണ്ടു്. മററു ഗ്രന്ഥകാരന്മാരുടെ കൃതികളിൽനിന്നു് സമാഹരിച്ചിട്ടുള്ള കുറിപ്പുകളാണിതെന്നു ഗ്രന്ഥകാരൻ പറയുന്നു.

29. 'ദി ജീനിയസ് ഓഫ് ഫ്രാൻസ്' എന്ന പ്രതിമ കൊത്തിയ ശില്പിയെ സംബന്ധിച്ചുള്ള ഗീതകം.'

30. 'സാഹിത്യപരമായ ഉപാഖ്യാനങ്ങൾ' 1797 ആണു രചനാകാലം.

31. വിശുദ്ധ പംക്രേഷ്യസ്സിന്റെ ദൈവാലയത്തിലും കോളേജിലുമുള്ള ജംഗമസാധനങ്ങളുടെ പട്ടിക—അതിന്റെ പ്രസിഡന്റായിരുന്ന പൗലീനോസ് 1801, 1802 കൊല്ലങ്ങളിൽ സമ്പാദിച്ചതു്. 1798—ൽ ആയിരത്തഞ്ഞൂറോളം സ്വാതന്ത്ര്യവാദികൾ ആ സ്ഥാപനം നശിപ്പിച്ചതിനെത്തുടർന്നു പൗലീനോസാണല്ലോ അതു പുനരുദ്ധരിച്ചതു്.

32. വിശുദ്ധ പംക്രേഷ്യസിന്റെ ദൈവാലായവും കോളേജും പുനരുദ്ധരിക്കുന്നതിനായി 1800—ൽ ചെയ്ത കാര്യങ്ങളുടെ ഒരു വിവരണം.

33. 'പല ഗ്രന്ഥകാരന്മാരുടെ കൃതികളിൽനിന്നുള്ള ഉദ്ധരണങ്ങൾ' വലിയ പ്രയോജനമില്ലാത്ത ഉദ്ധരണങ്ങൾ എന്നാണു ഫാദർ അംബ്രോസ് ഇവയെപ്പററി രേഖപ്പെടുത്തിയിരിക്കുന്നതു്.

25 മുതൽ 33വരെ കൈയെഴുത്തുപ്രതികൾ വിക്ററർ എമ്മാനുവൽ നാഷനൽ ലൈബ്രറിയിലാണു സൂക്ഷിച്ചിരിക്കുന്നതു്.

34. 'അലെപ്പോ, ട്രിപ്പോളി, മൗണ്ടു മാർമെൽ, മൌണ്ടു ലെബനോൻ എന്നിവിടങ്ങളിൽ പ്രേക്ഷിത വേലയിലേർപ്പെട്ടിരിക്കുന്ന നിഷ്പാദുക കർമ്മലീത്താ സന്യാസികൾക്കു ഫാദർ പൗലീനോസ് എഴുതിയ ഒരു സന്ദേശം. മനോഹരമായ ഈ കത്തു 1798 മെയ് 7—ാം തീയതിയാണു് എഴുതിയതു്. ഇതും നാഷനൽ ലൈബ്രറിയിൽ.

35. പൗലീനോസിന്റെ ഡയറി—1774 ഏപ്രിൽ 17 മുതൽ 1776 ജനുവരി 18 വരെ. 144 പുറങ്ങൾ. ഭാഷ ജർമ്മൻ. നാഷനൽ ലൈബ്രറിയിൽ.

36. പൗലീനോസിൻെറ ഡയറി—1776 ജനുവരി 18 മുതൽ 1776 ജൂലൈ 17 വരെ. ഇതും ജർമ്മൻ ഭാഷയിൽ. ഇതിൽ ഒരു ഭാഗം മുദ്രിതമായിട്ടുണ്ട്. III 28 നോക്കുക. കൈയെഴുത്തുപ്രതി മോണ്ടി കംപാട്രിയിലുള്ള കർമ്മലീത്താ സന്യാസാശ്രമംവക ഗ്രന്ഥശേഖരത്തിൽ.

37. 'കേരളത്തെ സംബന്ധിച്ച ഡയറി—1777 ജനുവരി 11 മുതൽ 1787 ഒക്ടോബർ 6 വരെ.' പൗരസ്ത്യഭാരതത്തിലേക്കുള്ള യാത്രയുടെ ചെലവും പ്രസ്താവാർഹങ്ങളായ മററു കാര്യങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. 165 പുറങ്ങളുള്ള ഈ കൃതി ലത്തീനിലാണു രചിച്ചിരിക്കുന്നതു്. അവസാനത്തെ പേജ് പോർത്തുഗീസിലും. കർമ്മലീത്താ സഭാജനറലിൻെറ ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

38. പൗലീനോസിൻെറ ഡയറി—1786 ഒക്ടോബർ 16 മുതൽ 1789 മാർച്ച് 2 വരെ. പോർത്തുഗീസ് ഭാഷയിലാണ്. 74 പുറങ്ങൾ. കൈയെഴുത്തുപ്രതി നാഷനൽ ലൈബ്രറിയിൽ.

39. പൗലീനോസിൻെറ ഡയറി—1798 ജനുവരി 11 മുതൽ 1804 നവംബർ 3 വരെ. കൈയെഴുത്തുപ്രതി നാഷനൽ ലൈബ്രറിയിൽ.

## മലയാളകൃതികൾ

പൗലീനോസ് പാതിരിയുടെ മലയാളകൃതികളെപ്പററി മഹാകവി ഉള്ളൂർ തൻെറ ഭാഷാ സാഹിത്യ ചരിത്രത്തിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്: 'ത്രേസിയാചരിതം, ദേവഷഡ്ഗുണം, കുദാശപ്പുസ്തകം, എട്ടു ദിവസത്തെ ധ്യാനം, ദിവ്യജ്ഞാനലബ്ധിക്കുള്ള സരണി എന്നീ ഗദ്യകൃതികളും മലയാള വ്യാകരണം, അക്ഷരമാലാ

വിസ്താരം എന്നീ വ്യാകരണ ഗ്രന്ഥങ്ങളും രചിച്ചിട്ടുള്ള തായി പറയുന്നു. ഇവയിൽ ഒടുവിലത്തെ രണ്ടു ഗ്രന്ഥങ്ങൾ കണ്ടുകിട്ടിയിട്ടില്ല (പുറം 672). പക്ഷേ, ഇവ മാത്രമല്ല അദ്ദേഹത്തിൻെറ മലയാള കൃതികളെന്നു മുകളിൽ കൊടുത്ത പട്ടികകൾ തെളിയിക്കുന്നു.

1. നൂറു പഴഞ്ചൊല്ലുകൾ (III 57), 2. സംസ്കൃതവ്യാകരണം (IV 3), 3. സംസ്കൃത അകാരാദിയുടെ സംഗ്രഹം (IV 5), 4. മലയാളം-ഇംഗ്ലീഷ്, പോർത്തുഗീസ്-ഇംഗ്ലീഷ് വ്യാകരണം (IV 8), 5, ലത്തീൻെറ മലയാള—സംസ്കൃത നിഘണ്ടു (IV 6). 6. രാജകീയ തീരുമാനങ്ങളും രാജാക്കന്മാർക്കെഴുതേണ്ട രീതികളും (IV 14), 7. കേരളത്തിലെ സസ്യശാസ്ത്രം (IV 25) എന്നിവ ശാസ്ത്ര സംബന്ധികളാണ്. ഇവ മലയാളവുംകൂടെ ഉൾപ്പെട്ടതോ അന്യഭാഷാകൃതികളുടെ മലയാള തർജ്ജമകളോ ആകുന്നു.

8. മഹാഭാരതത്തെ ആധാരമാക്കിയുള്ള പ്രാചീന ഭാരതത്തിൻെറ ചരിത്രം (IV 9), 9. ഒരു അക്രൈസ്തവ സന്യാസിയുടെ സങ്കല്പലേഖനം (IV 11), 10. ഈശോയുടെ ജീവചരിത്രം (IV 12), 11. മരണാവസ്ഥയിലിരിക്കുന്നവരുടെ ഉപയോഗത്തിനു വേണ്ടിയുള്ള പുസ്തകം (IV 20), 12. വിശുദ്ധ ത്രേസ്യായുടെ തിരുനാളിനുള്ള പ്രസംഗം (IV 21), 13. സന്മാർഗ്ഗശാസ്ത്ര സംഗ്രഹം (IV 28), 14. എട്ടുദിവസത്തെ ധ്യാനം (IV 23), 15. സമുദ്രതാരമേ സ്വസ്തി (IV 26) ഇവ മലയാളത്തിൽ രചിച്ചിരിക്കുന്ന ഗദ്യകൃതികളാകുന്നു. ഇവയിൽ പ്രാചീന ഭാരതത്തിൻെറ ചരിത്രവും ഈശോയുടെ ജീവചരിത്രവും നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നു. ചരിത്രം, ജീവചരിത്രം എന്നീ ശാഖകളിൽ മലയാളത്തിൽ ആദ്യമായുണ്ടായ ഗ്രന്ഥങ്ങൾ ഇവയാണെന്നു തോന്നുന്നു. പദ്യവിഭാഗത്തിൽ എടുത്തു പറയത്തക്ക കൃതികൾ 16. കോസല രാജാവിൻെറ പാട്ടുകൾ (IV 16), 17. ദേവസ്യപ്ഷഷ്ഠചിഹ്നഗാനം (IV 25), 18. മാർ ത്രേസിയാ ചരിതം (III 30) എന്നിവയത്രേ.

 M/270.95483 NED

മിഷനറിമാർ പൊതുവെ, സാമാന്യജനങ്ങാംക്ക മനസ്സിലാകുന്ന ഒരു ഭാഷാശൈലിയാണല്ലൊ സ്വീകരിച്ചിട്ടുള്ളതു്. അവരുടെ കാലത്തെ ബഹുജനങ്ങളുടെ സംസാരഭാഷ അതേപടി സ്വീകരിച്ചതുകൊണ്ടാണ പാതിരിഭാഷ എന്നൊരു പ്രയോഗംതന്നെ ഉണ്ടായതു്. എന്നാൽ പൗലീനോസാകട്ടെ, സംസ്കൃതപദങ്ങാം ധാരാളം കൂട്ടിച്ചേത്തു്, ശബ്ദാലങ്കാരങ്ങളോടുകൂടി വാക്യങ്ങാം വളച്ചുകെട്ടി വലിച്ചുനീട്ടി കൊണ്ടുപോകുന്ന ഒരു ശൈലി സ്വീകരിച്ചിരിക്കുന്നു. കാത്തിക തിരുനാാം രാമവർമ്മ മഹാരാജാവിനെപ്പോലെയുള്ള മഹാപണ്ഡിതന്മാരുമായുള്ള സഹവാസം പാണ്ഡിത്യപ്രകടനത്തിനുള്ള ഒരു മാഗ്ഗമായി സ്വകൃതികളെ ഉപയോഗിക്കുവാൻ പാതിരിയെ പ്രേരിപ്പിച്ചിരിക്കണം.

കവികാം എത്രതന്നെ പ്രതിഭാസമ്പന്നരായിരുന്നാലും, ഒരു വിദേശഭാഷയിൽ കാവ്യനിർമ്മാണം നടത്തുമ്പോാം പലപ്പോഴും വിജയിച്ചെന്നു വരികയില്ല. (ഇതിനും അപവാദങ്ങളില്ലെന്നില്ല.) പൗലീനോസിൻെറ മലയാളകവിതകളിൽ കാവ്യദോഷങ്ങളും നിരർത്ഥകപ്രയോഗങ്ങളും വിരളമല്ല. 200 ഈരടികളുള്ള ഒരു ഖണ്ഡകാവ്യമാണു് 'മാർ ത്രേസിയാ പുണ്യസ്ത്രീയുടെ ചരിത്രം.' പൗലീനോസ് അംഗമായിരുന്ന കർമ്മലീത്താ സന്യാസസഭയുടെ പരിഷ്കത്താക്കളിൽ പ്രഥമഗണനീയയാണു് ആവിലായിലെ വിശുദ്ധ ത്രേസ്യാ. ആ മഹതിയുടെ ജീവചരിത്രത്തെക്കാാം മെച്ചമായ ഒരു ഇതിവൃത്തം അദ്ദേഹത്തിനു തിരഞ്ഞെടുക്കുവാനില്ലതന്നെ. കാവ്യം ആരംഭിക്കുന്നതു് ഇങ്ങനെയാണു്.

മാർ ത്രേസ്യാ പുണ്യസ്ത്രീയുടെ ചരിത്രം ആരംഭിക്കുന്നതു് ഇങ്ങനെയാണു്:

'അഖില ശാസ്ത്ര ചിത്രം പരമജ്ഞാന മിത്രം
അഖണ്ഡഗുണമാത്രം കരുണാപൂണ്ണപാത്രം

പാതിതജനപാരം പാതകഹരം പാരം
ആദി കാരണാധാരം സാരസ്യമോക്ഷസാരം

നിഷ്കളം നിർവികാരിം ഭൂരിസമീക്ഷ്യകാരിം
നിശ്ചല ധനധാരിം സമസ്ത ദോഷഹാരിം

സല്പിതം ധ്രുവംപരം പരമ ഗ്ഗുണാധാരം
നല്പരം പരാപരം വിഷ്ടപത്രയം ഭരം

ജംഗമഭ്രതപാലം ലോലധരിത്രാ മാലം
ജംഗമേ ധരാപാലം ലൗകിക ദീപ്തിജാലം

സർവ്വജ്ഞം സർവ്വനാഥമേക സ്വരൂപമാദ്യം
സർഗ്ഗകം ഭുവനാക്ഷം ജ്ഞാനവിജ്ഞാനമാദ്യം

പാവന ജനമിത്രം സാധുശീലം പവിത്രം
ഭാവന പ്രദ ദേഹം ഭാഗ്യകാരണം ദേവം

ദുഷ്ടജനാനാം ഹന്തമനന്തം ചാരുശാന്തം
തുഷ്ടി സമ്പന്നം ദാന്തം സമസ്തലോകകാന്തം

സർവ്വകാരണന്നിത്യം സർവ്വവ്യാപകം വ്യയം
സർവ്വേശമധോമുഖം സാദരം നമാമ്യഹം

ത്രേസിയാ മമമാതൃപുണ്യ ചരിത്രം ചിത്രം
വക്തുംമേ ജ്ഞാനം ദേഹി സകല ജ്ഞാനമിത്രം.'

സ്പെയിൻ രാജ്യത്തിൽ ആവില എന്ന നഗരത്തിലാണു ത്രേസ്യാ ഭൂജാതയായത്.

'അംബരേ നിശാപതി നിശ്ശേഷം ഗ്രഹങ്ങളെ
അത്യർത്ഥം ശോഭയാലേ തോല്പിക്കുമെന്നപോലെ

ആബുളയെന്ന പുരി ഹിഷ്പാന്യ രാജ്യംതന്നിൽ
അഖില നഗരേഷു അധികം ശോഭിക്കുന്നു.'

ആ മനോഹരനമായ നഗരത്തിൽ,

'....ഉത്തമ, നഗ്രേസരൻ ഗോഷ്ഠദ ഭക്താഗ്രണി,
കുശലൻ, ഗ്ഗുണാന്വിതൻ

കോശവാൻ, മഹോത്സാഹി, പാപിഷ്ഠ ജനദ്വേഷി,
കോമളൻ, ചാരുശീലൻ, തല്പരൻ, മനോഹരൻ,
ദരിദ്രജനപ്രിയൻ, ജിതാത്മാ, സത്യവേദി,
ധാർമ്മികൻ, ക്ഷന്തൻ, ദാന്തൻ, ശ്ലോക്തൻ,
മഹാശാന്തൻ
അൽഫോൻസൂസെന്ന മഹാസത്യാർത്ഥകാലമിതി
ആത്മജഹീനനായി പീഡിതൻ പാർത്തുവന്നു.'

അനപത്യ ദുഃഖിതനായ അൽഫോൻസൂസ് പ്രാർത്ഥനയും ജപവും നിരന്തരം ചെയ്തതിന്റെ ഫലമായി അദ്ദേഹത്തിനു നാലു സന്താനങ്ങൾ—മൂന്നു പുത്രന്മാരും ഒരു പുത്രിയും ഭൂജാതരായി. ആ പുത്രിയാണു കഥാനായികയായ അമ്മത്രേസ്യാ.

'മററുള്ള കുസുമേഷു സാരസമെന്നപോലെ
മററുള്ള പുത്രരിലുമിവൾക്കു ശോഭയേറും
കേസരം രക്തോല്പലേ ബാലികാകേശം തന്നെ
കേവലം കന്യതന്നെ സാരസമെന്നു ചൊല്ലാം.'

ശാരീരിക സൗന്ദര്യത്തിലെന്നപോലെ ആദ്ധ്യാത്മിക സൗന്ദര്യത്തിലും അവൾ അദ്വിതീയയായിരുന്നു.

'വിനയം, ദൈവഭക്തി സർവ്വേശനിത്യ ഭീതി
വിജ്ഞാനം, ദാനശീലം, കാരുണ്യം, ജനപ്രിയം,
വിരക്തി, ക്ഷമ, ധൈര്യം ഇന്ദ്രിയജയം, മാർഷ്ടി,
ധീശക്തി, നേത്രകാന്തി നിർമ്മല ദേഹീകാന്തി
ധർമ്മങ്ങൾ ബഹുവിധം സുന്ദരിയാമവൾ തൻ
ദേഹത്തിൽ സംഗമിച്ചു വസിച്ചു നിരന്തരം
ഹീരങ്ങൾ ഹാടകത്തിൽ കൂടിയാൽ ശോഭയേറും
ധർമ്മവുമേറും രുചി നല്കിടും ദേഹത്തിനും
അഗതികളെ ബാല കാണുന്ന നേരം ചിത്തം
അലിഞ്ഞുദാനം ചെയ്‌വാൻ മനസ്സിലഭിലാഷം

ചിലക്കു ദ്രവ്യം നല്കി ശോകത്തെത്തീക്കുമ്പോഠം
ചിലരെച്ചാരു സാന്ത്വാൽ ലാളിച്ചു തണുപ്പിക്കും
വാക്കുകഠം പറയുമ്പോഠം ചിരിച്ചു മന്ദം മന്ദം
കേഠംക്കുന്ന ജനചിത്തം സ്വവശാൽ രഞ്ജിപ്പിക്കും
നരാസ്യം കണ്ടാലുടൻ ലജ്ജിക്കും ലജ്ജാശീല
നാരീസമൂഹത്തിലും ചാരിത്ര്യം കാത്തുകൊള്ളും.'

ത്രേസ്യാമ്മ നന്നേ ചെറുപ്പത്തിൽത്തന്നെ മാതൃവിരഹം അനുഭവിക്കേണ്ടിവന്നു. പ്രായത്തിൽ കവിഞ്ഞ വിജ്ഞാനത്തോടുകൂടിയ അവഠം ദൈവമാതാവായ കന്യകാമറിയത്തെത്തന്നെ 'അമ്മ'യായി സ്വീകരിച്ചു. മതവിശ്വാസത്തിനുവേണ്ടി ജീവത്യാഗം ചെയ്ത രക്തസാക്ഷികളുടെ ജീവചരിത്രങ്ങഠം അവളിലും മിഷനറി ചൈതന്യം ഉദ്ദീപ്തമാക്കി. ആഫ്രിക്കയിലെത്തി മതപ്രസംഗം നടത്തുന്നതിനു സഹോദരനുമൊരുമിച്ച് അങ്ങോട്ടു പുറപ്പെടുവാൻ അവഠം തീരുമാനിച്ചു. ഈ വിവരം അറിഞ്ഞ പിതാമഹൻ അവളെ പിടിച്ചു വീട്ടിലാക്കി. തന്മൂലം അത്യന്തം ദുഃഖിതയായി അവഠം.

'ആദിത്യരശ്മിവശാൽ കമലഗർഭമേഘം
അലിഞ്ഞുബഹുവൃഷ്ടി പെയ്യുന്നുവെന്നപോലെ
നാരിതൻ മൃദുവായ കോമളം ചിത്തം തദാ
അലിഞ്ഞു പരിതാപാൽ കണ്ണുനീർ വാത്തു വാത്തു
തൽക്കാലം ശുഭമണി സ്വചിത്തതാപം തീർപ്പാൻ
സൽപിതാപിതാവിൻെറ ഗൃഹത്തിനകത്തുതാൻ
അനന്തദൈവത്തിനെ സാദരം വന്ദിപ്പാനായ്
ആശ്രമം മനോഹരം നിർമ്മിച്ചു പർണ്ണഗൃഹം
മായംകൊണ്ടുണ്ടാം മഹാ മോഹങ്ങഠം നീക്കിനിത്യം
ന്യായതത്വാത്ഥ വിജ്ഞാനാദി സമ്പന്നന്മാരായ്
സവ്വേശ്വരോപാസനം മുനികഠം ചെയ്തപോലെ
സവ്വദാ കന്യാമണി നാഥനെ സ്സേവചെയ്തു.'

ധീമതിയായ ത്രേസ്യാ പിന്നീട് ഒരു സന്യാസിനി ആകുകയും, കർമ്മലീത്താ സഭാനവീകരണത്തിൽ ഒരു പ്രധാന പങ്കു വഹിക്കുകയും ചെയ്തു. അവൾ കഠിനമായ തപസ്സനുഷ്ഠിച്ചു, പലതരത്തിലുള്ള കഷ്ടതകളും സഹിച്ചു. ദൈവം നടത്തിയ പരീക്ഷണങ്ങളിലെല്ലാം വിജയം വരിച്ച ത്രേസ്യാക്കു ജീവിതകാലത്തുതന്നെ പല അത്ഭുതസിദ്ധികളും ലഭിക്കുകയുണ്ടായി. പൗലീനോസ് തൻെറ കാവ്യത്തിൻെറ അവസാനഭാഗത്തു കേരളത്തിലെ ജനങ്ങളിൽ ദൃശ്യമായിരുന്ന തിന്മകളെ ചൂണ്ടിക്കാണിക്കുകയും അവയിൽനിന്നു ത്രേസ്യായെപ്പോലെ ഒഴിഞ്ഞുനില്ക്കുവാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

'തന്ത്രിക്കു മഹംഭാവം മർത്ത്യന്നു നിത്യവ്യാജം
തന്നിഷ്ടം നടത്തുവാ—നെല്ലാർക്കും മഹാശ്രമം

വിപ്രാദി നീചരോളം സകല കേരളന്മാർ
വിവിധ കല്മഷാദി ചെയ്യുന്നു ദിനംതോറും

അഭയ മൂഢന്മാരെ ദൈവത്തെ മറന്നിട്ടു
അമേദ്ധ്യ പൂർണ്ണഗാത്ര—മെന്തെടോ ഭജിക്കുന്നു?

ഇന്നു താൻ ഭവിക്കുന്നു നാളെത്താൻ നശിച്ചിടും
ഇന്നനേരമെന്നില്ല നശിപ്പാൻ മർത്ത്യന്മാർക്കു

ഇന്നു മലന്ന പുഷ്പ—മുഷ്ണത്താൽ വാടിപ്പോകും
ഇനിയുമൊരു ദിന—മിരുന്നാൽ ഭസ്മമാകും

മർത്ത്യന്മാരിതിൻ വണ്ണം ശോഭിച്ചു വരുന്നേരം
മരണമോർക്കാതെയും മരണമകപ്പെട്ടും

അർത്ഥമനർത്ഥമെടോ അർത്ഥത്താൽ സുഖംവരാ
അർത്ഥത്തെ നെഞ്ഞിലില്ലാത്ത പുത്രന്മാർ നശിപ്പിക്കും

പൗലീനോസിൻെറ ശൈലിയും കവിതയുടെ രീതിയും മനസ്സിലാക്കുവാൻ ഉദ്ധരിച്ച ഭാഗങ്ങൾ മതിയാകുമല്ലോ. ശ്രീ സി. ജി. വാരിയർ പറയുന്നതുപോലെ 'ധാരാളം ഭാഷാസ്വാധീനമുള്ള ഒരു പണ്ഡിതനാണ് പാതിരിയെന്നതിനു സംശയമില്ല. ഒന്നാംതരം ചില ഉപമകളും തുഞ്ച

ത്താചാര്യപാദരുടെ മാതിരി തൂലികാചിത്രങ്ങളും കവി തയുടെ ഒഴുക്കും ഇതിൽ കാണാം.'

## ദേവസ്യഷഷ്ഠചിഹ്നഗാനം

പൗലീനോസ് പാതിരിയുടെ മറെറാരു മലയാള കൃതി 'ദേവസ്യഷഷ്ഠചിഹ്നഗാനം' ആണെന്നു മുകളിൽ പറഞ്ഞുവല്ലോ. ക്രൈസ്തവ വിശ്വാസപ്രകാരമുള്ള ദൈവത്തിന്റെ ആറു ലക്ഷണങ്ങളെപ്പററി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ആരംഭത്തിൽ ഒരു സ്തുതിയും അവസാനത്തിൽ ഒരു ഉപസംഹാരഗാനവും ഉണ്ട്. ആകെ കേകവൃത്തത്തിൽ 279 ഈരടികൾ. ദൈവത്തെ സംബന്ധിച്ച തിരുവനന്തപുരം രാജകൊട്ടാരത്തിലെ ബ്രാഹ്മണർക്കുണ്ടായിരുന്ന ധാരണ തിരുത്തുന്നതിനു വേണ്ടിയാണത്രേ പാതിരി ഈ കൃതി രചിച്ചതു്. ഇതെഴുതി കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവിനു സമർപ്പിക്കുകയായിരുന്നു.

ഈ കൃതിയെപ്പററി ശ്രീ ജി. ആർ. ഡി. നമ്പൂതിരി ഇങ്ങനെ എഴുതുന്നു. അവിശ്വാസ്യങ്ങളായ ഒട്ടേറെ കാര്യങ്ങളെ സസൂക്ഷ്മം ചിന്തിച്ച് തള്ളേണ്ടവയെ ദൂരെയെറിഞ്ഞു് യുക്തിക്കും അനുമാനത്തിനും ഉള്ളിൽ നില്ക്കുന്ന തത്വങ്ങളെയാണു പാതിരി ഇതിൽ സ്വീകരിച്ചിട്ടുള്ളതു്. 'ഏകദൈവതം യാ പരാശക്തി'യെന്ന വചനത്തെയാണ് പാതിരി ആദ്യന്തം വിസ്തരിച്ചിട്ടുള്ളതു്. ദൈവം ഏകനാണ്. അദ്ദേഹത്തിന് അസാദ്ധ്യമായി യാതൊന്നുമില്ല. ദൈവം ആകാരവിഹീനനും, നിത്യനും, നിരാമയനും സർവ്വവ്യാപിയും സർവ്വനിയന്താവുമാണ്. ദൈവം അദ്വിതീയനാണ്...,ഇത്യാദി പരാമർശങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ സുലഭമാണ്. ഇതിൽനിന്ന് ഒന്നുരണ്ടു കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. ഒന്നാമതു് അദ്ദേഹത്തിനു ഹൈന്ദവമതത്തിലും തത്സംബന്ധമായ പുരാണേതിഹാസങ്ങളിലും പരിപക്വമായ ജ്ഞാനമുണ്ടായിരുന്നതാണ്. ഏതദ്ഗ്രന്ഥങ്ങൾ സംസ്കൃതത്തിൽമാത്രം വിരചിതമായിരുന്നതിനാൽ ആ ഭാഷയിൽ അദ്ദേഹത്തിന് അനന്യസാ

ധാരണമായ നൈപുണ്യം ഹ്രസ്വകാലംകൊണ്ടു നേടുവാൻ കഴിഞ്ഞുവെന്നാണ് രണ്ടാമത്തു വ്യക്തമാകുന്ന കാര്യം.

ആരംഭത്തിലുള്ള സ്തുതി തുടങ്ങുന്നതിങ്ങനെയാണ്.

'അനന്തകൃപാനാഥ! സമസ്തഗ്ഗുണനിധേ!
അഖണ്ഡജ്ഞാനവിത്തേ, നിരുപമ, ദൈവമേ,
ആദികാരണം, ശാന്ത, ബാലിശബോധധ്വാന്ത–
ഹാരി, ചാരുശീലനാം പരമദീപ്തിധരാ,
ലോകത്തിൽ ലോപഹന്താ സർവ്വമംഗലമാണ്ട
ലോലധരാപാലക, ലൗകികാതീത, വിഭോ
സർവ്വജ്ഞൻ, സർവ്വവ്യാപി, സർവ്വദാ നമോസ്തുതേ!
സർവ്വേശ, പരാപര, പരമൻ, നമോനമഃ'

ദൈവത്തിന്റെ ഒന്നാമത്തെ ലക്ഷണത്തെ 63 ഈരടികളിൽ അദ്ദേഹം വിവരിക്കുന്നു:—

'അദ്ധ്വീര, നധീരൻ ജിതനും ഭീരുവുമായ്
അശക്യനയുക്തനായമുഖ്യനാണോ ദേവൻ?
അവ്വിധമുള്ള ദേവൻ വാനത്തിലുണ്ടാമെങ്കിൽ
സഹസ്രകോടി ദൈവം ഭൂപതേ ഉണ്ടായ്‌വരാം.
പരാപരൻ ഭവിപ്പാനദ്വയനാകണം താൻ
പലരും സംഭവിച്ചാലദ്വയത്വമില്ലല്ലോ.

......................................................................

അഭ്രത്തിലൊരു സൂര്യൻ, നമുക്കമൊരു രാജൻ
ഗാത്രത്തിലൊരു ജീവൻ, സ്ഥാനത്തിലൊരുന്യായം
ശാസ്ത്രത്തിലൊരു യുക്തി തക്കത്തിലൊരു നേരും
സാക്ഷാലുണ്ടൊരുലോകം ലോകത്തിലൊരുദൈവം'

ദൈവത്തിന്റെ സർവ്വജ്ഞത്വത്തെപ്പററിയാണ് 40 ഈരടികളുള്ള അഞ്ചാം ലക്ഷണത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്.

'ആദിത്യൻ ധരണിക്കും ചന്ദ്രനും ജീവബലം
കൊടുത്തു മൂവരുമായ് സസ്യാദി നിർമ്മിച്ചിടും
നിർമ്മല കുസുമങ്ങൾ കോമളവൃക്ഷങ്ങളും
അരുണരശ്മികൊണ്ടു് പൂക്കുന്നു കാലംതോറും
ലോഹിത സരോരുഹം പ്രസൂനരാജിതാനും
കുന്തളം ജലേ പൊക്കി നാഥനെ വന്ദിക്കുന്നു.
പാർത്ഥിവ, ധൂമം മിത്രൻ കരേററി വ്യോമത്തിങ്കൽ
നിപാതം ചെയ്യുവെന്നാ ലമിതവൃഷ്ടി പെയ്യും.

..................................................

സർവ്വജ്ഞനേകനാഥൻ അരൂപി ഭവിക്കയാൽ
സ്വവശാൽ ചരാചരരാജിയെ സൃഷ്ടിചെയ്തു
പ്രാണനെത്താനുണ്ടാക്കി സൃഷ്ടിച്ച ധരണിയിൽ
പരമബോധജ്ഞാനം സന്തതം കാട്ടിടുന്നു.

63 ഈരടികളുള്ള ഉപസംഹാരഗാനം ഇങ്ങനെ അവസാനിക്കുന്നു.

'എങ്കിലോ മായം നീക്കി നസ്രാണി വേദത്തിലെ
കല്പിച്ച ശാസ്ത്രം നിങ്ങൾ പഠിപ്പാൻ ശങ്കിക്കൊല്ലേ
സർവ്വജ്ഞനെ നിനച്ചാൽ സർവ്വജ്ഞൻ ദീപ്തിനല്കും
സർവ്വരും നേർപന്ഥാവെത്തരണം ചെയ്യും നൂനം
ഇക്ഷിതികാരണാബ്ധി മമലേഖനമാപ്തി
രക്ഷതാൻ മമാദ്ധ്യാനം യത്രഭാഷിതദ്ധ്യാനം
സർവ്വജ്ഞനാധ്യാന്തഹന്താ ബാലിശസ്വാന്തമാന്ദ്യം
സർവ്വേശ നിഹനതാൽ തവപരമ ധാമാൽ'

# ത്രേസിയാ പുണ്യസ്ത്രീയുടെ ചരിത്രം

# ത്രേസ്യാചരിതം

അഖിലശാസ്ത്രചിത്രം പരമജ്ഞാനമിത്രം
അഖണ്ഡഗുണമാത്രം കാരുണ്യപൂർണ്ണപാത്രം
പാതിതജനപാരം പാതകഹരം പാരം
ആദികാരണധാരം സാരസ്യമോക്ഷസാരം
നിഷ്കളം നിർവ്വികാരിം ഭൂരിസമീക്ഷകാരിം
നിശ്ചലധനധാരിം സമസ്തദോഷഹാരിം
സല്പിതം ധ്രുവം പരം പരമഗുണാധാരം
തല്പരം പരാപരം വിഷ്ടപ ത്രയംഭരം
ജംഗമഭ്രുതപാലം ലോലധരിത്രാമാലാം
ജംഗമേ ധരാപാലം ലൗകികദീപ്തിജാലം
സർവ്വജ്ഞം സർവ്വനാഥമേകസ്വരൂപ മാദ്യം
സൎഗ്ഗകം ഭുവനാക്ഷം ജ്ഞാതവിജ്ഞാതമാദ്യം
പാവനമനമിത്രം സാധുശീലം പവിത്രം
ഭാവനപ്രദ ദേഹം ഭാഗ്യകാരണം ദേവം
ദുഷ്ടജനാനാം ഹന്തമനന്തം ചാരുശാന്തം
തുഷ്ടിസമ്പന്നം ദാന്തം സമസ്തലോകകാന്തം
സർവ്വകാരണ, ന്നിത്യം സർവ്വവ്യാപകം വ്യയം
സർവ്വേശമധോമുഖം സാദരം നമാമ്യഹം.
ത്രേസിയാ മമ മാതൃപുണ്യചരിത്രം ചിത്രം
വക്തുംമേജ്ഞാനംദേഹി, സകല ജ്ഞാനമിത്രം
ഉത്തരഭാഗത്തുങ്കൽ പഞ്ചസഹസ്രം കാതം
ഉത്തമകാററിൻ ബലാൽ ജംഗമയാനപാത്രേ
മാലുമീ വിദ്യാവശാൽ കടന്നാലപ്പിതന്നെ
മാളിക, പുരി, ഗൃഹം, വിവിധ ദേശം കാണും.
ശാസ്ത്രകം ത്രപ്യമതിൽ വാഹംച സമ്പന്നമാം
ശാസ്ത്രോക്തജന പൂർണ്ണം കുകഭം ഭവിക്കുന്നു.

‘ഹിസ്പാന്യ’യെന്ന രാജ്യം പുണ്യമാം ജനത്തിന്നു
ഇഷ്ടമായുള്ള വാസം സാരസ്യപരിഗ്രഹം
അംബരേ നിശാപതി നിശ്ശേഷം ഗ്രഹങ്ങളെ
അത്യൎത്ഥശോഭയാലേ തോല്പിക്കുമെന്നപോലെ

‘ആബുള’യെന്ന പുരി ഹിസ്പാന്യാരാജ്യംതന്നിൽ
അഖില നഗരേഷു അധികം ശോഭിക്കുന്നു.

ചൊല്ലൊങ്ങുമിപ്പുരിയിൽ ഉത്തമ,നഗ്രേസരൻ,
ഗോഷ്പദ ഭക്താഗ്രണി, കുശലൻ, ഗുണാന്വിതൻ,

കോശവാൻ, മഹോത്സാഹി, പാപിഷ്ഠജനദ്വേഷി,
കോമളൻ, ചാരുശീലൻ, തല്പരൻ, മനോഹരൻ,

ദിരിദ്രജനപ്രിയൻ, ജിതാത്മാ, സത്യസേവി,
ധാൎമ്മികൻ,ക്ഷന്തൻ, ദാന്തൻ, ശ്രദ്ധോക്തൻ, മഹാശാന്തൻ

‘അൽഫോൻസൂ’സെന്ന മഹാനത്യൎത്ഥ കാലമിതി
ആത്മജഹീനനായി പീഡിതൻ പാൎത്തുവന്നു

പ്രാൎത്ഥിച്ചു വീണ്ടും വീണ്ടും തപവും ചെയ്താൻ സദാ
പരമൻ കൃപയാലേ പുത്രരുമുണ്ടായ്‌വന്നു.

പുത്രർ നാലുപേരിലുമേററമിളയ പൈതൽ
ത്രേസിയായെന്ന നാമം പ്രാപിച്ചു നിരന്തരം.

മററുള്ള കുസുമേഷു സാരസമെന്നപോലെ
മററുള്ള പുത്രരിലുമിവൾക്കു ശോഭയേറും;

കേസരം രക്തോല്പലേബാലികാകേശംതന്നെ,
കേവലം കന്യതന്നെ സാരസമെന്നു ചൊല്ലാം.

പുഞ്ചിരി സാധുശീലാ, കാട്ടിടും ചാരുശീലാ
പുണ്ഡരീകാക്ഷി ഗൗരി ബാലികാ മനോഹരി

പ്രകാശം മഹോല്പലേ ലോഹിതപത്രം യഥാ
പ്രാബല്യമേവം കന്യാ സ്വാനനാൽ ചിന്തും നൂനം.

വാ ബീജകോശത്തിന്നു നാസികാതുല്യംതന്നെ,
വാ പക്ഷമേ ദളത്തിൻ സമമായ് ശോഭിക്കുന്നു.

സ്ത്രീജനം കണ്ടാലേതാം നിമിഷം ലജ്ജിച്ചീടും,
സിതയാം കന്യാമണിയത്രയ്ക്കു മനോഹരി.

സിതസിക്തകമയം സവ്വാംഗേ ഭവിക്കുന്നു
സിൽഹമാം സൗരഭ്യവും ചിന്തുന്നു നിരന്തരം.
ലാളിക്കുമേതാം പിതാ, ലാളിക്കുമേതാം മാതാ,
ബാലിക പരസ്പരം ലാളിക്കും പിതാക്കളെ.
സന്ദൎശജനമെല്ലാം സ്തബ്ധരായ് നിലകൊള്ളും
സുന്ദരീതിലകത്തിൻ സ്നിഗ്ദ്ധവിലാസങ്ങളാൽ.
വിനയം, ദൈവഭക്തി, സർവ്വേശ നിത്യഭീതി,
വിജ്ഞാനം, ദാനശീലം, കാരുണ്യം, ജനപ്രിയം
വിരക്തി, ക്ഷമ, ധൈര്യം, ഇന്ദ്രിയജയം, മാർഷ്ടി,
ധീശക്തി, നേത്രകാന്തി, നിമ്മല ദേഹീകാന്തി,
ധർമ്മങ്ങൾ ബഹുവിധം സുന്ദരിയാമവൾതൻ
ദേഹത്തിൽ സംഗമിച്ചു വസിച്ചു നിരന്തരം
ഹീരങ്ങൾ ഹാടകത്തിൽ കൂടിയാൽ ശോഭയേറും
ധമ്മവുമേവം രുചി നല്കിടും ദേഹത്തിന്നും.
അഗതികളെ ബാല കാണുന്ന നേരം ചിത്തം
അലിഞ്ഞു ദാനം ചെയ്‌വാൻ മനസ്സിലഭിലാഷം.
ചിലക്കു ദ്രവ്യം നൽകി ശോകത്തെത്തീക്കുമവൾ
ചിലരെച്ചാരു സാന്ത്വാൽ ലാളിച്ചു തണുപ്പിക്കും.
വാക്കുകൾ പറയുമ്പോൾ ചിരിച്ചു മന്ദംമന്ദം
കേൾക്കുന്ന ജനചിത്തം സ്വവശാൽ രഞ്ജിപ്പിക്കും
നരാസ്യം കണ്ടാലുടൻ ലജ്ജിക്കും ലജ്ജാശീലം
നാരീസമൂഹത്തിലും ചാരിത്ര്യം കാത്തുകൊള്ളും.
കുറഞ്ഞ പ്രായമെങ്കിൽ മുഴുത്തു ജ്ഞാനം താന്തം,
കുറഞ്ഞ ശാസ്ത്രത്തിലും മാഹാത്മ്യം വസിക്കുന്നു.
എന്തിതു പറയുന്നു, നാരിതൻ ഗുണഖ്യാതി
എന്നുടെ വാക്കിൻവശാൽ ഒപ്പിച്ചവരാ നൂനം.
അക്കാലം കന്യകതൻ ജനനി കാലംചെയ്തു
ചിക്കെന്നു മഹാമന്യു അവൾക്കുൾ നിറഞ്ഞുതേ;
അരുണശോഭ യഥാ മാസ്സും കൃഷ്ണമേഘം
അതുപോൽ മനോദുഃഖമവൾതൻ മുഖംമൂടി.

ദുഃഖാബ്ധൗ താണുജീവൻ പീഡിച്ചു ദിനംപ്രതി
ദുഃഖത്താൽ ദേവമാതാവോടിദ മിരന്നവൾ:

'ബാലകപ്രിയേ, ദൈവമകുടമണീ, ഗുണ—
ശാലിനീ, ചാരുശീലേ, വത്സല മറിയമേ,

കന്യകേ, ലോകനാഥേ, ദുഃഖിത ജനശോക—
ഹനനീ, മമ പീഡാഹാരിണീ, മഹാശുഭേ,

എന്മാതാ കാലംചെയ്തു, നീയല്ലാതിനി മേലിൽ
വേറൊരു ധൈര്യമില്ല, വേറൊരു മാതാവില്ല

നിന്നുടെ തിരുമുമ്പിൻ സാഷ്ടാംഗം വീഴുന്ന ഞാൻ
ഖിന്നത നീക്കേണമേ, മാതാവേ, മറിയമേ.

ജനിക്കും മുമ്പേ തന്നെ നിനക്കു ദാസിയാം ഞാൻ
നിനയ്ക്കുന്നിപ്പോൾ നിൻെറ പുത്രിയായിരിക്കുവാൻ.

ഏകയാം നിസ്വബാലാം, നീ ദത്തായ് കൈക്കൊള്ളണേ
ഏതുമേ മമ മാതാ, മാം പരിത്യജിക്കൊല്ലേ!'

ഈവിധമപേക്ഷിച്ചു ത്രേസിയാ നിരന്തരം
ഈശ്വരാംബികതന്നെ സേവിച്ചാൾ ഭക്ത്യാദരം.

ദുർഗ്ഗതിയന്ത്യഹീനം ഭീഷണ ദുഃഖാലയം
ദുസ്സഹ ക്ലേശങ്ങളെ, സാത്താൻെറ യാജ്ഞകളെ

ദുർഗ്ഗതിയിങ്കൽ പാപി വസിച്ചു സഹിക്കുന്ന
ദുഷ്കർമ്മം പുണ്യനാരി ധ്യാനിച്ചു വരുന്നേരം

മാനത്തിലാത്മാ താണു വിറച്ചു, മഹാത്രാസം
മാനസേ പൂണ്ടു പിന്നെ പകച്ചു ചൊല്ലീടിനാൾ:

'അഹഹ, മഹാദീർഘം നരകം നിത്യകാലം!
അഹഹ, മഹാഭീമം ദുർജ്ജന ശിക്ഷാസ്ഥലം!

സതത മഗ്നിയഹോ സതതം ദുഃഖമഹോ
സതതം ക്ലേശമെടോ, സതതം മുറയെടോ

പീഡയ്ക്കുറുതിയില്ല, യഗ്നിക്കു മന്തമില്ല,
പീഡനം സദാകാലം, രോദനം നിത്യകാലം.

കത്തുമഗ്നിയിലിട്ടു തപിച്ച ലോഹംപോലെ
കത്തുന്നു ദുഷ്കൃതികൾ നരകേ നിരന്തരം.

ദേഹങ്ങളാം കൂടെക്കൂടെ ചുട്ടുചുട്ടിരിക്കുന്നു
ദൈന്യവുമൊരിക്കലും തീരുന്നതില്ലതാനും.

ചൂർണ്ണമായ് പോവാനവർ ഭാവിക്കു, മനന്തരം
പൂർണ്ണമായ് ഭവിച്ചീടും പരമ വിധിവശാൽ.

ലൗകികസുഖംപ്രതി നരകദുഃഖമിതോ
ലോകിതം തീർന്നിട്ടൊക്കെ രോദനം വന്നതിതോ?

അമേദ്ധ്യപൂർണ്ണം കൃമിജാതസങ്കുലം ഗാത്രം
അശുദ്ധ ഗാത്രത്തിനെ ഭജിച്ചു മൂഢന്മാരും

സ്ത്രീജനസേവന്മാരും അധർമ്മപാലന്മാരും
ശ്രീപുഷ്ടിയുള്ളവരും കാരുണ്യഹീനന്മാരും

യത്രസ്ഥവ: നയനം, നരകം ചിന്തിച്ചാലും
യത്രസ്ഥവ: ലോചനം നരകം പേടിച്ചാലും

നിഖില ലോകമോദം കശ്മല ദേഹഭോഗം
നിങ്ങടെ ധനത്തിന്റെ മാണിക്കമൊക്കെപ്പോകും

ഭൂലോക സുഖത്തെക്കാൾ ഭൂലോകപീഡ നല്ലൂ
ഭുവനേ സഹിച്ചെന്നാൽ നരകം ശേഷിക്കില്ല.'

നരകഭയമേവം പുണ്യസ്ത്രീ ധരിച്ചപ്പോൾ
പരമഭക്തി തന്നിൽ വദ്ധിച്ചു ദിനംതോറും.

പുണ്യരാം ജനം ചെയ്ത സൽക്കർമ്മം നടത്തുവാൻ
പുണ്യസ്ത്രീ നിശ്ചയിച്ചങ്ങുറച്ചു മനക്കാമ്പിൽ

വേദസാക്ഷികളായി മരിച്ച ജനങ്ങടെ
വേദിതചരിത്രവും ലേഖനവും വായിക്കെ

വേദത്തെയറിയിപ്പാൻ മാനസേ ഭാവംപൂക്കു
വേദത്തിനായ് മരിപ്പാനുറച്ചു മനോഹരി.

അതിനായ് കന്യതാനും സോദരനവൻതാനും
ആഫ്രിക്കയെന്ന രാജ്യേ യൊന്നിച്ചു പ്രവേശിച്ചാർ.

ആഫ്രിക്ക രാജ്യം തന്നിൽ പ്രവേശം ചെയ്തതിനാൽ
ആ നാട്ടിലുള്ള ജനം വേദത്തെ സ്വീകരിച്ചു.

“ആഫ്രിക്കാഭൂവേ! നിന്നെ രക്ഷിച്ചതീശോ നാഥൻ
ആഫ്രിക്കേ, നന്ദി വേണ്ടേ,? നാഥനെ സേവിക്കേണ്ടേ?

അസിതമായ ജനം വിശ്വാസഹീനന്മാരേ
അനന്തസർവ്വനാഥം എന്നുമേ വന്ദിക്കില്ലേ?'
കാഠിന്യംവച്ചു കൊൾവിൻ, ക്രൂരനരംശന്മാരേ
കനിവും മിശിഹാതൻ വേദവും ഗ്രഹിച്ചാലും!

എത്രയും മനോഹരി, സമർത്ഥയഹം നൂനം
എങ്കിലും വേദത്തിനായ് മരിപ്പാനിച്ഛിക്കുന്നു;
എന്നുടെ ഗാത്രമിതാ, ഗാത്രത്തെ ഹനിച്ചാലും
നമ്മുടെ വധത്താലെ വേദവും പഠിച്ചാലും!
നിർമ്മലരക്തം ചിന്തി വേദത്തെ സാക്ഷിപ്പാനായ്
നിർവ്വാഹമുണ്ടു മമ, വശവുമില്ലെന്നില്ല.
ശൃംഖല മമ ഗാത്രേ ചുററി, ചുററിട്ടു കൊൾവിൻ,
ശൃംഖലയേററുകൊള്ളാം, ദുഷ്കർമ്മമേററുകൊള്ളാം.'
ഇത്യാദിയുരചെയ്തു ത്രേസിയാ സ്വാസ്ഥിമതി
ഈശ്വരസഹായവും യാചിച്ചു നിരന്തരം
മാനസഭാവമൊക്കെ സർവ്വജ്ഞനറിയുന്നു
മാനുഷചിന്തയൊന്നുമൊളിച്ചതില്ല നൂനം.
നമ്മുടെ ചിത്തംപോലെ സർവ്വവും വരാനാസ്ഥ,
ഗുണമായുള്ളതത്രേ സർവ്വജ്ഞൻ കല്പിച്ചീടും.
ആഫ്രിക്കാദേശേ പോവാൻ വാഹനമേറും മുമ്പേ
ആ സ്ത്രീയെ പിതാമഹൻ തട്ടത്തു പാർപ്പിച്ചിട്ടു
ഗൃഹത്തിൽ പാർപ്പിച്ചാറെ മരണകരമായി
ത്രേസിയാ പുണ്യസ്ത്രീക്കു ഭവിച്ചു മഹാദുഃഖം.
ആദിത്യരശ്മിവശാൽ കമലഗർഭമേഘം
അലിഞ്ഞു ബഹുവൃഷ്ടി പെയ്യുന്നവെന്നപോലെ
നാരിതൻ മൃദുവായ കോമളം ചിത്തം തദാ
അലിഞ്ഞു പരിതാപാൽ കണ്ണുനീർ വാർത്തുവാർത്തു
തൽക്കാലം ശുഭമണി സ്വചിത്തതാപം തീർപ്പാൻ
സൽപിതാ പിതാവിൻെറ ഗൃഹത്തിനകത്തു താൻ
അനന്തദൈവത്തിനെ സാദരം വന്ദിപ്പാനായ്
ആശ്രമം മനോഹരം നിർമ്മിച്ചു പർണ്ണഗൃഹം.

മായം കൊണ്ടുണ്ടാം മഹാമോഹങ്ങൾ നീക്കിനിത്യം
ന്യായതത്വാർത്ഥ വിജ്ഞാനാദി സമ്പന്നന്മാരായ്
സർവ്വേശ്വരോപാസനം മുനികൾ ചെയ്തപോലെ
സർവ്വദാ കന്യാമണി നാഥനെ സേവചെയ്തു.

നിശീഥേ മാലോകരും, മൃഗങ്ങൾ, പക്ഷികളും,
സുഖിച്ചു മഹാമൗനേ സ്വപിച്ചിരിക്കും നേരം
തരുണീമണി തന്റെയാത്മാവിൽ തെളിവോടും
ഉണർന്നു സർവ്വജ്ഞനെ സാദരം ധ്യാനിച്ചീടും
കാലത്തെ പ്രഭാകരനുദിച്ചു പൊങ്ങും മുമ്പേ
അഖില ഖഗജാതി സുസ്വരഗാനത്താലെ
ആദികാരണൻ ദേവം സ്തുതിക്കും സമയത്തിൽ
നാരിതാൻ മിശിഹായെ സ്തുതിച്ചു വന്ദിച്ചീടും
ദാമംകൊണ്ടുള്ള കശാൽ പുണ്യമാം ഗാത്രം തല്ലി
ദേഹത്തെ മുള്ളരഞ്ഞാൺ ധരിച്ചങ്ങമർത്തിടും.

അധുനായുപവാസാൽ ശമനം വരുത്തുംനാൾ
അധുനാ 'കവറി'ങ്കൽ ദേഹത്തെ ശയിപ്പിക്കും.
ദുഷ്കൃതം ത്യജിച്ചെന്നാൽ മാനസേ സുഖമേറും
ഗൂഢമാം വനത്തിലും ധർമ്മവും വർദ്ധിച്ചീടും
വിവിക്തസ്ഥലേ പാർത്താൽ ദോഷമാംഭാവം നീങ്ങി
വിവിധ ഗുണവർഗ്ഗം ആത്മാവിൽ ക്ഷണംപൂകും.
ശുകശിശു മാതരം വിളിക്കുമെന്നപോലെ
ശുദ്ധയാം നാരി യേശുനാഥനെ കാംക്ഷിച്ചിടും.
ഏകതാനേകനോടുമന്യോന്യപ്രേമം പൂണ്ടു
ഏകമായിരുവർക്കും കഥനം ദിനംതോറും.
ഇതി സൽക്കർമ്മം നാരി ചെയ്തുവരുന്ന കാലം
ദ്വിതീയ വയസ്സുങ്കൽ അധർമ്മമർമ്മം കേട്ടു.
അധർമ്മമർമ്മം കേൾപ്പിൻ സുധർമ്മപാലന്മാരേ!
അധർമ്മം നീക്കിത്തുലോം ധർമ്മത്തെ ധരിച്ചാലും
യാതൊരു ദുഷ്ടൻ വേദഭിന്നത വരുത്തുവാൻ
ശ്രമിച്ചാൽ വാങ്ങിക്കൊൾവിൻ വേദത്തിൻ ഭേദമയ്യോ

മംഗലമെഴുന്നോരു വേദത്തെ സജ്ജനമേ,
ചഞ്ചലം കൂടാതെടോ, സൂക്ഷിച്ചുകൊള്ളേണമേ.
മഞ്ജുള വീരന്മാരാൽ വിശ്രുതവിശ്രുതമാം
അല്മാന്യയെന്ന നാട്ടിൽ സഭയാൽ ഭ്രഷ്ടനായ
ലൂത്തറെന്നൊരു ഖലൻ, ശാസ്ത്രം ഗ്രഹിച്ച ശേഷം
ലുപ്തശാസ്ത്രനാമവൻ അപരവേദാത്ഥിയായ്.
വേദാർത്ഥം പറയുമ്പോൾ ശിഷ്യരെല്ലാവരെയും
വേദാർത്ഥ അപഗമം മാനസേ ഗ്രഹിപ്പിച്ചാൻ.
ലോകർക്ക ജ്ഞാനമില്ല, ബുദ്ധി വിവേകമില്ല
ലൗകികസുഖം മാത്രമെപ്പേരും രസിച്ചീടും.
അജ്ഞാനം കേട്ടശേഷം സുജ്ഞാനം കളഞ്ഞവർ
ആജ്ഞയും ദൈവഭീതി യെന്നുത്തും ശേഷിച്ചില്ല.
ഇങ്ങനെ വേദഭേദം പലർക്കും പലവട്ടം
എങ്ങുമേ ധരണിയിൽ നാശവുമുണ്ടായതും
സകല വേദക്കാരും പിണങ്ങിയിരിക്കയിൽ
വിമലകരവാർത്തയത്ഭുതം കേട്ടുകൊൾവിൻ:
രക്തം വിയർത്ത യേശു പ്രത്യക്ഷനായിട്ടേവം
രഹസ്യമരുൾചെയ്തു പുണ്യയാം നാരിയോടും;
'നന്ദിനീ മമ ബാലേ, നോക്കഹോ നീ വത്സലേ,
വന്ദനയോഗ്യനഹം; എന്തെല്ലാം സഹിച്ചു ഞാൻ!
അഹഹ, സങ്കടമേ, അഹഹ മാ ദുഷ്കർമ്മം
അഹഹ, രക്തംചിന്തി മർത്ത്യരെ രക്ഷിച്ചഹം.
എന്നിട്ടും കളഞ്ഞവരെന്നുടെ ദിവ്യവേദം
എന്നുടെ ശരീരവും മുറിച്ചു ബഹുവിധം.
നിന്നുടെ മനതാരിൽ കനിവുണ്ടെങ്കിൽ, ബാലേ
നന്ദിനീ, സത്യവേദം പരത്തിക്കൊള്ളുക നീ.'
നാഥൻ തന്നരുൾകേട്ടു കനിഞ്ഞു ശുഭാമണി
ആത്മാവിൽ താപംപൂണ്ടു രോദിച്ചു നിരന്തരം.
ഭാസ്കരൻതന്നെ കൃഷ്ണമേഘം മറയ്ക്കുംപോലെ
ഭാഗ്യയാം കന്യയുടെയാനനം ദുഃഖംമൂടി

അക്കാലം പുണ്യനാരി ത്യജിച്ചു ലോകപ്രീതി
താൽപര്യമായ വസ്ത്രമുടുത്തു മനോഹരി.
ധനമായകം നീക്കി നാഥനെ സദാ സദാ
ധ്യാനിച്ചാൾ, സന്യാസവും ചെയ്തിതു ദൈവദാസി.
കർമ്മങ്ങൾ ചെയ്‌വാൻ ജനം പുണ്യമാം സൂത്രമവൾ
കർമ്മലീത്താ സഭയും സ്ഥാപിച്ചു നിർമ്മിച്ചുടൻ
ത്രിംശതിയാശ്രമങ്ങൾ സർവ്വേശ തുണയാലെ
ത്രേസിയാ താനുണ്ടാക്കി പാർപ്പിച്ചു ഭക്തന്മാരെ.
വിജ്ഞാനജ്ഞാനാദികൊണ്ടജ്ഞാനമകന്നിടാൻ
വേദപാരഗന്മാരും ശാസ്ത്രോക്ത മുഖ്യന്മാരും
ശാസ്ത്രസിദ്ധാന്ത വ്യാഖ്യാനാർത്ഥങ്ങൾ സൂത്രങ്ങളെ
ആശ്രമശാലകളിൽ ചെയ്യുന്നു ബഹുവിധം.
മർത്ത്യരക്ഷാർത്ഥ ഗമനം ഭവിച്ചതും യഥാ
മാർഗ്ഗണാർത്ഥ വിശേഷണമെന്നതു തത്ര.
വാക്യശുദ്ധാർത്ഥത്തോടും ശബ്ദസംസ്കാരത്തോടും
ഭാഗ്യപൂരിതജനം കഥിക്കും നിരന്തരം.
ദൈവസ്തോത്രാർത്ഥം ചിത്രം സൽഭാവവ്യക്തിയോടും
പദസംക്രമ സ്വരമാത്രാദി ശിക്ഷയോടും
ദൈവഭക്തരായോർക്കും പൂതമാനസന്മാർക്കും
ദിവസം കഴിച്ചീടാൻ അത്യന്തം മഹോത്സവം.
സംഗീതപദങ്ങളെ ഇടവിടാതെ ചൊന്നു
സർവ്വേശ തിരുമുമ്പിൽ മധുരഗാനം തേടും.
മോക്ഷ ധർമ്മോക്തവഴി ധ്യാനിപ്പാൻ യാമംതോറും
മോദേന സർവ്വരുമാധ്യാനശാലയിൽ കൂടും.
മുക്തിവിജ്ഞാനം തത്ര അധികം ധരിപ്പാനായ്
ഗൂഢഹൃദർത്ഥത്തോടു സർവ്വേശം യാചിക്കുന്നു.
സ്വശിഷ്യവർഗ്ഗമെല്ലാം കൂടിയ സമക്ഷത്തിൽ
സുസ്വരാധ്വാനത്തോടു ത്രേസിയായുര ചെയ്തു:
ദൈവഭക്തരാം ജനം സത്വരമെഴുന്നേല്പിൻ,
വേദത്തെ നടത്തുവാനേവനും വരികെടോ!

നിസ്തുലഗുണപൂൎണ്ണ പ്രഭുവിൻ ബഹുമാനം
നാസ്തികൻ നശിപ്പിച്ചു, വേദത്യാഗവും ചെയ്തു.

മാനുഷർ സൃഷ്ടിപോലെ വീഴുന്നു ദുഃഖാലയേ
മാനുഷരക്ഷചെയ്തു നമ്മുടെ അവകാശം.

എൻ സ്നിഗ്ദ്ധശിഷ്യന്മാരും ഭക്താരാംജനങ്ങളും
എന്നുടെ ഗുണദോഷാലിന്ദ്രിയജയം ചെയ്‌വിൻ.

ആത്മഭവനം ചെയ്താൽ ദുർഭാവം നീങ്ങിപ്പോകും,
അശുദ്ധമനോരഥമുപവാസത്താൽ തീരും.

ധൎമ്മത്തെ പ്രയോഗിച്ചാൽ നാഥന്റെ ശിഷ്യരാകും
ധൎമ്മത്താൽ യുദ്ധം ചെയ്താൽ നശിക്കും വേദരിപു.

കന്യാംബയെ നിനച്ചാൽ ബുദ്ധിക്കു ദീപ്തികാണും
നിങ്ങടെ യുദ്ധത്തിനും പരമജയം വരും.

ദിനചര്യയായ് നിത്യം ധൎമ്മദാനവും ചെയ്താൽ
സൽകീൎത്തി വൎദ്ധിച്ചീടും മോക്ഷവും നേടും നൂനം.

ഈവണ്ണം ശിഷ്യരോടു ത്രേസ്യായുര ചെയ്തു
ദിവ്യഗുരു സ്മൃതിയും നടത്തി സദാകാലം

ധീമതിയാകമൂലം സകല മർത്യന്മാർക്കും
ധീദീപ്തി വരുത്തുവാനെഴുതി പുസ്തകങ്ങൾ.

സുജ്ഞാനീകരകൃതി നിങ്ങളും വായിച്ചീടിൽ
അജ്ഞാനംദൂരെ നീങ്ങി സൽക്കൎമ്മംചെയ്യും നൂനം.

ഗരുത്തുകൊണ്ടുപത്രി തെളിഞ്ഞവ്യോമത്തുങ്കൽ
പെരുത്ത തെളിവൊടു സുഖിച്ചു പറക്കുന്നു;

ആ വണ്ണം കന്യയുടെ ലിഖിതം വായിക്കുമ്പോൾ
ആത്മാവുസുഖിച്ചീടും മുക്തിയും വാഞ്ഛിച്ചീടും.

ഭൂലോകനാസ്തികത്വത്താൽ മോക്ഷത്തിന്നാശവരും
സ്വർല്ലോകേ വസിപ്പാനും ലാലസം വൎദ്ധിച്ചീടും.

ശാസ്ത്രാൎത്ഥം പലർചൊല്ലും, പ്രയോഗിക്കില്ലതാനും
ശാസ്ത്രം പ്രയോഗിക്കാഞ്ഞാൽ ശാസ്ത്രത്താലെന്തുഫലം?

കിംഫലം ദൈവശാസ്ത്രം? ദൈവത്തെ വന്ദിക്കാഞ്ഞാൽ
കിംഫലം വിദ്യമൂലം അനന്തനാശം വന്നാൽ.

സുശ്രൂഷവിദ്യപോലെ നടന്നുപുണ്യനാരി
സർവ്വം പ്രയോഗിച്ചു ധ്യാനിച്ചു ദിനംതോറും.
സൂചിത്തേ പ്രേമജ്വാലയധികമുദിച്ചപ്പോൾ
സുന്ദരഗാത്രി തദായിവ്വണ്ണമുരചെയ്തു:
'എന്നുടെ നാഥനയ്യോ! മരിച്ചു കുരിശുമേൽ
എൻദോഷാൽ ക്ലേശമേററു ചിന്തീതു രുധിരവും.
നാഥനെ കുരിശിന്മേൽ എൻനേത്രം നോക്കും വിധൗ
ആത്മാവു ദുഃഖം പൂണ്ടു, ഹൃദയം പകയ്ക്കുന്നു.
എങ്കിലുമീശോനാഥനത്രയും സഹിച്ചല്ലോ
അഹംച സഹിക്കേണ്ടേ, നാഥനെ സ്നേഹിക്കേണ്ടേ?
ത്വാംപ്രതി, മമനാഥാ സഹിപ്പാൻ മനസ്ഥിതി
താവകദൈവകൃപാൽ ബലവും നൽകിടേണേ
മരിപ്പാൻ വഴിയില്ലീ! സഹിപ്പാൻ കഴിവില്ലീ?
മന്നവാ നിന്നെപ്രതി ജീവനെയെടുക്കില്ലീ?
ചാഞ്ചല്യം ലവമില്ല ഒന്നുകിൽ മരിക്കണം
അല്ലെന്നു വരികിലോ ത്വാംപ്രതി സഹിക്കണം.'
ഇത്ഥമങ്ങുര ചെയ്തു ത്രേസിയാശുഭഗാത്രി
ഇഷ്ടംപോലീശോതാനും കല്പിച്ചു പീഡാകരം
അരിയ ജപത്തിന്നു, തപസ്സിന്നിഷ്ടഹീനം
അനിഷ്ടംധ്യാനത്തിലും ധർമ്മത്തിന്നചേതനം.
സൽതുഷ്ടി ധരിച്ചിട്ടും ധർമ്മിഷ്ഠന്മാരിൽ ചിലർ
സൽസുഖമവൾക്കില്ല, സർവ്വതാപമേയുള്ളൂ.
ചതികൾ ബഹുവിധംവരുത്തും പിശാചുക്കൾ
സന്നിവേശം പലതും കാട്ടിടും ധ്യാനത്തിങ്കൽ
അധുനാഭയത്താലെയിളകും ധീന്ദ്രിയത്തെ
അവിതേദൃഷ്ടമായാൽ സനിക്കും നേത്രങ്ങളെ.
സമ്പ്രതി പുണ്യയായ നാരിയെ താഡിച്ചിട്ടും
സംഭ്രമം മുഹുർമ്മുഹുരാത്മാവിൽ പൂകുംവേഗം
അതിനാൽ സുന്ദരിതൻ വക്ത്രരൂപവും മാറി
അത്യന്തമാമയവും ബലഹാനിയുംവന്നു

ചരണയുഗ്മം തദാ മുടങ്ങിവാതംകൊണ്ടു
ശരീരം വിഷമിച്ചു വിവിധ രോഗങ്ങളാൽ
കുറഞ്ഞു ജഠരാഗ്നി, ഭക്ഷണാജീർണ്ണമായി
കുശലഭോജ്യത്താലും മൂർത്തിക്കു ഫലമില്ല
ആനന്ദം ദൂരെ വാങ്ങി നിദ്രയ്ക്കുംഭംഗം വന്നു
ആത്മദുഃഖാബ്ധിയിലും നിർമ്മലനാരി വീണു
കനകമഗ്നികൊണ്ടു ശോഭിക്കും, നരന്മാരെ
ആവണ്ണം ദൈവം ഗാത്രംശോധിക്കും ദീനങ്ങളാൽ
രോഗങ്ങൾ പാപിഷ്ഠമാം സാധനം നശിപ്പിക്കും
ദോഷവിനാശനവും ശുദ്ധവും വരുത്തീടും.
ഇങ്ങനെ ബഹുകൃഛ്റാൽ വിഗ്രഹംശോധിച്ചപ്പോൾ
ദിവ്യഗുണാർത്ഥപൂർണ്ണം നാരിക്കുമുണ്ടായ്‌വന്നു
രോഗത്തിൽ മാർയൗസേപ്പു സ്ത്രീമുന്നിൽ പ്രത്യക്ഷനായ്
ദ്രോഹത്തെ ഹരിച്ചിട്ടു ശോകമൊഴിച്ചു, ദ്രുതം
പിന്നെയങ്ങീശോനാഥൻ തന്നെയാവിർഭവിച്ചു
കാരുണ്യഭാവത്തോടുമീവണ്ണമരുൾചെയ്തു:
‘ത്രേസിയാ, മനോഹരീ, മമനായികക്കല്ലേ,
ത്രേസിയാ മമ പ്രിയ നീയെന്നു ബോധിപ്പാനായ്
കാഞ്ചനമാല്യമിതാ, വാങ്ങിക്കൊൾ മമബാലേ,
കന്യകേ സൂക്ഷിക്കനീയെന്നുടെ പ്രിയദാനം.
ആകാശമോക്ഷം മുന്നേ നിർമ്മിച്ചിരുന്നില്ലെങ്കിൽ
ആയതു നിനക്കായിട്ടിന്നു ഞാൻ സൃഷ്ടിച്ചേനെ.
അഖിലസ്ത്രീഷുനിന്നെ, സുന്ദരാനനേ, ബാലേ,
അഖിലലോകത്തെക്കാളധികം സ്നേഹിക്കുന്നേൻ
എൻ സ്നേഹച്ചിഹ്നമിതാ, നിർമ്മലപത്മരാഗം,
ഏറ്റുകൊൾ ശുഭപ്രിയേ, എന്നെ സ്നേഹിച്ചുകൊൾക.’
ഇത്യാദിയരുൾചെയ്തു മറഞ്ഞാനീശോനാഥൻ
ഈഷൽഭേദമെന്നിയേയടുത്തു മാലാഖമാർ.
സുമനസ്സുകളോടു നാരിതാൻ ജപംചെയ്തു
സുഗുണവൃത്തിയൊക്കെക്കഴിച്ചു നിരന്തരം.

മർത്ത്യരഹസ്യംകണ്ടു പുണ്യനേത്രത്താലവർ
മാനുഷഗ്ഗുണദോഷം തിരിച്ചുവിവേകത്താൽ
ധീദീപ്തികൊണ്ടറിഞ്ഞു ദൂരമാമവസ്ഥകൾ
ധീമതി മുമ്പേചൊല്ലി സകല ഭവിഷ്യത്തും
എന്തുഞാൻ പറയുവാൻ കഥിതഗ്ഗുണംമൂലം
അത്ഭുതവിശേഷങ്ങളെല്ലാവരും കേട്ടുകൊൾവിൻ!
നാഥന്റെ ദിവ്യദൂതൻ സ്രാപ്പമാലാഖയൊന്നു
നായകനരുളാലേ സ്വർല്ലോകത്തിങ്കൽനിന്നും
അഗ്രത്തിലഗ്നിയുള്ള സായകം കൊണ്ടുവന്നു
അർച്ചിതനാരിമേവും ഗൃഹത്തിനകംപുക്കു
സായകംകൊണ്ടുദൂതൻ ഗാത്രത്തിൽ പുണ്യസ്ത്രീയെ
സാരമായ് കരളിലും മുറിച്ചു കഠിനമായ്.
അതിനാൽ കന്യകയ്ക്കുണ്ടധികം പ്രിയഹേതി
നാഥനെ ദർശിപ്പാനായ് ചേതസി മഹാപ്രീതി.
ദാഹിക്കും പത്രീജലം മോഹിക്കുമെന്നപോലെ
ദാഹിക്കും കന്യാമണി നാഥനെക്ഷണംതോറും
കത്തുമഗ്നിയാലഥചൂർണ്ണമായ്പോകും വണ്ണം
കത്തുന്നുകന്യകതൻ ഹൃദയേപ്രേമജ്വാല
അതിനാൽ സ്വജീവാന്തം സ്വപ്രാണയാത്രതാനും
അറിഞ്ഞശിഷ്യരെത്താൻവരുത്തി ച്ചൊല്ലീടിനാൾ
എന്നുടെ ജീവനിപ്പോൾ ഗമിപ്പാനാരംഭിപ്പൂ
എന്നുടെ പുത്രന്മാരേ, കല്പന സൂക്ഷിച്ചാലും.
ആശ്രമത്തിൻ നിയമം പോകാതിരിപ്പാനായി
അർത്ഥത്തെ ത്യജിച്ചിട്ടു ദൈവത്തെ ധ്യാനിച്ചാലും.
അക്കാലമർച്ചശ്രേഷ്ഠകർബ്ബോനവാങ്ങിക്കൊണ്ടു
സൽഭാവത്തോട്ടുകൂടെ നാഥനോടപേക്ഷിച്ചു:
നിർമ്മല, പരാപരാ! വിഷ്ടപ ത്രയനാഥാ!
നീ സൃഷ്ടിച്ചുണ്ടാക്കിയ ജീവനെ വാങ്ങിക്കൊൾക.
നിന്നുടെ രക്തത്താലെ രക്ഷിച്ചയാത്മാവിനെ
നിന്നുടെ കരങ്ങളിലധുനായേല്പിക്കുന്നേൻ.

ഈ വണ്ണമുരചെയ്തു ജീവനം വാങ്ങി തദാ
ഈശോമിശിഹായുടെ അനന്തമോക്ഷം പുക്ക
ആത്മാവു നീങ്ങുന്നേരം അർച്ചിതമാലാഖമാർ
ആനന്ദംപൂണ്ടു ദ്രുതം മധുരഗാനം ചെയ്തു.
കപോതസാദൃശ്യത്തിൽ ജീവൻ ഗമിച്ചശേഷം
കന്യകാമണി തന്റെ യന്തർഗൃഹം ശോഭിച്ചു
നിഷ്ഫലം ശുഷ്കമരം ഗൃഹത്തിൻ സമീപത്തിൽ
നില്പതു ദ്രുതം പൂത്തു പുണ്യത്തിൻ സാക്ഷിത്വമായ്
ഘ്രാണശക്തിയില്ലാത്ത നാരിയാം പുണ്യസ്ത്രീതൻ
കാല്പാദം ചുംബിച്ചപ്പോൾ നാസികാരുജനീങ്ങി
മറെറാരു പുണ്യനാരി ശിരോരോഗിണി പുണ്യ
ഹസ്തസ്പർശനം ചെയ്തു ശിരോരോഗവും തീർന്നു.
വേറൊരു കന്യകയുടെ മാറിലെ മഹാവ്രണം
ത്രേസ്യാ മരിച്ചപ്പോൾ നീക്കീതു ശുഭാമണി
അർച്ചിതകന്യകയുടെ അസ്ഥികളൊരുപാപി
അഗ്നിയിലിടുംനേരം നശിച്ചിതഗ്നിജ്വാല
ബാലകദ്വയം, തമ്മിൽ കുത്തിമരിച്ചശേഷം
ബാലരവരെ ജീവിപ്പിച്ചതു പുണ്യനാരി.
അക്ഷയത്വമാദേഹം ധരിച്ചതത്യത്ഭുതം
അശുദ്ധദൂതന്മാരെ കളഞ്ഞതും നിർണ്ണയം
കവറിൻ ചൂർണ്ണംകൊണ്ടു രോഗങ്ങൾ തീരുന്നതും
കന്യയെ സേവിച്ചെന്നാൽ മംഗലം വരുന്നതും
പാവനസ്വേദംഗാത്രം വമിക്കുന്നതും സദാ
പാവനസൗരഭ്യവും ചിന്തീടുന്നതും സദാ
എന്തു ഞാൻ പറവതു പുണ്യചരിത്രത്തിന്നു
എന്നുടെ വാക്കിൻവശാൽ പൂർണ്ണത വരാന്തനം.
കേവലമഗ്രേസരേ ത്രേസിയാപ്പുണ്യനാഥേ
കിംജിഹ്വപാത്രമാകും നിന്നുടെ സ്തുതി ചൊൽവാൻ?
അഖിലധരണിയിൽ പ്രശസ്തം തവശുഭം
നിഖിലലോകത്രയേ പ്രസിദ്ധം തവനാമം.

സകല വേദികളെ രക്ഷിക്ക, പ്രസൂശീലേ!
സമസ്തബോധധ്വാന്തം നീക്കിക്കൊൾ ദൈവപ്രിയേ!

കരുണാനിധേ ശുഭേ, ത്രേസിയാ മമ നാഥേ
കാരുണ്യമെനിക്കഹോ! നൽകുക, ചാരുശീലേ.

വേദത്തെ നടത്തുവാൻ സർവ്വേശനിയോഗത്താൽ
കേരളരാജ്യത്തുങ്കലധുനാമേവുന്നഹം

നീചന്മാർ പലതരം പരമദുഷ്ടന്മാരും
നിർമ്മലവേദാജ്ഞകൾ ലംഘിച്ചുനടക്കുന്നു.

വേദത്തെ നശിപ്പിപ്പാൻ പലക്കും മഹാവാഞ്ഛ
വേദികൾതന്നെ തമ്മിൽ നിയതം പിണങ്ങുന്നു.

സർവ്വജ്ഞം പരിത്യജിച്ചജ്ഞാനദേവന്മാരെ
സേവിച്ചു ബഹുജനം ദുർഗ്ഗതി പ്രാപിക്കുന്നു.

ഏറിയ മർത്ത്യന്മാരും ദോഷത്താൽ ദൈവക്രോധം
കേരളരാജ്യത്തിന്മേൽ വരുത്താൻ ശ്രമിക്കുന്നു.

ഭ്രാതാക്കൾ പരസ്പരം മാനസേമഹാദ്വേഷം
സംഗ്രഹിച്ചൊരുഗൃഹേ നിത്യവും വസിക്കുന്നു

വിനയം, ദൈവഭീതി, വിശ്വാസം വനംപുക്കു
വിമലതയെന്നിയേ ദോഷംതാൻ ശേഷിക്കുന്നു.

ഭോഷ്ക്, വ്യാജം, കർപ്പണ്യം, ദ്വേഷണമർത്ഥദാഹം
ഭോഗാധി മററുമുള്ള കലുഷം ബഹുവിധം

വെള്ളപ്രളയം പണ്ടേ പൂരിച്ചു ഭൂലോകത്തിൽ
പാപപ്രളയംകൊണ്ടു കേരളം നിറഞ്ഞിപ്പോൾ

ആരാനം നെറിവുണ്ടോ ന്യായവും നേരുമുണ്ടോ
ആരാനും ദൈവഭീതി ഭക്തിയുമുണ്ടോ ചൊൽവിൻ?

താതനെത്താഡിച്ചീടും ദുർജ്ജനം പുത്രന്മാരും
മാതരം ചതിച്ചീടും നിർലജ്ജർപുത്രികളും

ഭർത്താവിന്നു ഭാര്യയെ രസമില്ലിങ്ങു പാർത്താൽ
ഭർത്തവ്യം നീങ്ങിഗൃഹേ കലഹംനിരന്തരം.

തന്ത്രിക്കുംമഹംഭാവം മർത്യന്നു നിത്യവ്യാജ
തന്നിഷ്ടം നടത്തുവാനെല്ലാക്കും മഹാശ്രമം

വിപ്രാദി നീചരോളം സകല കേരളന്മാർ
വിവിധ കലുഷാദിചെയ്യുന്നു ദിനംതോറും

അദയമൂഢന്മാരെ ദൈവത്തെ മറന്നിട്ട്
അമേദ്ധ്യപൂർണ്ണഗാത്രമെന്തെടോ ഭജിക്കുന്നു?

ഇന്നുതാൻ ഭവിക്കുന്നു, നാളെത്താൻ നശിച്ചീടും
ഇന്നനേരമെന്നില്ല നശിപ്പാൻ മർത്യന്മാർക്കു

ഇന്നുമലർന്ന പുഷ്പമുഷ്ണത്താൽ വാടിപ്പോകും
ഇനിയുമൊരു ദിനമിരുന്നാൽ ഭസ്മമാകും.

മർത്യന്മാരിതിൻവണ്ണം ശോഭിച്ചുവരുന്നേരം
തരണമോർക്കാതെയും മരണമകപ്പെടും

അർത്ഥമനർത്ഥമെടോ അർത്ഥത്താൽ സുഖംവരാ,
അർത്ഥത്തെ നെണ്ണില്ലാത്ത പുത്രന്മാർ നശിപ്പിക്കും

വസ്തുത്രയത്തിന്നോരത്താലെന്നുമേ പൂർത്തിവരാ
പ്രസ്തുത ശ്ലേമ്മോൻ രാജൻ ചൊന്നതു കേട്ടുകൊൾവിൻ

സമുദ്ര,മഗ്നി,യൊരു സ്ത്രീയുടെ ഗർഭപാത്രം
സതതം മേടിച്ചീടും സതതം പോരാതാനും

ലുബ്ധമാരതിൻവണ്ണം സതതമാഗ്രഹിക്കും
ലുബ്ധമാമർത്ഥദാഹം തീരുന്നതില്ലതാനും

സ്ത്രീജനസേവന്മാരും നിയതം മോഹിച്ചീടും
സ്ത്രീമോഹമൊരിക്കലും തീരുന്നില്ലതാനും

എങ്കിലോ മായംനീക്കിയർത്ഥത്തെ ത്യജിച്ചാലും
ഇന്ദ്രിയജയം ചെയ്തു ദൈവത്തെ സ്നേഹിച്ചാലും

ദുഷ്ടാശ കളയാതെ സദ്ഗതിപ്രാപ്യമല്ല
ദുർഗ്ഗതി താൻ ശേഷിക്കും സകല ദുഷ്ടന്മാർക്കും

ത്രേസിയാ സ്വാസ്ഥിമതി ചെയ്തതുമൊപ്പിക്കാഞ്ഞാൽ
ത്രേസിയാ പ്രാപിച്ചപോൽ മോക്ഷവും ലഭിക്കില്ല.

എത്രയും ശുഭബാലേ, കരുണാകരീ, കന്യേ
ത്രേസിയേ, പങ്കം നീക്കി ഗുണമേററുക നാഥേ!
വേദാൎത്ഥവിനാശനം വരുത്തും രിപുക്കളെ
വേദിതഗുണശീലേ, അമൎത്തിക്കൊള്ളേണമേ.
സാധുത്വം, ദാനശീലം, സുജ്ഞാനം, ദൈവഭീതി
ചാരുസ്വഭാവം, മോക്ഷപ്രാപ്തിക്കു പ്രയത്നവും
നിനക്കുണ്ടായ ശുദ്ധി, സൎവ്വേശാ സേവപ്രീതി
നമുക്കും നൽകീടണം, ശുദ്ധോക്തകന്യാമൌലി!

---

ഏകസൎവ്വേശ സ്തോത്രായനമ: ശുഭമസ്തു.

# ദേവസ്യ്രഷഷ്ഠചിഹ്നഗാനം

# ദേവസ്യഷഷ്ഠാ ചിററ്നഗാനം

സവ്വേശ്വരായ നമഃ

അനന്തകൃപാനാഥാ! സമസ്തഗുണനിധേ!
അഖണ്ഡജ്ഞാനവിത്തേ നിരുപമ, ദൈവമേ,
ആദികാരണ, ശാന്താ, ബാലിശ ബോധധ്വാന്ത—
ഹാരീ, ചാരുശീലകാ, പരമദീപ്തിധരാ!
ലോകസ്യ ലോപഹന്താ സവ്മംഗലമാണ്ട
ലോലധരാപാലക, ലൗകികലീലാപാല,
സവ്ജ്ഞ, സവ്വ്യാപി സവ്ദാ നമോസ്തുതേ
സവ്വേശാ! പരാപരാ! പരമൻ, നമോനമഃ
ആദിനാഥനാം നിൻെറ കോപമേററവനിയിൽ
ഏറിയനാളുണ്ടല്ലോ അജ്ഞന്മാർ വസിക്കുന്നു.
ഇനിയുമെത്രകാലം തവ ക്രോധത്തിൻ താപം
ധീനിസ്വർ സഹിച്ചീടും പരമദയാധനാ!
അജ്ഞരാം ജനത്തിന്നു നരകഭീമസ്ഥലം
ആജ്ഞയാകുവാനെന്തു കാരണമെൻെറ നാഥാ!
നിർമ്മല ജ്ഞാനസ്നാനം തവനാമത്തിൻ മാനം
നീ തേഷാം കൊടുക്കില്ലീ സകല ഗുണപതേ!
നിൻതിരുരൂപംപോലെയവരെ നിർമ്മിച്ചല്ലോ
വിഗ്രഹേ പ്രാജ്ഞപ്രാപ്തി ജീവനെപ്പുകിച്ചു നീ
നീ സ്വയം സൃഷ്ടിചെയ്ത ജീവനെക്കളകയോ?
നിന്നുടെ കരവൃത്തി നരകപാത്രമാമോ?
അജ്ഞാനം ദൂരെനീക്കി സുജ്ഞാനമുദിപ്പിച്ചാൽ
അത്യന്തം ബഹുമാനം നിനക്കു വരുംനൂനം
ആദിത്യനുദിക്കുമ്പോളോടിപ്പോം കൃഷ്ണമേഘം
അഖില വ്യോമത്തിലുമുദിക്കുമവഗ്രഹം.

ദൈവപ്രസാദരശ്മി മാനുഷഹൃത്തിൽ പൂക്കാൻ
കേവലം മായംനീങ്ങി സുജ്ഞാനമുദിച്ചിട്ടും
സുജ്ഞാനമുദിച്ചെന്നാലജ്ഞന്മാരഥ നിന്നെ
ധീജ്ഞാനവഴി സദാ സാദരം വന്ദിച്ചീടും
ആവിധ മിരിക്കവേ കാരണമെന്തുനാഥാ
അജ്ഞരാം ജനങ്ങളെ കളവാനെന്തു മൂലം?
ബാലിശർ നിന്നെ പരിത്യജിക്ക നിമിത്തമാ-
യാവാം നീ ദുഷ്ടന്മാരെ പരിത്യജിച്ചു നാഥാ!
ഗുണദോഷാധികൃത്യം തിരിച്ചറിവതിന്നും
ഗൂഢഹൃത്ബോധദീപ്തി സിദ്ധിച്ചു മർത്ത്യന്മാർക്കു
കലുഷം നീക്കി തുലോം ഗുണകർമ്മാദി ചെയ്‌വാൻ
കല്പിച്ചുനല്കി നാഥൻ സർവ്വർക്കും കർമ്മവശം
ലാളിച്ചു ദുഷ്ടകർമ്മം സൽക്കർമ്മം ത്യജിച്ചെന്നാൽ
ശിക്ഷയേല്ക്കുവാൻ ദുഷ്ടർ നരകേ പതിച്ചീടും
അത്യന്ത പ്രയത്നത്താൽ ലഭിക്കും ദിവ്യരത്നം
യാതൊരു വിദ്യാധനം ഗ്രഹിപ്പാൻ ചെല്ലുംകാലം
മാർഗ്ഗണം ചെയ്തുകൊണ്ടാവിൻ പ്രത്യക്ഷമാകും ദൈവം
മാർഗ്ഗവും മോക്ഷമെത്താൻ നിർണ്ണയം ഗ്രഹിച്ചീടാം.
സർവ്വജ്ഞമേകനാഥം തിരിച്ചറിവാനുള്ള
സരണി പഠിക്കുവാൻ നരർക്കു കടമുണ്ടു.
അയനം ചോദിക്കാതെ വിവിധ സ്ഥൂലം ദൈവം
അജ്ഞന്മാർ വന്ദിച്ചെന്നാൽ നരകം സിദ്ധിക്കില്ലേ?

## ഒന്നാം ലക്ഷണം

സൃഷ്ടിപാലനം ചെയ്‌വാനൊരുത്തൻ മതിയെങ്കിൽ
വൃഷ്ടിപോൽ ദൈവങ്ങളെക്കല്പിപ്പാനെന്തു ന്യായം?
ഭൂപാലനമൊരുത്തനസാദ്ധ്യമെന്നു വന്നാൽ
അശക്തനാകമൂലം നിർണ്ണയം ദേവനല്ല.
അധവീര നധീരൻ ജിതൻ ഭീരു വിഭീരൻ
അശക്തനയുക്തനായമുഖ്യനാണോ ദേവൻ?

ആവിധമുള്ള ദേവൻ വാനത്തിലുണ്ടാമെങ്കിൽ
സഹസ്രകോടി ദൈവം ഭുവനെ നിർമ്മിച്ചിടാം

പരാപരൻ ഭവിപ്പാനദ്വയനാകണംതാൻ
പലരും സംഭവിച്ചാലദ്വയത്വമില്ലല്ലോ.

ഭവിച്ചാൽ തന്നെപ്പോലെ മററൊരു ദേവദേവൻ
ആ ദൈവം പരമനും പരാപരനുമല്ല.

അതുല്യമനുപമം അനന്ത്യമഗോചരം
അഖണ്ഡമാദിഹീനം സവ്വേശസത്താഹീരം

പലക്കുണ്ടായ്‌വരാ പലർക്കുമുണ്ടെന്നാകിൽ
പലരിൽ പരാപരനില്ലെന്നു വരും നൂനം

സവ്വേശൻ പരാപരൻ സമസ്തഗുണധാരി
സവ്വതത്വാർത്ഥ സാരൻ സവ്വചാരുത്വനിധി

ഏകൻതാൻ പരാപരൻ; ഒരുവനല്ലായെങ്കിൽ
ഏകചാരുത്വമില്ലാ, പരാപരനുമല്ല

അനന്തസവ്വവശം പലർക്കുമുണ്ടാമെന്നു
പറഞ്ഞാൽ സവ്വവശമില്ലെന്നുവരും നൂനം

അനന്തനാഥദ്വയം ദ്വിത്രീ പരമദൈവം
അത്യല്പനേരമിതി ഭവിക്കാമെന്നു വെക്ക

അത്യന്തബലം സമം അളവില്ലാത്ത ചിത്തം
അവർക്കുമുണ്ടാമെന്നു കിഞ്ചന ചിന്തിച്ചാലും!

അവരിലൊരുത്തനു ഭൂലോകസൃഷ്ടിപോലും
ചെയ്യണം, മററവനു ചിത്തമതില്ലതാനും

എന്തെല്ലാം വരുമിന്നി, സകല വിദ്വാന്മാരെ
ചൊല്ലടോ നിങ്ങളോടു ധീപൃച്ഛ ചെയ്യുന്നഹം.

ഗൗതമബുദ്ധമുനി വാല്മീകി ഗുരുതാനും
കൗശല്യപ്രതിവാക്യം ദദതു നമുക്കഹോ

ഭവിച്ച ലോകമിതുപേരിലൊരാൾ നിർമ്മിച്ചാൽ
മററവൻ ബലഹീനനാകയാൽ ദൈവമല്ല.

അവന്റെ വിഘ്നംകൊണ്ടു, ഭവിച്ച ലോകമിവൻ
നിർമ്മിച്ചില്ലെങ്കിലഥ, ഇവനും ദൈവമല്ല.

വിരുദ്ധമാകും വിധൌ ലോകം ഭവിച്ചില്ലെങ്കിൽ
സൃഷ്ടിപ്പാൻ ഭാവിച്ചവൻ നിർണ്ണയം ദൈവമല്ല.
വിരുദ്ധമാകും വിധൌ ലോകം ഭവിക്കുന്നെങ്കിൽ
വിരുദ്ധം ചെയ്ത ദേവൻ നിർണ്ണയം ദൈവമല്ല.
വിരുദ്ധം ചെയ്തില്ലെന്നു നിങ്ങൾ പറയുന്നെങ്കിൽ
വിരുദ്ധം ചെയ്‌വാൻ വശം, ചിത്തവുമുണ്ടാമല്ലോ.
തടസ്ഥം ചെയ്‌വാൻ വശം തനിക്കില്ലെന്നു വന്നാൽ
ആ ദേവൻ സ്ഥൂലമരമാകുന്നു, ദൈവമല്ല.

മായങ്ങൾ നീക്കിത്തുലോം മാനസേ പരമാർത്ഥം
ഗ്രഹിച്ചിട്ടുള്ളതെടോ പാവാൻ നോക്കിക്കൊൾവിൻ
ഭൂപതേ രണ്ടു ദൈവമുണ്ടെന്നു വരുന്നെങ്കിൽ
ഭുവനെ കാര്യമൊന്നു നടന്നു വരികില്ല.
പരമദൈവദ്വയേ വിനാശമൊരുത്തന്നു
വരാതെ കണ്ടു ലോകം സൃഷ്ടിപ്പാൻ സാദ്ധ്യമല്ല.
വൈരുദ്ധ്യം വരുന്നേരം ലോകം ഭവിച്ചില്ലെങ്കിൽ
പ്രഥമം ദൈവത്തിന്നു പരമ വശമില്ല.
എതിരുണ്ടാകുന്നേരം ലോകം ഭവിക്കുന്നെങ്കിൽ
ദ്വിതീയ ദൈവത്തിന്നു പരമ ബലമില്ല

മാനസ, മതിൻവണ്ണം സന്തതമൊരുവിധം
മാനത്തിൽ ദേവന്മാർക്കു വരുവാൻ വിധിയില്ല
യാതൊരു ഗുണദോഷേ മാനസം പലവിധം
ധരിത്രീചരന്മാർക്കു മുണ്ടെന്നു കാണ്മതില്ലേ?
ചിത്തഭേദമുണ്ടെന്നും വൈരുദ്ധ്യം ചെയ്യാമെന്നും
പരമ ദൈവത്തിന്നും സ്വധർമ്മ ഗുണസാരം
ആയതില്ലെന്നും വന്നാൽ ദേവനും പരവശൻ,
ആകെയും ശാസ്ത്രത്തിലും തത്വമാം ദൈവമല്ല.
നിങ്ങടെ ദേവന്മാരെ സൂക്ഷിച്ചുനോക്കിക്കൊൾവിൻ,
ആർക്കും മാനസേഭേദമുണ്ടെന്നു ബോധിച്ചീടാം

ബ്രഹ്മാവു ശിവൻതാനും പിണങ്ങീ പരസ്പരം
പ്രായശ്ചിത്തമേറെനാൾ കഴിച്ചു മഹേശ്വരൻ

നിങ്ങടെ ദേവന്മാർക്ക മാനസമടക്കിടാൻ
നിദാനം, വിധിബലം, സൂത്രവുമില്ലന്നൂനം
ഇത്യാദി ദൈവമൊന്നും ദൈവമല്ലെന്ന നിങ്ങൾ
ഗ്രഹിപ്പാൻ സാക്ഷാലഹം ചൊല്ലുന്ന വാൎത്ത കേൾപ്പിൻ
ലോകമെന്ന നിർമ്മിപ്പാൻ ബ്രഹ്മാവു മനഃകാമ്പിൽ
ഭാവിച്ചു, ഭാവത്തിന്ന വേണ്ടുന്ന കോപ്പുകൂട്ടി;
ആയതബലയുതൻ ശിവൻതാൻ കണ്ടനേരം
അചിത്തം കാട്ടിയുടൻ സൃഷ്ടിക്ക വിഘ്നംചെയ്തു.
പരമബലയുതർ ശിവനും ബ്രഹ്മാവിനും
മാനസം രണ്ടുവിധമാകുന്നില്ലയോ ചൊൽവിൻ.
പാൎത്തീടിൽ ലോകമിപ്പോൾ ബ്രഹ്മാവു നിൎമ്മിക്കുമോ
ഇല്ലയോയെന്ന നിങ്ങൾ തികച്ചു പറഞ്ഞാലും.
ഈരണ്ടു ദേവന്മാരിൽ ദേവനാരെന്നു ചൊൽവിൻ
മററവൻ സാക്ഷാൽ ദേവനല്ലെന്നുവരും നൂനം.
ഭാവിച്ച ലോകം ബ്രഹ്മാ, ശിവന്റെ വിഘ്നംകൊണ്ടു
നിർമ്മിച്ചില്ലെങ്കിൽ ജിതൻ പരമദൈവമല്ല.
ശിവന്റെ വിഘ്നം നീക്കി ബ്രഹ്മാ പ്രസ്തുതലോകം
നിർമ്മിച്ചാൽ മഹേശ്വരൻ പരമദേവനല്ല
ഇങ്ങനെ കോടിദൈവമുണ്ടെന്നു പറഞ്ഞാലും
തങ്ങളിൽ പരവശമുണ്ടായാൽ ദേവരല്ല
ദേവന്മാർ പലരെങ്കിൽ തങ്ങളിൽ സാമ്യമുണ്ടോ
പലക്കുമൊരുബോധമൊരു ചിത്തവുമുണ്ടോ?
ദേവന്മാർ പലരെങ്കിൽ തമ്മിൽ തുല്യതയുണ്ടോ
പലർക്കുമൊരു ബലമൊരു ജ്ഞാനവുമുണ്ടോ?
സമന്മാരാകുന്നെങ്കിൽ ഉണ്ടാകും പ്രതിബലം
അതിനാലൊന്നുംതന്നെ നിർമ്മിപ്പാൻ ഭാവിക്കില്ല.
ഒരു ദേവൻ ഭാവിച്ചാൽ മററവൻ പ്രതിബലം
എടുക്കും; പ്രവൃത്തിയും മുടങ്ങിപ്പോകും നൂനം
സമന്മാരല്ലായെല്ലിൽ കുറഞ്ഞ ദേവരെല്ലാം
പരമശുഭമല്ല ദേവരുമല്ലാതെയാം.

എങ്കിലോ തുല്യദേവർ പലരുമില്ലാന്നൂനം
അതുല്യർ കുറഞ്ഞവരാകയാൽ ദേവരല്ല.

അദ്വയഹീനമായ ദൈവത്വമുണ്ടാമെങ്കിൽ
അശക്തന്മാർക്കു ക്ഷയം യശോഹാനിയുമില്ലേ?

പലർക്കുമേകവീര്യമുണ്ടെന്നു വരുന്നെങ്കിൽ
പിണക്കം കൂടാതെടോ തങ്ങളിൽ കഴിയുമോ?

പ്രധനം ചെയ്‍വാൻ പാത്രം ദേവന്മാർ രണ്ടെന്നാകിൽ
പ്രധനം കൊണ്ടു നാശം തങ്ങൾക്കു വരികില്ലേ?

മററുള്ള ദേവന്മാരെ ജ്ജയിപ്പാനൊരുത്തന്നു
വല്ലഭമുണ്ടെന്നാകിൽ ആയവർ ദൈവമല്ല.

മററുള്ള ദേവന്മാരെ ജയിപ്പാനൊരുത്തന്നു
ബലിമില്ലെന്നു വന്നാലവനും ദൈവമല്ല

എന്തിനേറെപ്പറയുന്നേക സ്വരൂപമുണ്ടോ
മററുള്ള ദൈവജനം നാസ്തി താൻ നൂനം നാസ്തി

ഏകസ്വരൂപംതന്നെ സൃഷ്ടിപാലനം ചെയ്‍വാൻ
സവ്വേശൻ സകലർക്കും സങ്കടം തീർപ്പാൻപോരും

ഏകനാഥൻ ഭവിക്കിലസംഖ്യം ദേവന്മാരെ
കല്പിപ്പാനെന്തു ന്യായം? ബദ്ധപ്പാടെന്തു നാഥാ!

ഭവിക്കിലേക നാഥൻ ഓരോരോ പക്ഷംപോലെ
ഭവാദൃശക്കനേകം ദൈവത്തെപ്പെരുക്കാമോ?

പെരുക്കാം ദൈവങ്ങളെയെങ്കിലസംഖ്യം ദേവർ
വിഷ്ടപ ത്രയത്തിലുമുണ്ടെന്നു വരുംനൂനം.

അഭ്രത്തിലൊരു സൂര്യൻ നമുക്കുമൊരു രാജൻ
ഗാത്രത്തിലൊരു ജീവൻ സ്ഥാനത്തിലൊരു ന്യായം,

ശാസ്ത്രത്തിലൊരു യുക്തി, തക്കത്തിലൊരു നേരും
സാക്ഷാലുണ്ടൊരു ലോകം, ലോകത്തിലൊരു ദൈവം

എങ്കിലോ മഹാപാപമില്ലാതെയിരിക്കുവാൻ
സവ്വജ്ഞനേകനെത്താൻ നമിപ്പാൻ ന്യായമുള്ളു .

ഏകത്വവിവരങ്ങൾ നിങ്ങൾ ഗ്രഹിച്ചശേഷം
ദൈവത്തിൻ രണ്ടാമത്തെ ലക്ഷണം കേട്ടുകൊൾവിൻ

## രണ്ടാം ലക്‌ഷണം

താൻ തന്നാൽ ഭവിക്കുന്ന ഭവകാരണമില്ല;
താൻ തന്നേ സ്വതസ്സത്ത, സംഭവമാർഗ്ഗമില്ല.
യാതൊരു വസ്തുവിനു കാരണമുണ്ടെന്നാകിൽ
ആ വസ്തു ദൈവമല്ല, ദൈവവുമുണ്ടായ്‌വരാ.
കാരണം നീക്കുന്നേരം കാരണമുള്ളവസ്തു
കാറുപോലഴിഞ്ഞിടും നാസ്തികൃമുണ്ടാംനൂനം
ഭാസ്കരനുള്ള നേരം ശോഭയും ഭവിച്ചീടും
ഭാസ്കരൻ ക്ഷയിച്ചെന്നാൽ ശോഭയും കുറഞ്ഞീടും.

എങ്കിലോ ദൈവമാകിൽ തന്നാൽത്താൻ ഭവിക്കേണം
കാരണമുള്ള ദേവൻ നിർണ്ണയം ദൈവമല്ല
കാരണമുണ്ടെന്നാകിൽ മുമ്പിനാൽ വസ്തുവല്ല
ആദിയുമന്യവശാൽ ദേവനു സംഭവിക്കാം
ആദിയുമന്യവശാൽ ദേവനുമുണ്ടായതു
ആ ദേവൻ പരവശനാകയാൽ ദൈവമല്ല
അനന്ത്യം സനാതനം അക്ഷോഭ്യം കൂടസ്ഥത്വം
അനാദ്യം സ്വയംഭൂത്വം സർവ്വഗുണത്വം
ആയതില്ലെന്നു വന്നാൽ ചിന്തിപ്പിൻ ദൈവത്തിനു—
മാദിയുമൊടുക്കവുമുണ്ടെന്നു വരികില്ലേ?

ആദിയുമൊടുക്കവും ദേവനുമുണ്ടാമെങ്കിൽ
ആ ദേവൻ സൃഷ്ടിയെന്നു ശാസ്ത്രത്തിൽ വരുംനൂനം.
താൻ തന്നാൽ ഭവിക്കാഞ്ഞാൽ മറ്റൊരു വശം വേണ്ടേ
ദേവനെ സൃഷ്ടിപ്പാനും ദേവനെ രക്ഷിപ്പാനും?
സൃഷ്ടിച്ചാലൊരുത്തനെ സ്രഷ്ടാവിനല്ലോ ജയം?
സ്രഷ്ടാവുമിതിൻവണ്ണം തന്നാൽത്താൻ ഭവിക്കണം
തന്നാൽത്താൻ ഭവിക്കാഞ്ഞാൽ പിന്നെ പ്രയത്നംചെയ്യാം
തന്നാൽത്താൻ ഭവിക്കുന്നോ മറ്റൊരു വശത്താലോ
സ്രഷ്ടാവുമന്യവശാൽ ഭവിച്ചുവെന്നു വന്നാൽ
സ്രഷ്ടാവും പരവശൻ പരമദൈവമല്ലാ

സഹസ്രകോടി ദൈവമുണ്ടെന്നു പറഞ്ഞാലും
സവ്ർക്കു മാദിയെങ്കിൽ നിർണ്ണയം ദേവരല്ലാ.
ദ്വിതീയ ദൈവചിഹ്നമഹത്വമായ, ശേഷം
ത്രിതീയാ പ്രോക്തും മതിം ദസ്യത്വ മമ നാഥാ.

## മൂന്നാം ലക്ഷണം

ദേവനു ഗാത്രമില്ലാ, ദേഹാംഗൽ രൂപിയല്ലാ
കേട്ടുള്ള ഗുണതത്വം ദേവന്റെ തത്വമല്ലാ.
അക്ഷയമഗോചരമക്ഷോഭ്യം ദൈവസാരം
ആകുന്നു നിത്യാഹീനമഖില ദേഹസാരം.
അരൂപവസ്തുവിന്നു സത്താവിനാശമില്ലാ
രൂപമാംസത്തയൊക്കെ നിർണ്ണയം നശിച്ചീടും
ദേവനനിത്യനല്ലാ, ദേവ നനിത്യനെങ്കിൽ
കേവലം മർത്ത്യന്മാർക്കു സവ്വേശൻ തുല്യനാകും.
ദേഹമാം സത്തയെല്ലാം അന്തരം പ്രാപിച്ചിടും
ദേഹാംശമുണ്ടെന്നാകിൽ ദേവനും ക്ഷയംവരും.
മൂത്തിയോ നിവ്വികാരഭാവമാളുന്നതല്ലാ
മൂത്തിക്കു കൂടസ്ഥത്വമെന്നുമേയുണ്ടായ്‌വരാ.
അഗ്നി, ഭൂ, ജല, മഭ്രംകൊണ്ടു നിർമ്മിച്ചവസ്തു
അത്യല്പകാലംകൊണ്ടു തന്നെത്താനഴിഞ്ഞിടും
സഹസ്രകാലാന്തരം സ്ഥിതമുണ്ടായ ചൃതം
സത്വരമിടിത്തീയിൽ തകന്നു നശിക്കുന്നു
മാനുഷഗാത്രം കാണ്മിൻ, കഠിനമൃത്യു ബലാൽ
മാണിക്കം പോയിട്ടൊക്കെ ലോഷ്ഠമായ് ചമഞ്ഞീടും
ദേവനു ക്ഷയംവരാ, ക്ഷയിപ്പാൻ പ്രാപ്തൻ ദൈവം
കേവലം സത്യശാസ്ത്രേ പരമദൈവമല്ലാ.
സാദ്ധ്യമല്ലൊരേനേരം സവ്വത്രസ്ഥിതി ചെയ്‌വാൻ
ധാത്രിയിലൊരു സ്ഥലം രൂപിക്കു പ്രാപിച്ചീടാം
സവ്വത്ര സവ്വനാഥൻ സവ്വദാ ഭവിക്കയാൽ
തനിക്കു ഗാത്രമില്ലാ ഗാത്രവുമുണ്ടായ്‌വരാ.

സവ്വേശൻ, സവ്വവ്യാപി, സവ്വാത്മസ്ഥിതൻ നാഥൻ
സവ്വജ്ഞൻ മർത്ത്യാത്മാവെ സൃഷ്ടിച്ചു സ്ഥിതിചെയ്താൻ.
സൃഷ്ടിച്ചുണ്ടായ ജീവൻ ദേഹമല്ലെന്നു നൂനം
സ്രഷ്ടാവു ദേഹമെന്നു വരുമോ നിങ്ങൾ ചൊൽവിൻ?
ദേവനു ഗാത്രമെങ്കിൽ ഗാത്രത്തിൽ രോഗമില്ലേ?
ക്രോധവും വരികില്ലേ? കാമവും മുഴക്കില്ലേ?
നിദ്രയ്ക്കു നേരംവേണ്ടേ ഭക്ഷണം കഴിക്കേണ്ടേ?
സ്ത്രീകളെ സേവിക്കേണ്ടേ? പുത്രരുമുണ്ടാകേണ്ടേ?
ഇതെല്ലാം ദേവൻ ചെയ്താൽ ദേവനുമൊരു പാപി
നേരുള്ള ശാസ്ത്രത്തിങ്കലീദേവൻ ദേവനല്ലാ
ഇതെല്ലാം ദൈവസാരം കൃത്യവുമാകുന്നെങ്കിൽ
നിഖിലമർത്ത്യന്മാരും ദേവന്മാരാകും നൂനം.
മാനുഷവൃത്തിയെല്ലാമെടുത്താൽ ദിവ്യജനം
മാനുഷവൃന്ദത്തിനു ദേവന്മാർ തുല്യരല്ലീ?
നിറഞ്ഞു ജനംകൊണ്ടു ധരണി, യതുപോലെ
നിറയും ദൈവങ്ങളാൽ പരമസ്വർഗ്ഗസ്ഥലം.
ഈവിധം കാലംതോറും മേല്ക്കുമേൽ വദ്ധിച്ചെന്നാൽ
ഇടവും വസിപ്പാനായ് സംഖ്യയുമുണ്ടായ്‌വരാം.
വഞ്ചിതാം പ്രാഹ്നജനമീ ജനമാകുന്നെങ്കിൽ
പരമദേവന്മാരുമല്ലെന്നു പറഞ്ഞാലും
അതാതുപക്ഷംപോലെ ദൈവത്വം പെരുകിയാൽ
അത്യത്ഥം പരിഹാസം പ്രാജ്ഞന്മാരെടുക്കില്ലേ?
നക്രമഹിഷങ്ങളെ പൂജിച്ചു വസിക്കുന്നു
ഭൂതലേ ചില ദിക്കിൽ അജ്ഞരാം നരാവലി
ചീനത്തുകാർ വ്യോമത്തെ, നിങ്ങളോ ശിവലിംഗം
ചിത്തേ തോന്നിയതെല്ലാം സ്ഥൂലദൈവങ്ങളായി
ചക്ഷുരാദികരംകൊണ്ടു കശ്മലവിഷയങ്ങൾ
ബലിഷ്ഠർ ധരണിയിൽ നോക്കിയിരിക്കുന്നേരം
അദ്വായസവ്വനാഥം മറന്നു ഖലന്മാരും
തങ്ങൾക്കു തുല്യമായി നിർമ്മിച്ചു ദൈവരൂപം

മാനുഷവേഷങ്ങളും വിവിധ വർണ്ണങ്ങളും
ഹാ കഷ്ടം! പങ്കമൊക്കെ ദൈവത്തെ ധരിപ്പിച്ചു

താൻചെയ്ത ദോഷത്തിന്നു സാധുത്വം വരുവാനായ്
ദേവന്മാരവരഥ ചെയ്തെന്നു കഥിക്കുന്നു.

താൻചെയ്ത ദുഷ്ടവ്യാജം കുററമല്ലെന്നു കാട്ടാൻ
കൃഷ്ണൻെറ കഥയെല്ലാം ചോരന്മാർ കേൾപ്പിക്കുന്നു.

എന്തു ഞാനുരയ്ക്കുവാൻ കഷ്ടം, ഹാ! മഹാകഷ്ടം!!
അജ്ഞന്മാർ ദൈവത്തെക്കൊണ്ടോതുന്നു ദുഷ്ടശാസ്ത്രം

നിർമ്മല ഗുണനിധേ പരമനിർവ്വികാരാ!
നിഖിലലോകനാഥാ! രത്നമേ! ജയ! ജയ!

അരൂപിയാകും ബീജം തത്വമാം ദൈവമേ നീ
രൂപമാംശേഷം ദേവർ നാസ്തിതാൻന്യൂനംനാസ്തി

## നാലാം ലക്ഷണം

കഥിക്കാംനാലാം ചിഹ്നം കേൾക്കണമെന്നാകിലോ
കൗതുകം പാരമതിൽ ചേതസി സിദ്ധിച്ചീടും

ദൈവസ്വഭാവം സാധുബുദ്ധിയിൽ നിരൂപിക്കൽ
കേവലം സാരൂപകം ദൈവമെന്നറിഞ്ഞാലും

സകലദോഷഹീനം പരമദൈവത്തിനും
സമസ്തഗുണവർഗ്ഗം ഏകസ്വരൂപത്തിനും

തരണിയെ നോക്കുവിൻ കന്മഷമേതുമില്ലാ
തെളിഞ്ഞ വ്യോമത്തിങ്കൽ സന്തതം ശോഭിക്കുന്നു

യാതൊരു ഗുണഹാനി ദേവനുമുണ്ടെന്നാകിൽ
അതിനാൽ സുഖപൂർണ്ണഭാവമില്ലെന്നുവരും.

പരമസ്വഭാവത്തിലത്യല്പഗുണംപോലും
കുറഞ്ഞാൽ ദൈവത്തിനു സർവ്വചാരുത്വമില്ല.

മോക്ഷത്തിലല്പദോഷം മാനസേഭവിച്ചെന്നാൽ
മോക്ഷത്തിൽ മോക്ഷമെന്നതില്ലെന്നുവരും നൂനം

ദേവന്നു നന്മഹാനിയുണ്ടെന്നു വരുന്നെങ്കിൽ
ദേവനല്ലെന്നു സാക്ഷാൽ സിദ്ധിപ്പാനവകാശം

അവനി പൂർവ്വത്തിങ്കൽ പരമൻ പരാപരൻ
അനന്തഗുണനെന്നു വിദ്വാന്മാരരുളംചെയ്തു

അധുനാ സർവ്വഗുണമദ്വയൻ തമ്പുരാനിൽ
ഇല്ലെന്നു മൂർഖന്മാർക്കു പറവാനെന്തു ന്യായം?

തത്വാത്ഥപൂർത്തിയത്ര ഗുണാഗുണാത്ഥംയത്ര
തത്രദോഷഹീനാദിയുണ്ടെന്നു ബോധിച്ചാലും!

അനന്തഗുണവർഗ്ഗം പരമദൈവംതന്നിൽ
അടങ്ങിയിരിക്കയാൽ കന്മഷമേതുമില്ല

നിർമ്മലദൈവമോർത്താൽ മനശ്ശോകാദിമഹാ
വികാരവിഹീനനും ക്രോധദ്വേഷഹീനനും

മാനുഷകുറവുകളില്ലെടോ ദൈവത്തിന്നു
മായമൊഴിഞ്ഞു തുലോംനിർമ്മലത്വം പ്രാപിപ്പൂ

സർവ്വജ്ഞന,നാമയൻ പരമൻ,പരാപരൻ
സർവ്വേശനക്ഷുഭിത,നദൃശ്യൻ നിരുപമൻ

അനാദ്യൻ നിർവ്വികാരി സകലദോഷഹാരി
നിഷ്കളൻ സർവ്വവ്യാപി സ്രഷ്ടാവു ഗുണനിധി

വിഷ്ടപത്രയകാന്തി,സർവ്വകാരണൻ ശാന്തൻ,
അനന്തൻ, നിരാഖ്യാനൻ, ഏകസ്വരൂപൻ, നാഥൻ,

വ്യക്ത,നവ്യക്തൻ നിത്യൻ സാരമായുള്ള സാരം
മുഖ്യൻ സക്തിവിയുക്തൻ, വിമുക്തൻ, ഹൃദിസ്ഥിതൻ

അദ്വയൻ ദൈവമേവം വിശ്വതത്വാത്ഥംതന്നിൽ
അടക്കിസദാകാലം അത്യന്തം ശോഭിച്ചീടും.

അതിന്നു നീക്കംവരാ തത്വമാം ദൈവത്തിന്നു
തത്വാത്ഥവിനാശനം വരുവാൻ മാർഗ്ഗമില്ല.

താൻതന്നാൽ ഭവിക്കുമ്പോൾ താൻതന്നെ മുടിക്കുമോ
കാരണംകൂടാതെടോ ഭാഗ്യവിനാശമുണ്ടോ?

പരമദൈവത്തിന്നു തനിക്കുതന്നെ നാശം
വരുത്താൻവശമെങ്കിൽ പരമദൈവമല്ല,

പരമദൈവത്തിനു ബാഹ്യമായുള്ളവശാൽ
യാതൊരുകാലം നൂനമസ്തിത്വക്ഷയംവരാ
അറിയുമൊട്ടുക്കവും തനിക്കില്ലാത്തമൂലം
ആ ഭാവം ദൈവത്തിനു വരുവാനിടയില്ല.
എന്തിനേറെപ്പറവൂ പ്രസ്തുതദോഷഹീനൻ
ദൈവമെന്നു ധരിച്ചാൽ കൃത്രിമദൈവമല്ലാ.

## അഞ്ചാം ലക്ഷണം

പഞ്ചമചിഹ്നമിതിശ്രുണോതു സജ്ജനമേ!
പ്രശസ്ത ഗുണസാരമേധയാഗ്രഹിച്ചീടാം
പ്രസംഗം ഭൂതങ്ങളിൽ ഓരോരോ ചേർച്ച കണ്ടാൽ
പ്രസിദ്ധമാകും നൂനം പരമദൈവജ്ഞാനം
ബ്രദ്ധ്നൻ, ഹിമാംശു, കുജൻ, ഭാർഗ്ഗവൻ, ബുധൻ, പംഗു,
ഗ്രഹങ്ങൾ, രാഹുകേതു ഭീഷണധൂമകേതു
മിത്രപാശവർത്തികൾ ചന്ദ്രപുരോഗന്മാരും
മിന്നുന്ന സമവായം സാരസ്യവ്യോമസാരം
അത്യർത്ഥസമീലനം വിസ്മിതകാർത്സ്യംതാനും
അംബരേപരസ്പരം പ്രസംഗമഹാചിത്രം
നഭസ്യമദ്ധ്യേമിത്രൻ, ഗഭസ്തിപ്രമോചനം
ചെയ്യുന്നഗ്രഹങ്ങൾക്കു സുഷമകൊടുപ്പാനായ്
ഗ്രഹങ്ങളതിൻ വണ്ണമരുണരശ്മിപോലും
ഗ്രഹിപ്പാൻ ചുററിച്ചുററി സന്തതം ചരിക്കുന്നു.
ഓരോരോ ഗ്രഹം മുമ്പേ കല്പിച്ച ഭ്രമണത്താൽ
ചേരുന്ന ലഘുതത്തിൽ കേവലമെത്തീടുന്നു
ആദിയിൽ ദൈവംസ്ഥിതി നല്കിയവണ്ണംതന്നെ
ആമയം കൂടാതവർ ആകാശേ ഗമിക്കുന്നു
ലോലധരിത്രിതാനുമോട്ടുമ്പോൾ രാശിതോറും
കാലവിശേഷംനിത്യംകൂടവേ വഹിക്കുന്നു

ത്രിദശനാഴികയിൽ പശ്ചിമപൂർവ്വധാത്രി
തിരിഞ്ഞുരണ്ടായ്‌രാവും പകലുംഭേദിക്കുന്നു
തരണീം ദർശിക്കുന്ന ധരണി പ്രതിമുഖേ
ധരണീചരന്മാർക്കു ദിവസംഭവിക്കുന്നു.
അന്യമാമർദ്ധമുഖേ രശ്മി ചെല്ലായ്കമൂലം
അവിടെ വസിക്കുന്ന പത്മജനാനാംരാത്രി
ധാത്രീടെയിടയിലും മിത്രന്റെയിടയിലും
ചന്ദ്രൻ താൻ ചെന്നുചേന്നാൽ ഗ്രഹണംഭവിച്ചീടും
എതിർത്താൽ മൂവർക്കുടി, ചന്ദ്രന്റെ വിഘ്നംകൊണ്ടു
തൽക്കാലം ധാത്രിമേലുമരുണരശ്മിവരും.
അരുണരശ്മിഭൂമൌമദ്ധ്യാഹ്നേ ചെന്നില്ലെങ്കിൽ
മദ്ധ്യാഹ്നേ ഭൂമിതന്നിൽ തമിസ്രംഭവിച്ചീടും
ഇത്യാദിഗ്രഹലീലാലോകപ്രമുഖത്തിലും
ഇപ്പോഴും മേലിലേക്കും നടന്നുവരും നൂനം.
ആകാശേ നിരന്തരം മിന്നുമീ ഗ്രഹങ്ങളിൽ
അസ്ഥിരത്വം, ഭവംശോഭാപ്രസക്തിവന്നു യഥാ
അംബരം നോക്കീടുകിൽ തെളിഞ്ഞരാത്രിനേരം
അവററ ദൈവചിത്രമെന്നതു പറകില്ലേ?
ധരണി, സരിൽപതി ശിശിരവൃഷ്ടിവീഥി
കുകുഭം, ലോഹം, ഗിരി, ശകുനി, മൃഗജാതി
മനുഷ്യവർഗ്ഗത്തിന്നു നാഥന്റെ സർവ്വജ്ഞാനം
മഹിയിൽ പലവിധം സദാ നിവേദിക്കുന്നു.
സൂക്ഷിച്ചാലധോഭാഗേ ഭൂചരണങ്ങളൊന്നായ്
അത്യല്പഭൂതങ്ങളിൽ ശോഭിപ്പൂ ദൈവവിധി
സരഘാ, മിന്നാമ്മിന്നി കുക്കുടം കികീദിവി
കേകിതാൻ ദ്വിജശ്രേഷ്ഠൻ നാഥന്റെ കരചിത്രം
മൃഗങ്ങളും പലജാതി ജാതികളുമൊരു വൃന്ദം
വൃന്ദത്തിലൊരു യുഗ്മം യുഗ്മത്തിലൊരു പുമാൻ
ഓരോരോ വൃന്ദത്തിനു വർണ്ണസ്വഭാവംവിധി
നിദാനം, പരിണാമം, നിയതം തുല്യമത്രേ

ആദിത്യൻ ധരണിക്കും ചന്ദ്രനും ജീവബലം
കൊടുത്തു മൂവരുമായ് സസ്യാദി നിർമ്മിച്ചീടും
നിർമ്മലകുസുമങ്ങൾ കോമളവൃക്ഷങ്ങളും
അരുണരശ്മികൊണ്ടു പൂക്കുന്നു കാലംതോറും
ലോഹിതസരോരുഹം പ്രസൂനരാജിതാനും
കുന്തളം ജലേ പൊക്കി നാഥനെ വന്ദിക്കുന്നു
പാർത്ഥിവധൂമംമിത്രൻ കരേററി വ്യോമത്തിങ്കൽ
നിപാതം ചെയ്യുവെന്നാലമിതവൃഷ്ടി പെയ്യും
ലോകപ്രസാദം തദാനീമിതി നിജപ്രീത്യാ
സിദ്ധിച്ചു ഭക്തഭോജ്യാൽ നരക്ഷുൽ നശിക്കുന്നു
ഇത്ഥംഭൂജലമപി നാഥന്റെ വിധിപോലെ
സകല മർത്ത്യന്മാർക്കും ചെയ്യുന്നു ദാസ്യകർമ്മം
ആയതു മൂർത്തദൈവമല്ലെടോ നിർമ്മിച്ചതു
അഭാവം തത്വമാക്കിച്ചമച്ചു വിശാലമായ്
തനിക്കില്ലാത്ത വസ്തുവൊരുത്തൻ കൊടുക്കുമോ?
തനിക്കുള്ളതിലുമൊട്ടധികം കൊടുക്കുമോ?
ആഖ്യാനദേവരെല്ലാം മാനുഷകരാവൃത്തം
അത്യല്പവശമില്ലാജ്ഞാനവുമൊന്നുമില്ല.
ദാരുവായ് ഭവിച്ചവർ ദാരുവായ്ത്താൻഭവിക്കും
നയനമുണ്ടുപോലും, ലോചനഹീനർ താനും
ആഖ്യാനദൈവമൊക്കെ പ്രാപിച്ചശ്രോത്രംഭുജം
എങ്കിലും ഗ്രുണമില്ലാ ശബ്ദത്തിൽ വശമില്ല
പാണിയാൽ സ്പർശമില്ല, രഞ്ജാസുഖവുമില്ല
നില്ക്കുന്നു സ്ഥൂലമരം, ജീവിതമേതുമില്ല.
സർവ്വജ്ഞനേകനാഥൻ അരൂപിഭവിക്കയാൽ
സ്വവശാൽ ചരാചരരാജിയെ സൃഷ്ടിചെയ്തു.
പ്രാണനെത്താനുണ്ടാക്കി സൃഷ്ടിച്ച ധരണിയിൽ
പരമബോധജ്ഞാനം സന്തതം കാട്ടീടുന്നു.
നിഖിലഭൂതങ്ങളിൽ അളവു, സംഖ്യാഭാരം
നിദാനം പരിചിതംനല്കിനാൻ ലോകനാഥൻ

## ആറാം ലക്ഷണം

സ്ഥലത്തിലടങ്ങാത്ത സൎവ്വേശൻ സൎവ്വവ്യാപി
വിഷ്ടപത്രയപൂൎണ്ണൻ, അശേഷഭൂതപാലൻ
ആമയം തനിക്കില്ലാ സൎവ്വചരാചരത്തെ
പാലിപ്പോൻ, നിൎവ്വികാരൻ പരമൻ, പരാപരൻ
അനാദ്യൻ, സൎവ്വശൻ സൎവ്വദാ സൎവ്വവ്യാപി
ആകയാൽ സൎവ്വസ്ഥലേ ബലത്തിന്നററമില്ല
ബാഹ്യമായുള്ളവശാൽ ശക്തികൾ സ്ഥലങ്ങളിൽ
അററമുണ്ടെന്നുവന്നാൽ സ്വവശനല്ലാന്യനം
രൂപമുള്ളൊരു വസ്തുവൊരിടം പ്രാപിക്കുന്നു
അരൂപി സൎവ്വലോകേ നിയതം ഭവിക്കുന്നു
മാനുഷനിരൂപണം ധാത്രി നരകംമാനം
നടക്കുമെന്നപോലെ സർവ്വേശൻ സർവ്വലോകം
മാനുഷനിരൂപണമൊരിടത്തടങ്ങീടാ
അവ്വണ്ണമൊരുസ്ഥലേ ദൈവവും കൊള്ളുന്നില്ല
യാതൊരു ബാഹ്യവശാലടങ്ങും ദൈവമെങ്കിൽ
ആ ദൈവം പരവശനാകയാൽ ദൈവമല്ല.
സർവ്വേശസമ്മുഖത്തിൽ സർവ്വവും ഭവിക്കുന്നു.
സ്വമനമൊപ്പാനൊരു ചലിതപത്രമില്ല
സാഗരസർവ്വബിന്ദു ഭൂധൂളി, നരകേശം
അംബരതാരങ്ങളും സൎവ്വജ്ഞൻ സൂക്ഷിക്കുന്നു
മാനുഷചിത്തം ഭാവം നിനവു, കൎമ്മം, പാപം
മായകം പരമാൎത്ഥമറിയും ലോകനാഥൻ
സൎവ്വജ്ഞൻ പരാപരനാകയാലക്ഷുഭിതൻ
സൎവ്വദാനിൎവ്വികാരം നിയതം പ്രാപിച്ചിടും
സൎവ്വഗുണാൎത്ഥമായും സൎവ്വചാരുത്വമായും
പരമവസ്തുവിന്നൊരന്തരം വരാന്യനം
അന്തരമേല്ക്കാമെങ്കിൽ സൎവ്വചാരുത്വമില്ല.
ദേവനുമതിൻവണ്ണം പരമഗുണമില്ല

എങ്കിലോ ദൈവമാകിൽ സർവ്വജ്ഞ,നക്ഷുഭിതൻ
അനന്തനേകനാഥൻ ഭവിച്ചേ മതിയാവു.

സർവ്വേശഷ്ടചിഹ്നമേവം ഞാനുരചെയ്ത
സാരമായുള്ളതെല്ലാം ഗ്രഹിപ്പാൻ നോക്കിക്കൊൾവിൻ.

അനാദ്യനേകനാഥൻ സാരമായുള്ള സാരം
ആകയാൽ വേറെ ന്യായമുണ്ടാവാൻ ന്യായമില്ല.

അദ്വയ ദൈവത്തിന്നായദ്വയ വന്ദനവും
ചേരുന്നു, വ്യാജം മേലാ പരമസ്നേഹത്തിങ്കൽ

പരമനേകനാഥൻ പരമസ്തോത്രം വേണ്ടേ?
സർവ്വേശനേകൻ ദേവൻ, ഏകനേ വന്ദിക്കേണ്ടേ?

തനിക്കടുത്ത സ്തുതി പുറത്തു കൊടുക്കുമ്പോൾ
അനന്തദൈവത്തിന്നുമപ്രിയ മുണ്ടാകില്ലീ?

യാതൊരു ഭൂമി, രാജൻ സ്വപാലനം ചെയ്താൽ
പരമബഹുമാനം തനിക്കുതന്നെ വേണം

മററുള്ള ജനത്തിനും, തന്നുടെ മാനം ഭൂമൗ
കൊടുപ്പാൻ നൃപന്മാർക്കു സമ്മതമുണ്ടോ ചൊൽവിൻ.

മററുള്ള ദേവന്മാരെ നിങ്ങൾ വന്ദിപ്പതിനും
ഏകസ്വരൂപമായ ദേവനുമിഷ്ടമില്ല.

സർവ്വജ്ഞൻ, സർവ്വവ്യാപി സർവ്വേശനേകനാഥൻ
ആകയാൽ തനിക്കത്രേ നമനപൂർണ്ണം വേണം.

പുണ്യരാം ജനത്തിനു പൂജനം ചേരുമെന്നാൽ
സർവ്വാരാധനാനമ, സ്സുടത്തതല്ലതാനും

സൃഷ്ടിയിൽ സ്രഷ്ടാവിലുമനന്ത ഭേദമുണ്ട്;
പുണ്യരാം ജനമൊക്കെ മോക്ഷത്തിൽ വസിച്ചാലും

സർവ്വേശസൃഷ്ടിപ്പുകൾ മറെറാന്നുമല്ലതാനും
അവർ ചെയ്ത ഗുണങ്ങൾ നാമും സന്തതം ചെയ്താൽ

ആ ഗുണങ്ങൾ നമുക്കും സിദ്ധിപ്പാനവകാശം
രാജാവിൻ സമ്മുഖത്തു ഭൃത്യന്മാരെന്നപോലെ

മാനത്തിൽ പുണ്യജനം മാററുന്നു നരപീഡ
പുണ്യരാം ജനത്തിനു രൂപങ്ങൾ തീർക്കും ഞങ്ങൾ

പരമപൂജചെയ്‌വാൻ തടസ്സമുണ്ടുതാനും
അനന്തനാഥനത്രേ നിർമ്മലപൂജ ചെയ്‌വാൻ

അർച്ചിതന്മാർക്കു സ്തുതിചൊല്ലുവാൻ ന്യായവിധി
അധുനാ നിങ്ങൾതന്നെ നിങ്ങടെ ദേവന്മാരെ
സൂക്ഷിച്ചു പരിച്ഛേദം ചൊല്ലുവാൻ നോക്കിക്കൊൾവിൻ
ബ്രഹ്മാവു, വിഷ്ണു, ശിവൻ ജനിച്ചുവെന്നു നിങ്ങൾ
ചൊല്ലുന്നി, താദിയുണ്ടു നിങ്ങടെ ദേവന്മാർക്കു
സംഭവം, ഭാഗവതം, പ്രശസ്ത രഘുവംശം
സമസ്ത ദേവന്മാർക്കും പ്രഭവം കല്പിക്കുന്നു.
പ്രഭവമുണ്ടെന്നാകിൽ മുമ്പിനാൽ വസ്തുവല്ല
സത്തയുമന്യവശാലായവർ ധരിച്ചതു്
സത്തയുമന്യവശാൽ ദേവന്മാർ ധരിച്ചെങ്കിൽ

ശാസ്ത്രത്തിൽ സൃഷ്ടിയത്രേ മറ്റൊന്നുമല്ലനൂനം
തന്നാൽത്താൻ ഭവിക്കാതെ ബ്രഹ്മാവു, വിഷ്ണു, ശിവൻ
ദൈവത്വം മേടിച്ചവർ കാമുകീനാരിയോടും
നാരിതാൻ പരശക്തി പരമദൈവമല്ല
ആദിയും കാരണവും തനിക്കുമുണ്ടായത്രേ
ഇങ്ങനെ ദേവന്മാരെ അത്യന്തം പെരുക്കുന്നു
നിങ്ങൾ സത്യദൈവത്വം നിങ്ങൾക്കില്ലെന്നു നൂനം
സ്ത്രീപുമാന്മാരാം ദേവരുണ്ടെന്നു ചൊല്ലും നിങ്ങൾ
ക്ലീബക ദൈവവുമില്ലാത്തതെന്തെന്നു ചൊൽവിൻ
നിങ്ങടെ ത്രിത്വംതന്നെ ത്രിമൂർത്തി മൂന്നുദേഹം

മൂവർക്കും വേറെ വേറെ ചിത്തവും സ്വഭാവവും
മൂവർക്കും ബലം സമമുണ്ടായ കാരണത്താൽ
മൂവരും പലകുറി പിണങ്ങി പരസ്പരം
അനന്തബലം സമം മൂവർക്കുമുണ്ടെന്നാകിൽ
അന്തരം പരസ്പരം അന്തവും വരികില്ലീ
മൂവരും തുല്യരെങ്കിൽ അവരിൽ പരാപരൻ
സത്യമാം ശാസ്ത്രത്തിലേ ഇല്ലെന്നുവരും നൂനം
മൂവരതുല്യരെങ്കിൽ പരമൻ ദൈവമാകും

മററവർ കുറഞ്ഞവരാകയാൽ ദേവരല്ല
മൂർത്തിക്കുമററമുണ്ടു ദേവന്മാർ മൂർത്തിയെങ്കിൽ
മൂവരുമളവുള്ള ദേവന്മാരാകും നൂനം
മൂർത്തിക്കു ക്ഷയംവരും മൂവരും മൂർത്തിയെങ്കിൽ
മൂവരും ക്ഷയിക്കില്ലേ ദൈവത്വം നശിക്കില്ലേ?
മൂർത്തികളൊരു സ്ഥലേ നിയതമടങ്ങിടും
ദേവന്മാർ മൂർത്തിയെങ്കിലൊരിടം പ്രാപിച്ചിടും
പ്രാപിച്ചാലൊരു സ്ഥലം സർവ്വലോകപാലനം
ബ്രഹ്മാവിഷ്ണുശിവന്മാർ ചെയ്യുന്നതഥ ചൊൽവിൻ
ആദിയും വിനാശവും പരമഗുണഹീനം
ആകയാൽ ദേവന്മാർക്കു ചേരുന്ന സാരമില്ല;
ആദിയും വിനാശവും നിങ്ങടെ ദേവന്മാർക്കു
അടുത്തതാകുംമൂലം പരമദേവരല്ല
തത്വമാം ദൈവംസദാ ഭവിക്കും പരാപരം
ദൈവമായ് പരബ്രഹ്മമുണ്ടെന്നു ചൊല്ലും നിങ്ങൾ
എങ്കിലോ ശേഷം മൂവർ പരമദൈവമല്ല.
പരമദൈവത്തിനും അദ്വയമല്ലോ സാരം
ഭവിക്കിൽ പരബ്രഹ്മമദ്വയനാകും നൂനം
അദ്വയൻ പരബ്രഹ്മനാകയാൽ ശേഷം മൂവർ
അദ്വയഹീനരെന്നു നിർണ്ണയം വരികില്ലേ?
എങ്കിലോ ബുദ്ധിധ്വാന്തം നിഖിലമനോമാന്ദ്യം
ത്യജിച്ചു സത്യമായ ശാസ്ത്രത്തെ ഗ്രഹിച്ചാലും
ആദികാരണം നാഥാ, നൊരുത്തനത്രേയുള്ളൂ
ആ ദൈവമല്ലാതിഹ ദേവന്മാരില്ലനൂനം
ഏകനിൽ മൂന്നുപേരും മൂവർക്കുമേകചിത്തം
സ്വഭാവമൊന്നുതന്നെ ബലവും വിജ്ഞാനവും
മൂവർക്കുമൊരുചിത്തം സ്വഭാവം വിധിധർമ്മം
ആകയാൽ മൂന്നുപേരുമേകനാഥനാണത്രേ
ഏകാത്മം, ബോധം, ചിത്തം, നിനവും ഭവിക്കുന്നു
അവ്വണ്ണം മൂവർകൂടി ഏകനായിരിക്കുന്നു

ഏകൻതാനാകും മൂലമദ്വയൻ പരാപരൻ
നിഖിലഗുണധാരി സകലദോഷഹാരി

ലോകപ്രമുഖത്തിങ്കൽ നിർമ്മിച്ചു മാനുഷനെ
കൃത്യവുമകൃത്യവും തിരിപ്പാൻ ബോധംനല്കി

സൽക്കർമ്മത്തിനു മോക്ഷം കല്പിച്ചു ലോകനാഥൻ
ശാസിതും ദുഷ്ടകർമ്മം നരകം താനുണ്ടാക്കി

പ്രഥമപുമാനാദം ഭൂലോകമായമൂലം
നാഥനെ മറന്നാറെ വേഗമജ്ഞാനമേററു

അവന്റെ ദോഷത്തിനാൽ സമസ്തകാരണാബ്ധി
നാഥൻ താനീ ഭൂമിയിൽ മാനുഷവേഷമേററു

മാനുഷവേഷമേററു നരകാൽ മനുഷ്യരെ
രക്ഷിപ്പാൻ ഭൂമിതന്നിലവതരിച്ചു നാഥൻ

അവതരിച്ച ദൈവം ശ്രീനാരായണനെപ്പോൽ
കൂർമ്മവും വരാഹവും സിംഹവുമല്ലതാനും.

ശ്രീനാരായണനെപ്പോൽ ദുഷ്ടമൂത്തികൾവഴി
അജ്ഞാനം ലോകത്തിങ്കൽ നടത്തിച്ചില്ല നാഥൻ

ജനിച്ചു നമ്മെപ്പോലെ കൃഷ്ണന്റെ ദുഷ്ടലീല
നിർമ്മലനായ ദേവൻ പ്രയോഗിച്ചില്ലതാനും

നമൃഷമവതാരം ധരിപ്പാനെന്തു ന്യായം.
മൃഗത്തിൻ വേഷമെല്ലാൻ ചിതവുമുണ്ടോ ചൊൽവിൻ

നമൃഷമവതാരം ധരിച്ചു വിഷ്ണുദേവൻ
വിവിധ മൃഗം പുക്ക ഗോവിന്ദൻ നാരായണൻ

പരമദൈവം കോലമാകാമോയെന്നു ചൊൽവിൻ
പരമദുഷ്ടജനം ലോചനഹീനന്മാരെ!

മാനുഷരായ നിങ്ങൾ ദൈവത്വം മൃഗമാക്കി
മാനുഷകുലമാനം മൂടത്വാൽ മുടിക്കുന്നു

ന്യായധീ കുറഞ്ഞവരിന്ദ്രിയ സൈന്യങ്ങളാൽ
ബോധന്യായ വിചാരം കളഞ്ഞ കാരണത്താൽ

മാനുഷയോഗ്യതയെ മറന്നു മൃഗത്തിനു
തുല്യരായ് ധരണിയിൽ നിയതം വസിക്കുന്നു

എങ്കിലോ മായംനീക്കി നസ്രാണിവേദത്തിലെ
കല്പിച്ച ശാസ്ത്രം നിങ്ങറം പഠിപ്പാൻ ശങ്കിക്കല്ലേ
സൎവജ്ഞനെ നിനച്ചാൽ സൎവജ്ഞൻ ദീപ്തിനല്കും
സൎവരും നേർപന്ഥാവെത്തരണം ചെയ്യുംനൂനം
ഇക്ഷിതി കാരണാബ്ധി മമ ലേഖനമാപ്തി
രക്ഷതന്റ് മമാദ്ധ്യാനം യത്രഭാഷിതാദ്ധ്യാനം
സൎവജ്ഞാ ധ്വാന്തഹന്താ ബാലിശ ധ്വാന്തമാന്യം
സൎവേശ നിഹനതാൽ തവ പരമധാമാൽ.

ഇതി ദേവസ്യഷഷ്ഠചിഹ്നഗാനം സമാപ്തം

ദേവമാത്രേ നമഃ ശുഭമസ്തു

LIBRA
155 41

# തിരുത്ത്

| പുറം | വരി | തെററ് | ശരി |
|---|---|---|---|
| 10 | 13 | പൗലീനോസ് | ഒരാളായി പൗലീനോസ് |
| 14 | 15 | (കഴിഞ്ഞു്) | II |
| 19 | 16 | (കഴിഞ്ഞു്) | III |
| 20 | 11 | വിമശ്നാത്മകവുമായ | വിമശ്നാത്മകമായ |
| 22 | 2 | 1797 | 1791 |
| 26 | 19 | ആൽകാററിൽഡ്യ് | ആൻകാററിൽ ഡ |
| 29 | 8 | നൺസ് | ഹൺസ് |
| 32 | 13 | കഴിഞ്ഞു് | IV |
| 38 | 29 | സംഗ്രഹി | സംഗ്രഹം |
| 39 | 14 | ആദ്യം | 23 |
| 40 | 29 | അവംലംബി | അവലംബി |
| 41 | 2 | (കഴിഞ്ഞു്) | V |
| 42 | 5 | ഡിബർത്തലോമ്യോ | ഡി ബത്തലോമ്യോ |
| 43 | 4 | സ്റ്റൻറയിൽ | സ്റ്റൻറയിൻ |
| | 20 | 1972 | 1792 |
| 48 | 8 | ദൈവാലായവും | ദൈവാലയവും |
| | 13 | പ്രേക്ഷിത | പ്രേഷിത |
| 49 | 7 | പൗരസ്ത്യർ | പൗരസ്ത്യ |
| | 20 | (കഴിഞ്ഞു) | VI |
| 50 | 6 | III 57 | III 5 |
| | 9 | ലത്തീൻെറ | ലത്തീൻ |
| | 12 | IV 25 | IV 24 |
| | 21 | IV 28 | IV 22 |
| 51 | 17 | ഇതിനും | ഇതിനു |
| | 19 | 200 | 240 |
| 52 | 6 | നല്പരം | തല്പരം |
| | 21 | ഗൃഹങ്ങളെ | ഗ്രഹങ്ങളെ |
| 53 | 6 | മഹാസത്യത്ഥ | മഹാനത്യത്ഥ |

# പൗലിനോസ് പാതിരി

എം. ഒ. ജോസഫ്, നെടുങ്കുന്നം

കേരളത്തിൽ വന്നിട്ടുള്ള പാശ്ചാത്യമിഷനറിമാരിൽ പാണ്ഡിത്യംകൊണ്ട പ്രഥമഗണനീയനാണ് മലയാള ഭാഷയ്ക്കു മറക്കാനാവാത്ത സംഭാവനകൾ നല്കിയിട്ടുള്ള പൗലീനോസ് പാതിരി. മലയാളഭാഷയുടെ പരമോപകർത്താക്കളിൽ ഒരാളായ അദ്ദേഹമാണ് മലയാളം എന്നൊരു ഭാഷയും അതിനു മനോഹരമായ ഒരു സാഹിത്യവും ഉണ്ടെന്നു് ഇദംപ്രഥമമായി പാശ്ചാത്യരെ മനസ്സിലാക്കിയതു്. ദേശചരിത്രം, സമുദായചരിത്രം, ഭാഷാശാസ്ത്രം മുതലായ വിഷയങ്ങളിൽ, വിവിധഭാഷകളിൽ അദ്ദേഹം രചിച്ചിട്ടുള്ള ഒരുനൂറിലേറെ കൃതികളുടെ ഒരു പഠനമാണ് ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കം. ഈ കൃതികൾ, പ്രത്യേകിച്ച കൈയെഴുത്തുപ്രതികൾ, എവിടെ സൂക്ഷിച്ചിരിക്കുന്നുവെന്നും അവയുടെ ഉള്ളടക്കം എന്താണെന്നും വായനക്കാർക്ക മനസ്സിലാക്കുവാൻ സാധിക്കുന്നു. പൗലീനോസിൻെറ കൃതികളെപ്പററി ഇത്ര സമഗ്രമായ ഒരു പഠനം ഇതിനുമുൻപ് ആരെങ്കിലും നടത്തിയതായി അറിവില്ല. പൗലീനോസിൻെറ ഭാഷാകൃതികളിൽ അതിപ്രസിദ്ധങ്ങളായ ത്രേസ്യാചരിതം, ദേവസ്യഷഷ്ഠചിഹ്നഗാനം എന്നീ ഖണ്ഡകാവ്യങ്ങൾ ആദ്യമായി പ്രസിദ്ധീകൃതമാകുന്നതും ഈ പുസ്തകത്തിലൂടെയാണ്. മഹാനായ ഈ പണ്ഡിതൻെറ ജീവിതത്തെയും സാഹിത്യപരിശ്രമങ്ങളെയും ഭാഷാസ്നേഹികൾക്ക പരിചയപ്പെടുത്തിക്കൊടുക്കുവാനുള്ള ഒരു യത്നമാണ് ഈ ഗ്രന്ഥംവഴി ചരിത്രഗവേഷകനായ ശ്രീ എം. ഒ. ജോസഫ് സാധിച്ചിരിക്കുന്നതു്.

വില 2 രൂപ

ജനതാബുക്ക്സ്ററാൾ, തേവര–682013

# പൗളീനോസ് പാതിരിയുടെ കൃതികൾ



Fr. Pauline of St. Bartholome, O. C. D.,

എം. ഒ. ജോസഫ് നെടുങ്കുന്നം

Indic Digital Archive Foundation
gpura.org